2014 മാർച്ച് 10 വാല്യം 07 ലക്കം 05

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# ഒടുവിൽ യോംഗിചോയ്ക്കും പിടിവീണു

## വൻ അഴിമതി മകനും ജയിലിൽ



യോംഗി ചോ





ചോ ഹീജൻ

**ലോ**കത്തിലെ ഏറ്റവും വലിയ പെന്തക്കോസ്തു സഭയുടെ സ്ഥാപക പാസ്റ്റർ ഡേവിഡ് യോംഗിചോയ്ക്ക്, 78 വയസ്, സിയോളിലെ ഒരു ജില്ലാകോടതി സാമ്പത്തിക ക്രമക്കേടിന് മൂന്ന് വർഷം തടവ് വിധിച്ചു. പത്ത് ലക്ഷത്തിലധികം അംഗങ്ങൾ ഉള്ള ചോയുടെ യോയിഡോ ഫുൾ ഗോസ്പൽ ചർച്ച് ഏ. ജി. യുടെ ഒരു അഫിലിയേറ്റാണ്. തടവിന് പുറമേ 50 മില്യൺ ഡോളർ പിഴയടക്കണം. യോംഗിചോയും മകൻ ചോ ഹിജനും ചേർന്നാണ് സഭാ ഫണ്ട് തങ്ങളുടെ വ്യക്തിപരമായ ബിസിനസ്സ് താത്പര്യങ്ങൾക്ക് വേണ്ടി ദുരുപയോഗിച്ചത്. മകനും മൂന്ന് വർഷം തടവ് കോടതി വിധിച്ചു. ചോ ഹീജന്റെ നഷ്ടത്തിലായ മാധ്യമ കമ്പനിയുടെ ഓഹരിപ്പത്രങ്ങൾ മാർക്കറ്റ് വിലയുടെ നാലിരട്ടി വിലയിൽ വാങ്ങാൻ യോയിഡോ ചർച്ചിന്റെ ഫണ്ട് ഉപയോഗിച്ചു എന്നതാണ് യോംഗിചോയിൽ ആരോപിക്കപ്പെട്ട കുറ്റം. ഇതിനെതിരെ യോയി ഡോ ചർച്ചിലെ തന്നെ മുതിർന്ന വിശ്വാസികൾ ചോയെ പ്രതിയാക്കി കോടതിയെ സമീപിക്കുകയായിരുന്നു. നികുതി വെട്ടിപ്പും ചോയിൽ ആരോപിക്കപ്പെട്ട കുറ്റമാണ്. മകന്റെ കമ്പനിയുടെ ഓഹരിപ്പത്രങ്ങൾ ഭീമമായ വിലക്ക് സഭാ വാങ്ങുന്നതിന് മൂപ്പന്മാർ എതിരായിരുന്നു. എന്നാൽ മകനെ കടക്കെണിയിൽ നിന്ന് രക്ഷിക്കേണ്ടത് തന്റെ കടമയാണെന്നായിരുന്നു അന്ന് ചോയുടെ പ്രതികരണം.

2011-ൽ ആണ് ചോ അന്വേഷണ ഏജൻസികളുടെ കണ്ണിൽ പെട്ടത്. തന്നെ താറടിക്കാൻ സഭയിലെ ഒരു ചെറു വിഭാഗം ആളുകളുടെ ശ്രമമാണ് ഈ കേസെന്ന് ചോ അന്ന് മാധ്യമങ്ങളോട് പറഞ്ഞിരുന്നു. എന്നാൽ സഭാ അധികൃതരുടെ പരാതിയിൽ വാസ്തവം ഉണ്ടെന്ന് ചോയ്ക്കു കിട്ടിയ ശിക്ഷ സൂചിപ്പിക്കുന്നു.

വിശ്വാസത്തിന്റെ അത്ഭുതരേഖയിലൂടെയും നാലാം തലത്തിലൂടെയും ക്രൈസ്തവ ലോകത്ത് പ്രസിദ്ധനായ ചോയുടെ പല ഉപദേശങ്ങളും നിർഭാഗ്യവശാൽ ബൈബിൾ പരിധിക്ക് പുറത്തായിരുന്നു. എന്നിരുന്നാലും ഇത് പ്രചരിപ്പിക്കാനും ചോയെ ചുമക്കാനും ഇന്ത്യയുൾപ്പെടെ രാജ്യങ്ങളിൽ ആളുകൾ ഉണ്ടായി.

04

## 32–ാമത് പിസിനാക്ക് ഒരുക്കങ്ങൾ പുരോഗമിക്കുന്നു



**അ**മേരിക്കയിലെയും കാനഡയിലെയും മലയാളികളായ പെന്തക്കോസ്തു വിശ്വാസികളുടെ പൊതുവേദിയായ പിസിനാക്കിന്റെ 32–ാമത് സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. 2014 ജൂലൈ 3മുതൽ 6 വരെ മിഷിഗണിലെ ലാൻസിംഗിലാണ് കോൺഫറൻസ് നടക്കുന്നത്. മികച്ച സൗകര്യമുള്ള ലാൻസിംഗ് കൺവൻഷൻ സെന്ററിലാണ് ഇത്തവണ സമ്മേളനങ്ങൾ നടക്കുന്നത്. ഇതിനോടനുബന്ധിച്ചുള്ള റാഡിസൺ ഹോട്ടലിലാണ് താമസസൗകര്യം ക്രമീകരിച്ചിരിക്കുന്നത്. മികച്ച താമസം മെച്ചമായ ഭക്ഷണം, സൗകര്യപ്രദമായ യാത്രാക്രമീകരണങ്ങൾ തുടങ്ങിയവ ഒരുക്കുന്നതിൽ സംഘാടകർ വിജയിച്ചിരിക്കുന്നു.

ലോകപ്രശസ്തരും അനുഗ്രഹീതരുമായ ശുശ്രൂ

07

## പാസ്റ്റർ വിൽസൺ ജോസഫ് അന്തരിച്ചു



**ചെന്നൈ:** ദി പെന്തക്കോസ്ത് മിഷൻ സഭയുടെ ചീഫ് പാസ്റ്റർ വിൽസൺ ജോസഫ് (61) അന്തരിച്ചു. മാർച്ച് 3ന് തിങ്കൾ രാവിലെ 11:15ന് ചെന്നൈ താമ്പരത്തിനടുത്ത് ഇരുമ്പല്ലിയൂർ സഭാ ആസ്ഥാനത്തായിരുന്നു അന്ത്യം. 1972-ൽ പെന്തക്കോസ്ത് മിഷൻ സഭാ ശുശ്രൂഷകനായ് സുവിശേഷ പ്രവർത്തനത്തിന് ഇറങ്ങി തിരിച്ച അദ്ദേഹം നല്ലൊരു സുവിശേഷ പ്രഭാഷകനുമായിരുന്നു. 1989-ൽ പാസ്റ്ററായും, 1991-ൽ സെന്റർ പാസ്റ്ററുമായിരുന്ന അദ്ദേഹം 2006ൽ സഭയുടെ ചീഫ് പാസ്റ്ററായ് തെരഞ്ഞെടുക്കപ്പെട്ടു. മധുരെ സ്വദേശിയായ അദ്ദേഹം സിംഗപൂർ, ചെന്നൈ എന്നിവിടങ്ങളിൽ 42 വർഷത്തോളം സുവിശേഷ പ്രവർത്തനം നടത്തി. ലോകത്തിൽ 50 രാജ്യങ്ങളിലായ് പ്രവർത്തനമുള്ള സഭയുടെ

07

## ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തക്കോസ്തൽ കോൺഫറൻസ് ഏപ്രിൽ 18 – 20 വരെ

**സിഡ്നി:** നാലാമത് ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തക്കോസ്തൽ കോൺഫറൻസിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. 2014 ഏപ്രിൽ മാസം 18 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ്ജ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും.

ഏപ്രിൽ മാസം 18,19,20 തീയതികളിൽ സിഡ്നിയിൽ (റെഡ് ഗം സെന്റർ, 2 ലെയ്ൻ സ്ട്രീറ്റ്, വെന്റ്വർത്ത് വില്ലെ, ന്യൂ സൗത്ത് വെയിൽസ് – 2145) വച്ചു നടക്കുന്ന കോൺഫറൻസിൽ റവ. ഡോ. ജോൺ കെ. മാത്യു (യു. എസ്. എ.), റവ. കെ. ജോയി (ന്യൂ

07

## സാക്ഷി



സൈക്കിൾ ഗർഭം ധരിച്ച
യോംഗിചോ ജയിലിലേക്ക്

*മോഹം ഗർഭം ധരിച്ചതിന്റെ ഫലം.*

# പാസ്റ്റർ പി. ജെ .ജെയിംസിന്റെ മറുപടി

## വസ്തുതകൾക്ക് നിരക്കാത്തത്

തുടർച്ച – 2



✴ ഇപ്പോഴെങ്കിലും രണ്ടാം കല്യാണം നടത്തിയെന്ന് സമ്മതിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. സ്റ്റേറ്റ് കൗൺസിൽ അംഗവും ഡിസ്ട്രിക്ട് പാസ്റ്ററും അദ്ധ്യക്ഷത വഹിച്ച വിവാഹം മുൻകൂട്ടി അറിഞ്ഞുകൊണ്ടാണ് ഓവർസിയർ നടത്തിയത്. തന്റെ ബന്ധുവായ ദൈവസഭയിലെ ആ ശുശ്രൂഷകൻ ഓവർസിറെ വിലക്കിയിരുന്നു എന്നാണ് അറിയുന്നത്. വിലക്ക് ലംഘിച്ചാണ് വിവാഹം നടത്തിയത്. വിവാഹ രജിസ്ട്രറിലെ ‘അവസ്ഥ’ എന്ന കോളത്തിൽ പുനർവിവാഹമാണെങ്കിൽ രേഖപ്പെടുത്തണം. ഇത് ഓവർസിയർ കണ്ടില്ലേ? അല്ലെങ്കിൽ തന്നെ തെറ്റിദ്ധരിപ്പിച്ച ലോക്കൽ പാസ്റ്ററിനെതിരെ നടപടി എടുത്തോ? അദ്ദേഹത്തിന് മാവേലിക്കര വെസ്റ്റ് ഡി. പി. യായി പ്രമോഷൻ നൽകിയില്ലേ? മാത്രമല്ല രണ്ടാം കല്യാണത്തെ സംബന്ധിച്ച് ഓവർസിയറുടെ നിലപാട് ഇരട്ടത്താപ്പാണ്. കുടുംബജീവിതം നയിച്ചുകൊണ്ടിരുന്ന ഒരു യുവതിയെ വിവാഹം കഴിച്ച വ്യക്തിയെ സണ്ടേസ്കൂൾ പ്രസിഡന്റ് ആക്കിയതിനെ എങ്ങനെന്യായീകരിക്കും. ഇത് സഭാ പോളിസിക്കും ബൈബിളിനും എതിരല്ലെ. മത്തായി 1:19; 1–9, റോമർ: 7:2–3, 1 കൊരി. 7: 2–5 നടത്തിയ വാക്യങ്ങൾ നന്നായി പഠിച്ചാൽ കൊള്ളാം. മാത്രമല്ല ഓവർസിയറുടെ ബന്ധുവായ എഴുത്തുകാരൻ ഗോസ്പൽ എക്കോസിൽ ഓവർസിയറുടെ രണ്ടാം കല്യാണത്തെ വിമ

11

# യോംഗി ചോ നൽകുന്ന പാഠം നമ്മുടെ നേതാക്കൾക്ക് മുന്നറിയിപ്പ്




**ലോ**കത്തിലെ ഏറ്റവും വലിയ സഭയുടെ പാസ്റ്ററും അഭിവൃദ്ധി സുവിശേഷത്തിന്റെ അപ്പൊസ്തലനുമായ പോൾ യോംഗീചോ സാമ്പത്തിക തിരിമറിയുടെ പേരിൽ ശിക്ഷിക്കപ്പെട്ടിരിക്കുന്നു. സഭയുടെ ഫണ്ട് നഷ്ടത്തിലായ മകന്റെ കമ്പനിയെ രക്ഷപ്പെടുത്താൻ തിരിമറി നടത്തിയതിനാണ് ചോയെയും മകനെയും കൊറിയൻ കോടതി 3 വർഷതടവിന് ശിക്ഷിച്ചിരിക്കുന്നത്. 120 കോടിരൂപയുടെ തിരിമറിയാണത്രെ ചോ നടത്തിയത്. സഭാമൂപ്പന്മാരുടെ എതിർപ്പിനെ മറികടന്ന ചോയുടെ നടപടി ചോദ്യം ചെയ്ത് വിശ്വാസികൾ കോടതിയെ സമീപിക്കുകയായിരുന്നു. ഇപ്പോളിതാ 10 ലക്ഷത്തിലധികം വിശ്വാസികളുള്ള സഭയുടെ സ്ഥാപകനും മകനും നിയമത്തിന്റെ കുരുക്കിൽപെട്ടിരിക്കുന്നു.

നിങ്ങൾ മോഹിക്കുന്നത് എന്തായാലും (കാർ, വീട്, എസ്റ്റേറ്റ് തുടങ്ങിയ) വിശ്വാസത്താൽ ഗർഭം ധരിക്കണം എന്ന ചോയുടെ പ്രസ്താവന ഏറ്റെടുത്ത് ഒരു കാലത്ത് ഗർഭം ധരിച്ചിരുന്ന ധാരാളം ഉപദേശിമാരും വിശ്വാസികളും കേരളത്തിലുമുണ്ടായിരുന്നു. അതിൽ എത്ര പേരുടെ ഗർഭം സഫലമായെന്നറിഞ്ഞു കൂടാ. എന്നാൽ വേദപുസ്തകം പറയുന്നത് ശ്രദ്ധിക്കുക "മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു". സമൃദ്ധിയുടെ സുവിശേഷത്താൽ ജനത്തെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് മാറ്റിക്കളയുകയാണ് ചോ ചെയ്തത്.

ആത്മീയത കച്ചവടമാക്കുന്നവർക്കും സഭയുടെ പണം സ്വന്തമാക്കുന്നവർക്കും മുന്നറിയിപ്പാണ് ചോയ്ക്കെതിരെ ഉണ്ടായിരിക്കുന്ന വിധി. നമ്മുടെ സഭാ നേതാക്കന്മാരിൽ ബഹുഭൂരിപക്ഷവും യോംഗീ ചോയെപ്പോലെ സഭയുടെ പണം അടിച്ചുമാറ്റി സ്വയം കൊഴുത്തു തടിച്ചവരാണ്. പലരും സഭയുടെ ഔദ്യോഗിക സ്ഥാനം വഹിക്കുമ്പോൾ തന്നെ സമാന്തരമായി സ്വന്തം പ്രസ്ഥാനങ്ങൾ ഉള്ളവരുമാണ്. സഭക്ക് പണമില്ലെങ്കിലും ഇത്തരക്കാരുടെ പ്രൈവറ്റ് പ്രസ്ഥാനങ്ങൾക്ക് പണത്തിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ഇക്കൂട്ടർ തങ്ങളുടെ സമാന്തര പ്രസ്ഥാനത്തിന് ഫണ്ടുണ്ടാക്കുകയാണ് ചെയ്യുന്നത്. സുവിശേഷ വേലയല്ലാതെ ജീവിതത്തിൽ വേറൊരു ജോലിയും ചെയ്തിട്ടില്ലാത്ത ഇക്കൂട്ടരുടെ സമ്പാദ്യം കോർപ്പറേറ്റ് സ്ഥാപനങ്ങളെപ്പോലെ ഭീമമാണ്. ഇവർ ഔദ്യോഗിക സ്ഥാനത്തിരുന്ന് പ്രസ്ഥാനത്തെ വ്യഭിചരിക്കുകയാണ്. മലബാറിലും തെക്കൻ തിരുവിതാംകൂറിലും ഹൈറേഞ്ചിലുമൊക്കെ സുവിശേഷകരും വിശ്വാസികളും പട്ടിണി കിടക്കുമ്പോൾ ഫൈവ് സ്റ്റാർ സൗകര്യത്തിൽ തിന്നുപുളച്ചു ജീവിക്കുന്ന നേതാക്കന്മാർക്ക് യോംഗിച്ചോ നൽകുന്ന പാഠം മുന്നറിയിപ്പാണ്. യോംഗി ചോയുടെ സഭയിലെ ചിലർ നിയമനടപടിയുമായി മുന്നിട്ടിറങ്ങിയതാണ് സഭയുടെ ഫണ്ട് തിരിമറി നടത്തിയ ചോയെ കുടുക്കിയത്. ഇതേ നിലയിൽ ആരെങ്കിലും മുമ്പോട്ടു വന്നാൽ ധൈര്യത്തോടെ നിൽക്കാൻ കഴിയുന്ന നേതാക്കന്മാർ വിരലിലെണ്ണാവുന്നവർ മാത്രം ആകും ഉറപ്പ്.

ചോര നീരാക്കി അധ്വാനിച്ച് ദൈവീക വേലയെ സ്നേഹിച്ച് ദൈവമക്കൾ നൽകുന്ന പണം എത്തേണ്ടിടത്ത് എത്തുന്നോ എന്ന് ഉറപ്പാക്കുക. നേതാക്കന്മാരുടെ മക്കളുടെ ബിസിനസിനും ആർഭാടത്തിനും ആ പണം ഉപയോഗിക്കപ്പെടണോ എന്നും ചിന്തിക്കുക. സുവിശേഷത്തിന്റെ പേരിൽ പിരിക്കുന്ന പണംകൊണ്ട് ഒരു നേതാവിന്റെ മകൻ സിനിമാ നിർമ്മാണത്തിൽ പങ്കാളിയാകുന്നുവെന്ന ഗുരുതര ആരോപണം ഉയർന്നു കഴിഞ്ഞു. ഏതായാലും യോംഗിചോ സംഭവം ഒരു മുന്നറിയിപ്പാണ്. നേതാക്കന്മാർ ജാഗ്രതൈ!

## മാതാപിതാക്കൾ അറിയാൻ

# മകൻ അപ്പം ചോദിച്ചാൽ...

**– തുടർച്ച13 –**



**ബിനു ജോസഫ് വടശ്ശേരിക്കര**

**യേ**ശു ചോദിക്കുന്നു;" മകൻ അപ്പം ചോദിച്ചാൽ കല്ല് കൊടുക്കുമോ?"എന്ന്. ഒരു മാതാപിതാക്കളും അത് ചെയ്യുകയില്ല. അപ്പംചോദിച്ചാൽ അപ്പത്തെക്കാൾ മൂല്യമുള്ളത് വാങ്ങി നൽകും. എന്നാൽ നാം പലപ്പോഴും കുഞ്ഞുങ്ങൾക്ക് നൽകുന്നത് എന്താണ്, അപ്പമോ? ,കല്ലുകളോ?. കല്ലുകളാണെങ്കിൽ നിശ്ചയമായും അവർ ഒരിക്കൽ വലിച്ചെറിയും. ജീവന്റെ അപ്പമായ യേശുവിനെ കുഞ്ഞുങ്ങൾക്ക് നൽകിയാൽ അവരുടെ ഭാവി അനുഗ്രഹിക്കപ്പെടും.

**ഞാൻ അനുഭവിച്ച ബുദ്ധിമുട്ടുകൾ.......**

ഞാൻ അനുഭവിച്ച ബുദ്ധിമുട്ടുകൾ ഉണ്ടാകരുതെന്ന ശപഥമാണ് പല മാതാപിതാക്കളുടെയും പ്രേരകശക്തി. എന്നാൽ ബുദ്ധിമുട്ടുകൾ മാറ്റാൻ മക്കൾക്ക് നൽക്കുന്ന പലതും അവരെ മടിയരും അലസരും ആക്കുന്നില്ലെന്ന ഉറപ്പ് മാതാപിതാക്കൾക്ക് ഉണ്ടാകണം.

**ശിക്ഷകൾ അതിരു വിടുമ്പോൾ**

പലകുഞ്ഞുങ്ങളും അമിതമായി ശിക്ഷിക്കപ്പെടുന്നവരാണ്. ചെയ്ത തെറ്റിനേക്കാളും ഇരട്ടിയുള്ള ശിക്ഷകൾ മനസിനും ശരീരത്തിനും താങ്ങാവുന്നതിൽ അധികമായ പീഡനങ്ങൾ ഇതൊരിക്കലും നന്നല്ല.

അനന്തരഫലം ഉളവാക്കാത്ത കാര്യങ്ങൾക്ക് വേണ്ടി കുഞ്ഞുങ്ങളെ ശിക്ഷിക്കരുത്. ഉദാ:ഒരു ഗ്ലാസ് താഴെ വീണു പൊട്ടി.അതിന് എത്ര ശിക്ഷിച്ചാലും ഗ്ലാസ് തിരികെ കിട്ടുകയില്ല. മറിച്ച് തിരത്തലുകളാണ് ആവശ്യം. ചെറിയ പ്രായത്തിൽ തന്നെ ഉത്തരവാദിത്തബോധം, ശ്രദ്ധ, അനന്തരഫലങ്ങൾ ഇവയെപ്പറ്റി കുഞ്ഞിനെ ബോധവാനാക്കുക.

**ശിക്ഷകൾക്ക് മാപ്പ്...**

"മാർപാപ്പ മാപ്പ് ചോദിച്ചു" എന്നപോലെ മക്കളെ ശിക്ഷിച്ചിട്ട് സോറിയും മാപ്പും ഒക്കെ ചോദിക്കുന്ന മാതാപിതാക്കൾ ഉണ്ട്. ഇതിന്റെ പ്രധാന കാരണം അതിരുകടന്ന ശിക്ഷകൾ ഉണ്ടാക്കുന്ന കുറ്റബോധമാണ്. ശിക്ഷിക്കുന്നതിന് മുമ്പ് ഒന്ന് ചിന്തിച്ചാൽ എത്ര നന്നായിരുന്നു.

"അങ്ങാടിയിൽ തോറ്റതിന് അമ്മയോട് " എന്നപോലെ ഓഫീസിലെയും വീട്ടിലെയും എല്ലാ ദേഷ്യവും തീർക്കുന്നത് മക്കളുടെ മേൽ എന്ന പ്രവണത ഒഴിവാക്കണം.

കുഞ്ഞുങ്ങൾ തെറ്റ് ചെയ്യാനുള്ള സാഹചര്യങ്ങൾ മുൻക്കൂട്ടി അറിഞ്ഞ് അവർക്ക് മുന്നറിയപ്പു നൽകുന്നതും ഉചിതമാണ്. തെറ്റ് പറഞ്ഞ് ബോധ്യപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. മാതാപിതാക്കൾക്ക് തെറ്റായി തോന്നുന്ന പലതും കുഞ്ഞുങ്ങൾക്ക് തെറ്റായി തോന്നണം എന്നില്ല. ഉദാഹരണത്തിന് പ്രായത്തിൽ മൂത്ത ഒരാളെ 'എടി' എന്ന് കുട്ടി വിളിക്കുന്നു. കാരണം എല്ലാവരും 'എടി' എന്ന് വിളിച്ചു, അതു കേട്ട് കുട്ടിയും വിളിച്ചു. അത്തരം സമയങ്ങളിൽ കുഞ്ഞിനെ അടുത്തു വിളിച്ച് സ്നേഹത്തോടെ പറഞ്ഞ് മനസ്സിലാക്കണം. ഒരു പക്ഷേ ഒന്നിലധികം പ്രാവശ്യം പറഞ്ഞു തിരുത്തേണ്ടി വന്നേക്കാം. തിരുത്തലുകൾ അവഗണിക്കുമ്പോൾ ശിക്ഷനൽകാം. കുഞ്ഞിന് അമിത വേദന ഉളവാക്കാത്ത ശിക്ഷയാണ് ഉത്തമം.

**നിർബന്ധനത്തിന് വഴങ്ങരുത്**

ചെറിയപ്രായത്തിൽ തന്നെ കുഞ്ഞുങ്ങളുടെ നിർബന്ധനത്തിന് മാതാപിതാക്കൾ വഴങ്ങരുത്. "ഇന്ന്' ജെ.സി.ബി' വാങ്ങാതെ വീട്ടിൽ ചെന്നാൽ ചെറുക്കൻ എന്നെ ഓടിക്കും" എന്ന് കഴിഞ്ഞ ദിവസം ഒരു പിതാവ് പറഞ്ഞു കേട്ടു. (ജെ.സി.ബി എന്ന കളിപ്പാട്ടം) അതു ലഭിച്ചില്ലെങ്കിൽ പിന്നെ അവൻ ഉറങ്ങില്ല. എന്നാണ് അദ്ദേഹം പറഞ്ഞത്. ഇത്തരം ചെറിയ നിർബന്ധങ്ങൾ പോലും 'മുളയിലെ നുള്ളണം'– മാതാപിതാക്കളുടെ സൗകര്യാർത്ഥം വേണം ഓരോ കാര്യങ്ങളും സാധിച്ചു കൊടുക്കാൻ. കുഞ്ഞിന്റെ നിർബന്ധം വളരെ ചെറുപ്പത്തിലെ കുറച്ചില്ലെങ്കിൽ 'ആകാശത്തെ അമ്പിളിമാമനെ പിടിച്ചു കൊടുക്കാൻ' പറഞ്ഞാൽ നിങ്ങൾ അത് ചെയ്യേണ്ടി വരും. കടയിൽ നിന്ന് വസ്ത്രം, മിഠായി ഇവ വാങ്ങി കൊടുക്കുന്ന കാര്യത്തിൽ പോലും നിർബന്ധം ആകരുത് പ്രേരണ.

**ദൈവഭയം ആദ്യം**

ദൈവഭയം കുഞ്ഞുങ്ങളിൽ ഉണ്ടാക്കാനായി ചെറുപ്പത്തിലെ ശ്രമിക്കണം."അനുസരണം ഉള്ള കുഞ്ഞുങ്ങളെയാണ് യേശുവിന് ഇഷ്ടം" ഇത്തരം പ്രസ്താവനകൾ കുഞ്ഞുങ്ങൾക്ക് കൂടുതൽ വില നൽകും. എല്ലാ ദിവസവും തെറ്റുകൾ, അനുസരണക്കേടുകൾ യേശുവിനോട് ഏറ്റുപറയുവാൻ ശീലിപ്പിക്കുന്നത് നന്നാണ്.തെറ്റ് ചെയ്യുന്നവരോട് (sorry)സോറി പറയാൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കണം.

*മക്കൾക്ക് ശിക്ഷയല്ല സ്നേഹമാണ് നൽകേണ്ടത്

*കഠിനമായ ഉപദേശങ്ങൾ ദോഷകരമാണ്

*തെറ്റുകൾ സമയാസമയങ്ങളിൽ തിരുത്തുക

*ആത്മീക കാര്യങ്ങളിൽ പ്രോത്സാഹനം നൽകുക

*ബഹുമാനം ,സ്നേഹം, താഴ്മ ഇത്യാദി ഗുണങ്ങൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുക

*ദൈവസ്നേഹത്തിന്റെ ആഴങ്ങൾ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കുക

എല്ലാ കൂട്ടുകാർക്കും വന്ദനം....

**തുടരും...**

# സംയുക്ത വി. ബി. എസ്.

**നിരണം:** എഴുപതിൽപരം പെന്തക്കോസ്തു സഭകളുടെ സംയുക്ത സംരംഭമായ നിരണം യു. പി. എഫിന്റെ ആഭിമുഖ്യത്തിൽ ഐക്യ വി. ബി. എസ്. ഏപ്രിൽ 7–12 വരെ കടപ്ര ശാരോൻ ഹാളിൽ "ഗോഡ്സ് ഓൺ വില്ലേജ്" എന്ന ചിന്താവിഷയത്തോടെയും. 21–26 നിരണം ടാബർനാക്കിൾ നാളിൽ "സ്റ്റാഴ്സ്" എന്ന ചിന്താവിഷയത്തോടെയും വി. ബി. എസ് നടക്കും. പാസ്റ്റർമ്മാരായ ബിബു ജേക്കബ്, ബിനോയ് മാത്യു, ജേക്കബ് ജോർജ്ജ് എന്നിവർ നേതൃത്വം നൽകും.

## 03 വേദപഠനം....

ൽ സ്ഥാപിതമായിരുന്നു. രാജാവിന്റെ സംഭാവനയായിരുന്നു. അതിൽ 36എണ്ണം സ്വർണ്ണത്തകിട് പൊതിഞ്ഞു ഭംഗി വരുത്തിയിരുന്നു. കോങ്കണ്ണോടുകൂടിയ ഈ കറുത്ത പ്രതിമയ്ക്കു അനേകം മാറിടങ്ങൾ ഉണ്ടായിരുന്നു, ഇത് സ്വർഗ്ഗത്തിൽ നിന്നും പൊട്ടി വീണതാണെന്നാണ് അവരുടെ വിശ്വാസം (അ: പ്രവ.19.1,35.). **തുടരും......**

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)
E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

### അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

**ഭാഗം: ഒന്ന്**

– തുടർച്ച–



എഡിസണ്‍ തോമസ്
വേങ്ങൂർ, 9961336353

പൗലോസ് നൽകുന്ന ആശംസാവാക്കുകളിൽ മറ്റൊന്നാണ് സമാധാനം എന്നുള്ളത്.സമാധാനം എന്ന വാക്കിനു എബ്രായഭാഷയിൽ ഷാലോം എന്നും ഗ്രീക്കിൻ എയ്റേനെ എന്നും ഉപയോഗിച്ചിരിക്കുന്നു. അപ്പോൾ യഹൂദന്മാർ തമ്മിൽ കാണുമ്പോൾ ഷാലോം എന്നു പറഞ്ഞു അഭിവാദനം ചെയ്യുന്നു. സമാധാനം എന്നുള്ളത് വ്യക്തികളോ, ജാതികളോ, രാജ്യങ്ങളോ തമ്മിൽ ഉള്ള ശത്രുതയ്കു എതിരായ വിഷയമാണ്. ശത്രുതയിൽ കഴിയുന്നവർക്കു യഥാർത്ഥ സമാധാനം അനുഭവിക്കുവാൻ സാധ്യമല്ല.യാതൊരു നിലയിലും ഹൃദയം കൊണ്ട് അകൽച്ചയില്ലാത്തവർ അന്യോന്യം കാണുമ്പോഴും, ഏതെങ്കിലും ഒരു വ്യക്തി അതിഥിയായി വരുമ്പോഴും ഒരു വിധത്തിലും ഭയപ്പെടേണ്ട ആവശ്യമില്ലാ എന്നും തമ്മിൽ ശത്രുതയില്ലാ എന്നും വെളിപ്പെടുത്തേണ്ടതിന് എബ്രായരുടെ ഇടയിൽ തമ്മിൽ അഭിവാദനം ചെയ്യുന്നതിന് ഉപയോഗികുന്ന വാക്കാണ് സമാധാനം എന്നുള്ളത്. ശുശ്രൂഷകനായ തിമൊഥെയൊസിനു എഴുതുന്ന ഈ ലേഖനത്തിൽ മറ്റുലേഖനത്തിൽ ഉപയോഗിക്കാത്ത മറ്റൊരു ആശംസ വാക്കാണ് കരുണയെന്നുള്ളത്.കരുണ എന്നു പറഞ്ഞാൽ കനിവ് എന്നാണ്.കരുണ കൊണ്ടൊരുവനെ വിധിക്കുന്ന ഇടമാണ് സഭ, ജീവിതത്തിൽ നിന്നു ഒഴിവാക്കാൻ വിധിക്കുന്ന ഇടം കോടതി, കുടുംബജീവിതത്തിനും ശുശ്രൂഷയ്ക്കും ആവശ്യം കരുണയാണ്. എവിടെ സ്നേഹമുണ്ടോ അവിടെ ചില ക്രമഭംഗങ്ങളും ഉണ്ടായിരിക്കും. നീതിക്ക് ഒരിക്കലും ഈ ക്രമഭംഗങ്ങളെ സ്വീകരിക്കാനാവില്ല, കരുണയ്ക്കും, സ്നേഹത്തിനും ഒരായിരം വട്ടം അതിനാകും. കയീനോട് യഹോവ പറഞ്ഞു: നിന്നെ ആരും ഒന്നും ചെയ്തില്ല. പിതാവിന്റെ സ്നേഹം എഴുപത് ഏറെയായാൽ എൺപത്, 25,000 ദിവസങ്ങൾ, ഇതിനിടെയിൽ എത്രയെത്ര മത്സരങ്ങൾ, നമ്മുടെ ജീവിതത്തിൽ കാരണമില്ലാത്ത എത്രയെത്ര മത്സരങ്ങളാണ്, ഒരു തരത്തിലും ജിവിതത്തെ പ്രകാശിപ്പിക്കാത്ത മത്സരങ്ങൾ, ഇതെല്ലാം ജീവിതത്തിൽ ഉള്ളപ്പോൾ മറ്റുള്ളവരോടു കരുണ കാണിക്കണം, യേശുപറഞ്ഞു, കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്ക് കരുണ ലഭിക്കും. മത്താ:5:7. കൃപയില്ലാത്തവർക്കും സമാധാനം ഇല്ലാത്തവർക്കും കരുണയെല്ലാവർക്കുമാണ് ആവശ്യം. ശുശ്രൂഷയിലായിരിക്കുന്ന തിമൊഥെയൊസിനു കൃപയും സമാധാനവും കരുണയും ആവശ്യമാണെന്ന് മനസ്സിലാക്കി പൗലോസ് ആശംസവാക്കുകളായി പ്രഖ്യാപിക്കുകയാണ്. കൂടാതെ ഈ മൂന്നു ആശംസവാക്കുകളും പാപത്തിൽ നിന്നും, ശാപത്തിൽ നിന്നും മനുഷ്യനെ ഉദ്ധരിക്കുവാൻ വ്യാപരിക്കുന്ന കൃപയും പരാജയങ്ങൾ നേരിടുമ്പോൾ ദൈവ പൈതലിനെ സഹായിക്കുന്ന ദൈവത്തിന്റെ കരുണയും അസ്വസ്ഥതകൾ നിറഞ്ഞ അന്തരീഷത്തിൽ ജയോൽസവത്തോടെ മനുഷ്യനെ നടത്തുന്ന ദൈവസമാധാനം പ്രാരംഭത്തിൽ പറഞ്ഞുകൊണ്ട് പൗലോസ് ലേഖനത്തിനും തുടക്കം കുറിക്കുകയാണ്.

**തിമൊഥെയൊസിനു നൽകുന്ന നിയോഗം**

എഫെസൊസ് പട്ടണത്തിൽ ദൈവവേലയിലായിരിക്കുന്ന തിമൊഥെയൊസിനു പൗലോസ് ഭരമേല്പിക്കുന്ന മഹത്തായ ശുശ്രൂഷയാണ് സഭയിൽ ശക്തമായ നേതൃത്വം നൽകുകയെന്നുള്ളത്. അതിനോടുനുബന്ധിച്ച് പൗലോസ് നൽകുന്ന ചില നിർദ്ദേശങ്ങൾ തുടർന്നുള്ള വാക്യങ്ങളിൽ ശ്രദ്ധിക്കാം, താൻ ശുശ്രൂഷിക്കുന്ന എഫെസൊസ് പട്ടണത്തെകുറിച്ച് വ്യക്തമായ ഒരു അറിവ് വായനക്കാർക്കു ഉണ്ടാകുന്നതിനു എഫെസൊസിനെ കുറിച്ച് ചിലകാര്യങ്ങൾ ചൂണ്ടിക്കാണിക്കട്ടെ.

**എഫെസൊസ് പട്ടണം**

ഏഷ്യാമൈനറിലെ വ്യാപാര കേന്ദ്രമായി അറിയപ്പെട്ടിരുന്ന എഫെസൊസ് പട്ടണം കെസ്റ്റർ നദീമുഖത്ത് സ്ഥിതി ചെയ്തിരുന്ന പട്ടണം ആയിരുന്നു. ഏഷ്യയുടെ ഭണ്ഡാരം, ഏഷ്യയുടെ പ്രവേശനകവാടം ഏഷ്യയുടെ വിളക്ക് എന്നിങ്ങനെ ഈ പട്ടണത്തെ വിശേഷിപ്പിച്ചിരുന്നു. സ്മൂർന്നയ്ക്കു 40 മൈൽ തെക്കായിട്ടാണ് ഈ പട്ടണം സ്ഥിതിചെയ്തിരുന്നത്. ഏഷ്യയിലെ എല്ലാ പ്രധാന സ്ഥലങ്ങളിൽ നിന്നുള്ള പാതകളും എഫെസൊസിൽ വന്നുചേർന്നു.

മതപരമായി ഏറെ പ്രാധാന്യമുള്ള നഗരമായിരുന്നു എഫെസോസ്. ചക്രവർത്തി ആരാധന എഫെസോസിൽ ഉണ്ടായിരുന്നു. ക്ലൗദ്യോസ് ഹാഡ്രിയൻ, സെവറസ് തുടങ്ങിയ നാമത്തിലുള്ള ക്ഷേത്രങ്ങളും, അമ്പലങ്ങളും അവിടെ ഉണ്ടായിരുന്നു. രാഷ്ട്രീയപരമായും വാണിജ്യപരമായും, സംസ്കാരപരമായും വളരെ പ്രാധാന്യമർഹിക്കുന്ന പട്ടണമായിരുന്നു എഫെസൊസ്. എന്നാൽ മതപരമായിട്ടുള്ള ഈ പട്ടണത്തിന്റെ പ്രാധാന്യം മറ്റുള്ളതിനെക്കാളും പ്രത്യേകം എടുത്ത പറയത്തക്കവിധത്തിലാണ്. ഇവിടെത്തെ ഏറ്റവും വലിയ ആകർഷണീയം അപ്പോളോ ദേവന്റെ സഹോദരി അഥേന (അർത്തമീസ്), ലത്തിനിൽ ഡയാന എന്ന ദേവിയുടെ ക്ഷേത്രം ഇവിടെയായിരുന്നു. പുരാതനലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായിരുന്നു ഇത്. 425–അടി നീളവും, 220–അടി വീതിയുമുള്ള ഈ ക്ഷേത്രം 8അടി ഉയരമുള്ള 127 മാർബിൾ തൂണുകളിൽമേ

02

**നോവൽ 2**

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

വളരെ വേഗം തളർച്ച ആത്മാവിനെ കീഴ്പ്പെടുത്തുന്നു. പണ്ട് ആദ്യ നാളുകളിലേതുപോലെ ഒരു സംത്രാസം. എന്തു ചെയ്യണമെന്നറിയില്ല. എവിടെ അടുത്ത കാൽ വച്ചാൽ... എങ്ങനെ വാക്കുകൾ ഉപയോഗിച്ചാൽ... ആൽബർട്ട് ശൂന്യത ചേക്കേറിക്കൊണ്ടിരിക്കുന്ന ചിന്തകളോടെ നടന്നു. പേരറിയാത്ത വൃക്ഷങ്ങൾ ഇടതൂർന്ന് നില്ക്കുന്നു. ഇലത്തലപ്പുകൾക്ക് മുകളിൽ സൂര്യൻ ക്രുദ്ധനാവുന്നു.

മാതേവനെ, മുനയണ്ണനെ, ആണ്ടനെ ഒത്തിരിപ്പേരെ ചെന്നുകണ്ടു പലരിലും പഴയ അവജ്ഞ പുനർജ്ജനിച്ചിരിക്കുന്നു.

അകാരണമായ ഭയം ഉള്ളിൽ.

ചെമ്പുവാണെങ്കിൽ സംസാരിക്കാനേ തുനിഞ്ഞില്ല. അവന്റെ തള്ളയാണ് തൊണ്ടയിൽ കുടുങ്ങിയ കഫത്തിന്റെ കുറുകലോടെ മൂപ്പനെയും കുന്മാശ്ശനെയും ഭയമാണെന്ന് പറഞ്ഞത്.

കുന്മാശ്ശൻ ഉറയുമ്പോൾ, മുത്തി വെറുക്കുന്ന ആരോ മലയിൽ കയറിയിട്ടുണ്ട് എന്ന് പലപ്രാവശ്യം പറഞ്ഞത്രെ!

ഒരു ചെറിയ ചരിവ്. അതു കഴിഞ്ഞ് കാണുന്ന തേക്കിന്റെ പ്ലാന്റേഷനപ്പുറം ഒരു മലയോരഗ്രാമം വികാസം പ്രാപിച്ചു വരുന്നു. നീലമുടിയിൽ നിന്നുള്ള ചെമ്മൺ പാതയുടെ ഒരു ശാഖ മിറ്റൽ പാകി അവിടെ ചേരുന്നുണ്ട്. ചരിവിറങ്ങുമ്പോൾ, കഞ്ചാവിന്റെ ഗന്ധവുമായി കാറ്റ് വട്ടം ചുറ്റിപ്പോയി. ചെറുമൻ പറയാറുണ്ട് വനാന്തരങ്ങളിൽ എവിടോ കൊല്ലും കൊലയും താണ്ഡവമാടുന്നതിനെപ്പറ്റി. പൊടുന്നനെ കാടിളക്കി വരുന്ന പോലീസ് പട, വെടിവയ്പും നിലവിളിയും. വേലിയിറക്കം പോലെ അവരുടെ മടങ്ങിപ്പോക്ക്. അപ്പോൾ ഏക്കർ കണക്കിന് കഞ്ചാവു തോട്ടങ്ങൾ കത്തിച്ചു കളഞ്ഞതിന്റെ പുക പല ഭാഗങ്ങളിലായി ഉയരുന്നത് നീലമുടിയിൽ നിന്നാൽ കാണാനാവും.

തിരുവായിക്ക് എതിർ വായ ഇല്ലാത്ത അതുപോലൊരു തോട്ടത്തിലായിരുന്നത്രെ മാതേവൻ കുറേക്കാലം. അതുപോലെ മറ്റാരേക്കാളും ഉപരി ദൈവസാന്നിദ്ധ്യവും കൃപകളും പ്രാപിക്കുന്നത് മാതേവനാണെന്ന് ആൽബർട്ട് ഓർത്തു. ഞായറാഴ്ചകളിലെ ആരാധനവേളയിൽ അത്യുച്ചനാദത്തോടെ സർവ്വം മറന്ന് ആരാധിക്കുന്ന മാതേവന്റെ ചിത്രം മനസ്സിൽ തെളിഞ്ഞ് തുടങ്ങിയപ്പോഴാണ് ഒരു സ്ത്രീ സ്വരം അയാൾ കേട്ടത്.

ഇനീം ഞങ്ങളെ മുത്തീടെ സത്രുക്കളാക്കാനാ?

ശബ്ദം കേട്ട് ആൽബർട്ട് നാലുപാടു പരതി. കുഞ്ചിയാണ്. വള്ളിപ്പടർപ്പുകൾ വകഞ്ഞുമാറ്റി അവൾ വരുന്നു. അന്നു പാമ്പ് കൊത്തി കോമൻ വൈദ്യർ പോലും ചത്തു പോകുമെന്ന് പറഞ്ഞൊഴിഞ്ഞപ്പോൾ യേശുനാഥൻ സൗഖ്യമാക്കിയ കുഞ്ചി!

ന്റെ യേസുവേ നീ എങ്കൾടെ തേവർ നാ നീങ്കൾക്ക് അടിമ അന്നും ഇതേ ധൈര്യമായിരുന്നു.

ആൽബർട്ട് ശാന്തനായി കുഞ്ചിയെ നോക്കി; ആ ശൗര്യത്തിന്റെ അളവെടുത്തു. കുഞ്ചി നമ്മൾ ആരടേം ശത്രുക്കളല്ല. പിന്നെങ്ങനെ മുത്തി ശത്രുവാകും. പാമ്പ് കൊത്തി ചത്തുപോകേണ്ട കുഞ്ചിയെ മുത്തിയാണോ സുഖമാക്കിയത്. യേശു ദൈവം തീ പോലെ വന്നാ നമ്മളെ രക്ഷിക്കുന്നത്.

പിന്നെ മുത്തീടെ ശാപം വരണതോ കുഞ്ചിയിലെ അരിശം കുറഞ്ഞിരിക്കുന്നു. അന്ന് വിഷം രക്തത്തിലൂടെ പാഞ്ഞു നടന്നപ്പോൾ ഉണ്ടായ അനുഭവം അവൾ ഇപ്പോൾ ഓർക്കുന്നുണ്ടാവും.

അത് മുത്തീടെ ശാപമാവണമെന്നില്ല... പക്ഷേ ... ആൽബർട്ടിന് മുഴുമിപ്പിക്കാനായില്ല.

കുഞ്ചീ, നീ പിന്നേം ഏശുക്കാരിയാവാനാ പൊറപ്പാട്? വാടി ഇവ്ടെ!

കറമ്പൻ!

അയാളുടെ കണ്ണിൽ കോപമാളുന്നു.

ആൽബർട്ട് മുഖം കുനിച്ചു നിന്നു. ഹൃദയത്തിന്റെ ആഴത്തിൽ സ്തോത്രങ്ങളുടെ ആരവങ്ങൾ.

കറമ്പൻ കുഞ്ചിയെ വലിച്ചു കൊണ്ടു പോകുന്നത് ആൽബർട്ട് വേദനയോടെ നോക്കി.

യേശുവേ കറമ്പനോട് അലിവു തോന്നേണമേ

****

സന്ധ്യയ്ക്ക് നടന്ന കൂട്ടത്തിൽ ആളുകൾ വളരെ ചുരുക്കമാണെന്ന് ആൽബർട്ട് കണ്ടു.

ചെറുമന്റെ ചായ്പിലായിരുന്നു മീറ്റിംഗ് നടന്നത്. ആ മുറിയിൽ, ഏതോ കായ് ആട്ടിയോ ഇടിച്ചോ എടുത്ത എണ്ണ കത്തുന്നതിന്റെ ഗന്ധം നിറഞ്ഞിരുന്നു.

പ്രാർത്ഥനയിൽ നിന്നുമുയർന്ന് ആൽബർട്ട് രണ്ടു വശത്തേക്കും നോക്കി. മഞ്ഞവെളിച്ചത്തിൽ വിളറിയ മുഖങ്ങൾ.

ദൈവ കിരുപയിൽ ഞാ ആശരയിച്ച് ...ചെറുമൻ പാടി തുടങ്ങുന്നു.

പിതാവേ...., ഞാൻ നിന്നിൽ മാത്രം ആശ്രയിക്കുന്നു. ആൽബർട്ട് വിങ്ങി.

മനവേദന പലശോധനാ.... അയാളും പാടി തുടങ്ങി.

പാട്ടു കഴിഞ്ഞപ്പോൾ പതിവു പോലെ മാതേവൻ കുറേ സ്തോത്രവും ഹല്ലേലുയ്യായും പറയാത്തതിൽ....അന്യഭാഷയിലൂടെ ആരും സഞ്ചരിക്കാത്തതിൽ ആൽബർട്ട് നൊമ്പരപ്പെട്ടു.

മൂപ്പനോ, മറ്റാരെങ്കിലുമോ അറിയുന്നതിനു മുൻപ് തിരികെ കുടമ്പുകളിലെത്താൻ അവർ ഒരോരുത്തരും ആഗ്രഹിക്കുന്നതായി ആൽബർട്ടിന് തോന്നി.

രണ്ടാമത്തെ പാട്ടു പാടാതെ ആൽബർട്ട് എഴുന്നേറ്റു.

വേദപുസ്തകം തന്നോടു ചേർത്തു പിടിച്ചപ്പോൾ വല്ലാത്തൊരു ധൈര്യം തന്നിൽ ചേക്കേറുന്നതായി ആൽബർട്ടിന് തോന്നി.

മൂപ്പൻ...? സംശയം തീർക്കലെന്ന പോലെ മുനയണ്ണനോടു ചോദിച്ചു.

മൂപ്പനൊക്കെ പെണങ്ങിയല്ലോ...അവരൊക്കെ ഇനി വരില്ലാലോ

ആൽബർട്ട് ഒരു നിമിഷം കണ്ണുകളടച്ചു നിന്നു. തുടർന്ന് എല്ലാവരേയും ആർദ്രമായി നോക്കി.

യേശുവിന് സ്തോത്രം..

പ്രീയ സഹോദരങ്ങളേ, സകലരും എതിരാണെങ്കിലും യേശു ദൈവം നമ്മുടെ കൂടെ ഉണ്ട് എന്നതിനാൽ സ്തോത്രം ചെയ്യാം. നമ്മൾ എല്ലാവരും പാപികൾ ആയിരുന്നു. നമ്മുടെ പാപത്തെ തുടച്ചുകളയുവാൻ , നമ്മുടെ രോഗത്തെ സുഖമാക്കാൻ യേശുകർത്താവ് ചോര ഒഴുക്കി. മരിച്ചുയർത്തു...

ഞാൻ ചോദിക്കട്ടെ, യേശു ദൈവമെന്ന് പറഞ്ഞ ആരേലും മുത്തി തൊട്ടോ? മുനയണ്ണൻ തന്നെ പറ നമ്മുക്ക് ആർക്കെങ്കിലും വസൂരി വന്നോ...?

ഉംങ്ഹും

അതെ നമ്മെ ഒരു മുത്തീം ഒരു ചുക്കും ചെയ്യില്ല. കാരണം യേശു നമ്മുടെ കൂടെയാണ്, അവൻ കൈവെള്ളേൽ നമ്മെ വെച്ചിട്ടുണ്ട്. അവൻ നമ്മളെ നോക്കി കൊണ്ടിരിക്കുന്നു.....നമ്മുക്ക് എന്തേലും കാര്യങ്ങളാൽ ദോഷം വരുന്നോന്ന് യേശു അപ്പൻ നോക്കി കൊണ്ടിരിക്കുന്നു. ആരേലും നമ്മെ തൊട്ടാൽ യേശൂന്ന് എന്തു പോലാ..?

കൺമണിയെ തൊടുമ്പോലാ. .. ചെറുമൻ പറയുന്നു.

പെണ്ണുങ്ങൾ സ്തോത്രം പറയുന്നു.

ചിലർ പരസ്പരം നേക്കുന്നു.

ആൽബർട്ട് തന്റെ ചെറിയ പ്രസംഗം കഴിഞ്ഞ് കൂടി വന്നവരെ ഒരിക്കലൂടെ ധൈര്യപ്പെടുത്തുകയും ചെയ്തു. നന്ദിയും ആശീർവാദവും പറയുമ്പോൾ, ചെറുമൻ കാപ്പിയുമായി അവിടെയെത്തി വിതരണം തുടങ്ങി.

കാപ്പിക്കുരുവിന്റെ തൊണ്ടും ചുക്കും വെന്തതിന്റെ ചവർപ്പ് ആൽബർട്ടിന്റെ രുചിമുകളങ്ങളിലൂടെ ഇഴഞ്ഞു.

കാപ്പി കുടിച്ചു കൊണ്ടിരുന്നപ്പോൾ ആൽബർട്ട് വെറുതേ അവരെ എണ്ണി.

പതിനാലുപേർ.

കഴിഞ്ഞ ഞായറാഴ്ച ഇരുപത്തിയഞ്ച് മുപ്പതോളം ആളുകളുണ്ടായിരുന്നുവെന്ന് അയാൾ ഓർത്തു.

തിരിച്ചെടുക്കണം... വീണ്ടും പാപത്തിലേക്ക് അന്ധവിശ്വാസത്തിലേക്ക് ഒരുവനേയും വിട്ടുകൊടുക്കരുത്. എത്ര കഷ്ടപ്പെട്ടിട്ടാണെങ്കിലും തിരിച്ചെടുക്കണം. ആത്മവിശ്വാസത്തിന്റെ നീർച്ചാലുകൾ തന്നിൽ ഉളവാകുന്നുണ്ടെന്ന്; യേശു സ്നേഹിതനായി കൂടെയുണ്ടെന്ന് ആൽബർട്ട് അറിഞ്ഞു.

ചെറുമനോട് യാത്ര പറഞ്ഞ് നിലാവു വീണുകിടക്കുന്ന വഴിയിലൂടെ കുടിലിലേക്ക് നടക്കുമ്പോൾ ആൽബർട്ട് ഒരു ഇംഗ്ലീഷ് കോറസ് മൂളുന്നുണ്ടായിരുന്നു.

അപ്പോൾ അയാളുടെ പിന്നിലായി കരിയിലകൾ ഞെരിഞ്ഞു തുടങ്ങി. അട്ടഹാസം കേട്ട് നടുങ്ങി തിരിഞ്ഞപ്പോഴത്തേക്കും കുറുവടി ഉയർന്നിരുന്നു.

നിലവിളിയോടെ ആൽബർട്ട് താഴേക്കൂർന്നു.

(തുടരും)

ചോദ്യോത്തര വേദി

# യേശുവിന്റെ ദൈവത്വവും യഹോവസാക്ഷികളും



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** യേശു ദൈവമല്ല എന്നാണ് യഹോവസാക്ഷികളുടെ വാദം. ഈ വാദം തെളിയിക്കാൻ യേശു മനുഷ്യനാണന്ന് തെളിയിക്കുന്ന വാക്യങ്ങളാണ് അവർ സന്ദർശിക്കുന്ന വീടുകളിൽ പ്രധാനമായും പറയുക. യേശു മനുഷ്യനും അതേസമയം ദൈവവുമാണെന്ന വചനങ്ങൾ ഈ പംക്തിയിൽക്കൂടി വെളിപ്പെടുത്താമോ?

**– തോമസ്, കറുകച്ചാൽ**

**ഉത്തരം:** യേശു മനുഷ്യനെന്നു തെളിയിക്കുന്ന വാക്യങ്ങൾ

1) പിതാവ് എന്നെക്കാൾ വലിയവൻ (യോഹ. 14:28)

2) എന്റെ പിതാവും നിങ്ങളുടെ പിതാവും (യോഹ. 20:17)

3) ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ച പിതാവിന്റെ ഇഷ്ടമാണ് അന്വേഷിക്കുന്നത് (യോഹ. 5:30)

4) നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല, എന്നെ അയച്ച പിതാവിന്റേതാണ് (യോഹ. 14:24)

5) മനുഷ്യനായ യേശുക്രിസ്തു (1 തിമൊ. 2: 5)

കൂടാതെ യേശുവിന് ദാഹിച്ചതും, വിശന്നതും, കരഞ്ഞതും മരിച്ചതും എല്ലാം മനുഷ്യനാണെന്ന് തെളിയിക്കുന്നതാണല്ലോ.

**യേശു ദൈവമെന്ന് തെളിയിക്കുന്ന വാക്യങ്ങൾ**

1) യോഹന്നാൻ 10:30ൽ യേശു തന്നെ പറഞ്ഞു: **'ഞാനും പിതാവും ഒന്നാകുന്നു'.**

2) യോഹ. 14:9ൽ 'പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരിക എന്ന് ഫിലിപ്പോസ് അപേക്ഷിച്ചതിന് യേശുവിന്റെ മറുപടി ഇപ്രകാരമായിരുന്നു: ഞാൻ ഇത്ര കാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലല്ലോ ഫിലിപ്പോസേ? എന്നെ കണ്ടവൻ പിതാവിനെയും കണ്ടിരിക്കുന്നു; വീണ്ടും പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരണമെന്ന് നീ പറയുന്നതെങ്ങനെ?'

3) തന്നെ കല്ലെറിയാൻ ശ്രമിച്ച യഹൂദന്മാരോട് യേശു ചോദിച്ചു: 'ഞാൻ ചെയ്ത ഏതു പ്രവർത്തി നിമിത്തം ആണ് നിങ്ങൾ എന്നെ കല്ലെറിയുന്നത്?' മറുപടിയായി യഹൂദന്മാർ പറഞ്ഞത്:**....നിന്നെത്തന്നെ ദൈവമാക്കുന്നതു കൊണ്ടത്രേ** ഞങ്ങൾ നിന്നെ കല്ലെറിയുന്നത് (യോഹ.10:33 സ്വതന്ത്ര പരിഭാഷ).

4) 'ക്രിസ്തു' ദൈവം തന്നെ എന്ന് യഹൂദന്മാർക്ക് നല്ലവണ്ണം അറിയാം. താൻ ക്രിസ്തുവാണെന്ന് പറഞ്ഞ ഉടനെ തന്നെ മഹാപുരോഹിതൻ വസ്ത്രം കീറിക്കൊണ്ട് ഇവൻ ദൈവദൂഷണം പറഞ്ഞു എന്ന് പറഞ്ഞു (മത്തായി 26:65).

**യേശു ആരാധന സ്വീകരിക്കുന്നു**

ആരാധന സർവ്വശക്തനായ ദൈവത്തിന് മാത്രം അർഹമായതാണ്.

നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത് എന്ന് യേശു പറഞ്ഞു (മത്തായി 4:10).

1) കിഴക്കുനിന്ന് വന്ന വിദ്വാന്മാർ ഉണ്ണിയേശുവിനെ കണ്ടു. വീണ് **അവനെ നമസ്കരിച്ചു** (മത്തായി 2:11).

2) അവർ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു. പടകിലുള്ളവർ നീ ദൈവപുത്രൻ സത്യം എന്നു പറഞ്ഞ് **അവനെ ആരാധിച്ചു** (മത്തായി 14:32–33).

3) ഉയർത്തെഴുന്നേറ്റ യേശുവിനെ തന്റെ മുമ്പിൽ കണ്ടപ്പോൾ **എന്റെ കർത്താവും എന്റെ ദൈവവും** എന്ന തോമസ് അപ്പൊസ്തലൻ പറഞ്ഞത് **യേശു അംഗീകരിച്ചു** (യോഹ. 20:28).

4) ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ട മഗ്ദലക്കാരി മറിയയും മറ്റെ മറിയയും യേശുവിന്റെ പാദങ്ങളിൽ കെട്ടിപ്പിടിച്ച് **അവനെ ആരാധിച്ചു** (മത്തായി 28:9).

5) പതിനൊന്ന് അപ്പൊസ്തലന്മാരും **യേശുവിനെ ആരാധിച്ചു** (മത്തായി 28: 17).

6) 1 യോഹ. 5:20ൽ യോഹന്നാൻ അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നത് **അവൻ സത്യദൈവവും നിത്യജീവനും ആകുന്നു എന്നാണ്.** റോമർ 9:5 ലും ഇതുതന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

7) യെശയ്യ പ്രവാചകൻ യേശുവിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് **വീരനാം ദൈവം നിത്യപിതാവ് എന്നാണ്** (യെശ. 9:6).

8) അവൻ ദൈവരൂപത്തിലായിരിക്കെ **ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം** എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി (ഫിലിപ്പ്യർ 2:6–7).

9) ഞാൻ ആദിയും അന്തവുമാണ് എന്ന് പിതാവായ ദൈവം പ്രഖ്യാപിക്കുന്നു (യെശയ്യാ. 44:6) വെളിപ്പാടു പുസ്തകത്തിൽ യേശു തന്നെക്കുറിച്ച് പ്രഖ്യാപിക്കുന്നതും അതു തന്നെ (വെളിപ്പാട് 1:8).

തെറ്റിപ്പോയെന്ന് മനസ്സിലായാലും തങ്ങളുടെ പ്രത്യയശാസ്ത്രത്തെ മുറുകെ പിടിക്കുന്ന യഹോവ സാക്ഷികൾ ഇതു സമ്മതിക്കാതെ വഴുതി മാറും. എന്നാൽ സത്യത്തെ അന്വേഷിക്കുന്ന യഹോവസാക്ഷികൾ പലരും ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നിട്ടുണ്ട്.

## 01 ഒടുവിൽ യോംഗിചോയ്ക്കും പിടിവീണു...

എന്നാൽ ചോ യുടെ ഉപദേശങ്ങളും പഠിപ്പിക്കലുകളും താൻ വളർന്ന് വന്ന സംസ്കാരത്തിന്റേയും പിന്നെ പഠിച്ചെടുത്ത ദൈവശാസ്ത്രത്തിന്റേയും സങ്കലനം ആണെന്ന് മനസിലായപ്പോൾ പല രാജ്യങ്ങളിലും ചോയുടെ ഖ്യാതി കുറഞ്ഞു.

പാസ്റ്റർക്ക് എതിരെ കേസ് കൊടുത്ത ഒരു സഭാ മൂപ്പൻ ഏഷ്യാ ന്യൂസിനോട് പറഞ്ഞു, "കഴിഞ്ഞ 14 വർഷമായി ഞാൻ ഇതൊക്കെ കാണുകയും ഇതിൽ ഭാഗവാക്കാവുകയും ചെയ്യുന്നു. ഞാൻ പാസ്റ്ററെ ഇങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ പാസ്റ്റർ അതിന് ശ്രദ്ധ കൊടുത്തില്ല. അദ്ദേഹത്തിന്റെ സ്വഭാവം ഒരു ക്രിസ്ത്യാനിയേക്കാൾ ഉപരി ഒരു രഹസ്യസ്വഭാവമുള്ള സംഘടനയുടെ ഗുരുവിനോടാണ് സദൃശ്യം".

കോടതിവിധിക്ക് ശേഷം ചോയുടെ ശിഷ്യന്മാർ മാധ്യമ പ്രവർത്തകരെ കയ്യേറ്റം ചെയ്യുകയും ലഹള ഉണ്ടാക്കുകയും ചെയ്തുവെന്ന് ഏഷ്യാ ന്യൂസ് റിപ്പോർട്ട് ചെയ്തിരുന്നു. പോൾ യോംഗിചോ എന്ന പേരിൽ നിന്ന് ഡേവിഡ് യോംഗിചോ എന്നതിലേക്ക് മാറ്റം നടത്തിയപ്പോഴും അത് ബൈബിൾ അടിസ്ഥാനത്തിലല്ല എന്ന് ആരോപിക്കപ്പെട്ടിരുന്നു.

മിക്ക മാധ്യമങ്ങളിലും യോംഗിചോയ്ക്ക് എതിരായ വാർത്ത വന്നപ്പോൾ ചോയുടെ സഹപ്രവർത്തകനും അദ്ദേഹത്തിന്റെ അമേരിക്കയിലെ പ്രതിനിധിയുമായ ബോബ് റോജേഴ്സ് തെറ്റിധാരണകൾ മാറ്റുവാൻ ലക്ഷ്യമാക്കി കരിഷ്മാ ന്യൂസിൽ യോംഗിചോയെ അനുകൂലിച്ച് ഒരു വാർത്ത കൊടുത്തിരുന്നു. യോംഗീചോയുടെ മുടിയനായ മൂത്ത പുത്രൻ ആണ് ഈ അവസ്ഥ വരാൻ കാരണം. ഒട്ടേറെ അവിഹിത ബന്ധങ്ങൾ ഉള്ളതും നാല് വിവാഹങ്ങൾ കഴിക്കുകയും ചെയ്ത ആളുമായ പുത്രൻ ഹീജൻ ആണ് ഈ പ്രശ്നങ്ങൾക്ക് എല്ലാം കാരണം എന്ന് ലേഖകൻ അവകാശപ്പെടുന്നു. മാത്രമല്ല, യോംഗീചോയുടെ ശിക്ഷ കൊറിയൻ നിയമം അനുസരിച്ച് ജയിലിൽ അനുഭവിക്കേണ്ട കാര്യം ഇല്ല എന്നും; അഞ്ച് വർഷത്തേക്കുള്ള കോടതിയുടെ നിരീക്ഷണത്തിൽ അടിസ്ഥാനമായുള്ള നല്ല നടപ്പാണിതെന്നും ലേഖനം പറയുന്നു. യോംഗീചോയുടെ പ്രായവും പ്രശസ്തിയും സമൂഹത്തിലെ സ്ഥാനവും ഓർത്താണ് കോടതി ശിക്ഷ ലഘൂകരിച്ചത്. എന്നാൽ മകൻ ചോ ഹീജനെ പോലീസ് ഉടനെ ജയിലിലാക്കി. ഓഹരി വിപണിയുടെ നൂലാമാലകളെക്കുറിച്ചും ബന്ധപ്പെട്ട രേഖകളെക്കുറിച്ചും യോംഗിചോയ്ക്ക് ഒന്നുമറിയില്ലായിരുന്നു എന്ന് ലേഖകൻ കരിഷ്മയിൽ വാദിക്കുന്നു. എന്നാൽ സഭാ മൂപ്പന്മാരുടെ വിശദീകരണപ്രകാരം യോംഗീചോയ്ക്ക് എല്ലാം അറിയാമായിരുന്നു എന്നും അദ്ദേഹത്തെ സഭ പ്രതിനിധികൾ ഈ അഴിമതിയിൽ നിന്ന് പിൻതിരിപ്പാൻ ശ്രമിച്ചിട്ടും യോംഗീചോ ചെവി കൊണ്ടില്ല എന്നും കൊറിയയിലെ ചില മാധ്യമങ്ങൾ ചൂണ്ടികാട്ടിയിരുന്നു.

ഭൗതിക നേട്ടങ്ങളും നന്മകളും മാത്രം ലക്ഷ്യമാക്കി ആളുകളെ സഭകളിൽ എത്തിക്കുന്ന അഭിവൃദ്ധിയുടെ സുവിശേഷത്തിന്റെ പതനവും ഒരു പക്ഷെ ചോയുടെ ശിക്ഷയിലൂടെ ആരംഭിച്ചിരിക്കാം. എന്നാൽ ചോയെപ്പോലെ ഇന്നും അനേകർ സഭാ വിശ്വാസികളേയും അധികൃതരേയും വിഡ്ഢികളാക്കി സാമ്പത്തിക അഴിമതി തുടരുന്നു. സഭാ പ്രവർത്തനങ്ങൾക്കും, സഭാ പണിക്കും, മിഷനറി പ്രവർത്തനത്തിനും സാമൂഹ്യസേവനത്തിനും പണം കൊടുക്കുന്ന സാധാരണക്കാരായ വിശ്വാസികൾ ഒരു കാര്യം ചിന്തിക്കുക. നിങ്ങൾ കൊടുക്കുന്ന പണം വേണ്ട വിധത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടോ? അതോ ചിലരുടെ ആഡംബരത്തിനും ധൂർത്തിനും കൊട്ടാരങ്ങൾക്കും, ബിസിനസ്സിനും സുവർണരഥങ്ങൾക്കും വേണ്ടിയാണോ ഈ പണം ഉപയോഗിക്കപ്പെടുന്നത്. അത് ചോദിക്കാൻ പണം കൊടുക്കുന്ന വിശ്വാസികൾക്ക് അവകാശം ഉണ്ട്.

**പ്രകാശ് പി. കോശി**

## 05 "ഹേ മരണമേ....നിന്റെ....

രിക്കുമ്പോൾ പിള്ളേര് സ്വൈര്യം കെടുത്തിയാൽ ദേഷ്യം പിന്നെ വരത്തില്ലെ? പണ്ട് അച്ചായനും അമ്മച്ചിയും പട്ടിണി കിടന്ന് തന്നെയും കൂട്ടു സഹോദരങ്ങളെയും പോറ്റിയതും പഠിപ്പിച്ചു വലുതാക്കിയതും എല്ലാം ജീവിതത്തിൽ ആദ്യമായും അവസാനമായും ഒരു ലൈവ് വീഡിയോ പോലെ കൺമുമ്പിലൂടെ മിന്നി മറയുമ്പോൾ അതല്ലേ യഥാർത്ഥത്തിൽ കാണേണ്ട വീഡിയോ? മാത്രവുമല്ല വെള്ള സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഐഹിക ജീവിതകാലത്ത് ഓരോരുത്തനും കാട്ടികൂട്ടിയ സകല അഭ്യാസങ്ങളും ഇതിനേക്കാൾ ലൈവ് ആയി കാണിച്ചു തരുമെന്നും ആ വീഡിയോയാണ് ഏറ്റവും പ്രധാനമെന്നും ഓർത്താൽ ഈ വക കോപ്രായങ്ങളൊക്കെ ഉപേക്ഷിക്കും എന്നതുറപ്പ്. വിപുലമായ ഈ ടെലികാസ്റ്റുകളുടെ അന്ത്യത്തിൽ ഒരു കാര്യം കൂടെ എഴുതിക്കാണിച്ചാൽ കൊള്ളായിരുന്നു: "ഇന്ന് ഞാൻ..നാളെ നീ". ഒരു പക്ഷെ അത് വായിച്ചിട്ടെങ്കിലും ഇനിയും രണ്ടുരു ചാകാത്ത ആരെങ്കിലുമുണ്ടെങ്കിൽ മാനസാന്തരപ്പെട്ടെങ്കിലോ..

## 11 കാലികം....

ൾ കഴിഞ്ഞിട്ടും കാര്യം നടക്കാതെ വരുമ്പോൾ ചിലർ ഉപദേശിക്ക് സ്ഥലമാറ്റം വാങ്ങിക്കെടുത്തിട്ട് പുതിയ ആളെ പരീക്ഷിക്കുന്നു. ഇന്ന് വിസിറ്റിംഗ് കാർഡും സ്വന്തമായി ഒരു പ്രസ്ഥാനത്തിന്റെ ബ്രോഷറും ഇല്ലാത്ത പാസ്റ്റർമാരെ കേരളത്തിൽ കാണാൻ കിട്ടില്ല. സത്യത്തിൽ ഇവരെയെല്ലാം വിളിച്ച വിളിക്കൊത്ത് ശരിയായി പ്രവർത്തിച്ചിരുന്നെങ്കിൽ ഇൻഡ്യാ മഹാരാജ്യത്തിന്റെ പാതി സുവിശേഷികരണം പണ്ടേ നടന്നേനെ. ഫലപ്രദമല്ലാത്ത ഈ പ്രവർത്തന ശൈലിയിൽ നിന്ന് ആർ തിരുത്തും ഈ ആത്മീയക്കൂട്ടരെ.

ഇന്ന് നല്ലൊരു ശതമാനം സഭകളെക്കുറിച്ചും പഠനം നടത്തിയാൽ പാസ്റ്റർമാർ അവർക്ക് ഒരു ഭാരമായി തോന്നിതുടങ്ങിയോ എന്നൊരു സംശയം. ഇന്നു മൂന്നു വർഷം മാത്രമേ ഒരു പാസ്റ്ററെ സഭയിൽ ഇരുത്തു എന്ന തീപാറുന്ന നിയമം നടപ്പിലാക്കിയ സഭകളുണ്ട്. നല്ലതുതന്നെ എന്നാൽ നന്നായി പോകുന്ന ഒരു ദൈവദാസനെ സഭയ്ക്ക് ഏറെ പ്രയോജനപ്പെടുന്നു എന്ന് കണ്ടാൽ നിങ്ങളുടെ ന്യായപ്രമാണത്തിന് അല്പം അയവുവരുത്തുന്നതിൽ തെറ്റില്ല. പലസഭകളുടെയും വളർച്ച മുരടിക്കുവാൻ കാരണം മൂന്നുവർഷം കഴിഞ്ഞാൽ ഉടനെ പാസ്റ്ററെ മാറ്റണം എന്ന പിടിവാശി തന്നെയാണ് എന്നതിന് സംശയം വേണ്ട. ഈ വിധനിയമാവലി വിശ്വാസി സമൂഹത്തിന് അടിച്ചേല്പിച്ച് ജനത്തെക്കൊണ്ട് നടപ്പിൽ വരുത്തുന്നവർ സഭ വളരുന്നില്ലെങ്കിൽ തിരുത്താനും തെറ്റ് സമ്മതിക്കാനും തയ്യാറാകണം. അപ്പീലിനു പോലും പോകാൻ നിയമസാധ്യതയില്ലാതെ മൂന്നാം വർഷം തന്നെ മാറ്റം നടപ്പിൽ വരുത്തുന്ന വിശ്വാസികൾ സഭാശുശ്രൂഷകനെ പന്തുതട്ടുകയാണ്. ഉപദേശിയെ അനുസരിക്കുകയോ ചെയ്യാതെ ഗ്രൂപ്പ് പിടിച്ച് സ്ഥലമാറ്റം നടപ്പിൽ വരുത്തുന്ന രീതി തെറ്റാണ്. ദൈവദാസൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പാസ്റ്റർമാരെ; സ്കൂളിൽ പോയിട്ടില്ലാത്ത അമ്മച്ചിമാർ സാക്ഷ്യം പറയുമ്പോൾ 'ഞങ്ങുടെ ദാസൻ എന്നാണ് അഭിസംബോധന ചെയ്യുന്നത്. ഞങ്ങുടെ ദാസൻ ഈ ആഴ്ച വീട്ടിൽ വന്നില്ല; ഞങ്ങളുടെ ദാസൻ എനിക്ക് സാക്ഷ്യത്തിന് സമയം തന്നില്ല ഇങ്ങനെ നീളുന്നു ആ ശൈലി. പല ഉന്നതന്മാർക്കും പാവപ്പെട്ട ഉപദേശിമാരെ വേലക്കാരനായി കാണാനാണ് ഇഷ്ടം. കാരണം ഇദ്ദേഹം വേലക്കാരൻ തന്നെയാണല്ലോ മൂന്നുവർഷം കൂടുമ്പോൾ കൃത്യമായി സ്ഥലമാറ്റം നടത്തുന്ന സഭക്കാർ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയെ ഹനിക്കുകയാണിവിടെ. നിയമം നല്ലത് നടപ്പിൽ വരുത്തിക്കോ എന്നാൽ എല്ലാ ശുശ്രൂഷകരെയും ആ ഗണത്തിൽ പെടുത്തരുതെ. സഭയ്ക്ക് ശക്തമായി പ്രയോജനപ്പെടുന്നവരെ മൂന്നുവർഷം എന്ന ഒറ്റനിയമത്താൽ പെറുക്കികെട്ടാൻ അനുവദിക്കരുതെ. വരൾച്ച മുരടിച്ച് മരവിച്ചു നില്ക്കുന്ന സഭകൾ പുതുനാമ്പുകൾ വിടർന്ന് ഫലപ്രദമായിത്തിരട്ടെ. ഞങ്ങടെ ദാസൻ എന്ന് ആരും ഇനി സുവിശേഷവേലക്കാരെ കാണണ്ട. കാരണം മഹാരാജാവിന്റെ വേലക്കാരാണ് ഓരോ സുവിശേഷകരും.

**നിങ്ങൾ വരിസംഖ്യ നൽകിയോ?**

ഉടൻ തന്നെ വരിസംഖ്യ അടച്ച്

ഈ ശുശ്രൂഷയിൽ സഹകരിക്കുക

ലേഖനം

# “ഹേ മരണമേ....നിന്റെ ടെലികാസ്റ്റ് എവിടെ?”



റെജി പോൾ
ഷാർജ

വർഷങ്ങളായി ചിതലരിച്ചു കിടന്ന അച്ചായനെയും അമ്മച്ചിയെയും അത് വരെ തിരിഞ്ഞു നോക്കാത്ത ബന്ധുക്കാരും സഭക്കാരും “മരിപ്പ്” അറിഞ്ഞു കാണാൻ പാഞ്ഞെത്തുന്നത് കാണുമ്പോൾ ചിരി വന്നില്ലെങ്കിലെ അത്ഭുതമുള്ളൂ. വിദേശത്തുള്ള മക്കൾ എത്തുന്നത് വരെ മരവിച്ച് ഐസ് പെട്ടിയിൽ കാത്തുകിടക്കേണ്ടി വരുന്നത് അതിലേറെ ദൗർഭാഗ്യം. ഏറ്റവും ചീപ്പ് റേറ്റിനു എയർ ടിക്കറ്റ് എടുക്കുകയും അത് വരെ നാട്ടിലുള്ള മകനെക്കൊണ്ട് (ഫ്രീസറിന്റെ വാടക കൊടുപ്പിക്കുകയും ചെയ്യാമെന്ന ഗൂഡോദ്ദേശങ്ങൾ ഇതിന്റെ പിന്നിലുണ്ട്. (“അങ്ങനെ തന്നെവേണം, ഞങ്ങൾക്ക് കിട്ടേണ്ടത് കൂടി മുഴുവൻ എഴുതി മേടിച്ചെടുത്തപ്പോൾ ഓർക്കണമായിരുന്നു”) “അവരുടെ കർത്താവു ക്രൂശിക്കപ്പെട്ടതും ആത്മീകമായി സോദോം എന്നും മിസ്രയീം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും” (വെളി. 11:8). ആ കാഴ്ച ലോകം മുഴുവൻ കാണാൻ പോകുന്നത് ടി. വി. എന്ന ദൃശ്യമാധ്യമപ്പെട്ടിയിലൂടെ ആണെന്ന് പിന്നെ നാം മനസ്സിലാക്കി. പക്ഷെ ആ പെട്ടി ഇവിടം വരെ പിടിച്ചു കയറുമെന്ന് നമ്മിലാരോർത്തു? ഒരു വിധം ചുറ്റുപാടൊക്കെ ഉള്ള ഫാമിലി ആണെങ്കിൽ “സീയോൻ സഞ്ചാരി ഞാൻ.....ലോകെ ഞാൻ എൻ ഓട്ടം തികച്ചു” തുടങ്ങിയ സ്ഥിരം കുറെ പാട്ടുകൾ പെട്ടെന്ന് പ്രസ്സിൽ കൊടുത്തടിപ്പിക്കുകയും ഡിസ്ട്രിക്ടിനെയും സ്റ്റേറ്റിനെയും ഒക്കെ പങ്കെടുപ്പിക്കുകയുമായിരുന്നു അടുത്ത കാലം വരെയുള്ള കലാപരിപാടികൾ. എന്നാൽ മരണാനന്തര സിനിമാ പിടിത്തം ഇന്നിപ്പോൾ അഭിമാനവിഷയമായി മാറിയിരിക്കുന്നു. വന്നു സംബന്ധിക്കാൻ കഴിയാത്തവർക്ക് കണ്ടു തൃപ്തിയടയാനാണെന്ന് ന്യായീകരണം. അവസരം ഉണ്ടായപ്പോഴൊന്നും പ്രായമായ അച്ചായന്മാരെയും അമ്മച്ചിമാരെയും വന്നു കാണാത്തവരെ മരിച്ചപ്പോൾ കാണിക്കാനുള്ള നിർബന്ധ ബുദ്ധി ആരുടേതാണാവോ. എന്നാൽ “നിങ്ങളില്ലെങ്കിൽ എനിക്കെന്താഘോഷം” എന്ന് ഈ അന്ത്യകാലത്തു കാലനെക്കൊണ്ട് പറയിക്കുന്നിടത്തെത്തി നിൽക്കുന്നു കാര്യങ്ങൾ. കഴിഞ്ഞയിടക്ക് ഒരു സംസ്കാര വീഡിയോ കാണാൻ ഇടയായി. ഗേറ്റിലെ കൊത്തിവെച്ചിരിക്കുന്ന വീട്ടുപേരിന്റെ ക്ലോസപ്പ് പ്രദർശനത്തിൽ നിന്നാണ് സിനിമാരംഭം. നാല് പുത്തൻ ഉണ്ടാക്കിയശേഷം പഴയ അന്തസ്സില്ലാത്ത വീട്ടുപേര് നാണക്കേടാണെന്ന് തോന്നിയപ്പോൾ മാറ്റിയിട്ട്, കൊള്ളാവുന്ന നസ്രാണി വീട്ടുപേരിലേക്ക് മാറിയത് ഇതുവരെയും അറിയാത്തവരെ ബലമായി അറിയിക്കാനാണെന്നു തോന്നുന്നു ഇങ്ങനെ ചെയ്യുന്നത്. പാപ്പിച്ചായന്റെ എക്സ്പൈറി ഡേറ്റ് പ്രവചാത്മാവിൽ കണ്ട മക്കൾ അദ്ദേഹം തങ്ങളോടുകൂടെയും കൊച്ചുമക്കളോട് കൂടെയും ഐഹികജീവിതത്തിൽ സമയം ചിലവഴിക്കുന്നതും തുടങ്ങിയിട്ട് മനുഷ്യനെ ഏതെല്ലാം നിലയിൽ മടുപ്പിച്ച് കൊല്ലാമോ അതെല്ലാം ചെയ്തു വച്ചിട്ടുണ്ട്. അപ്പച്ചൻ ഒരറ്റത്തും മക്കളും കൊച്ചുമക്കളും ചുറ്റുമിരുന്ന്. പ്രാർത്ഥിച്ച ശേഷമുള്ള അത്താഴം മനോഹരമായി റെക്കോർഡു ചെയ്തിരിക്കുന്നു. അങ്ങനെ സന്ധ്യാ പ്രാർത്ഥനയുള്ള കുടുംബം എന്നും വ്യക്തമായി. പക്ഷെ കൊച്ചുമക്കളുടെ “ഇതെന്തു കുന്തം” എന്ന മട്ടിലുള്ള ഇരിപ്പ് കണ്ടിട്ട് ആ വീട്ടിൽ ഇതുവരെ ചെയ്തു ശീലമില്ലാത്ത എന്തോ കണ്ട പോലെ തോന്നിയത് ആകസ്മികമാവാം. അഭിനയത്തിന്റെ ഭാഗമായി, നേരത്തെ മരിച്ച അമ്മച്ചിയുടെ ഫോട്ടോയുടെ മുമ്പിൽ അപ്പച്ചൻ നിർന്നിമേഷനായി നിൽക്കുന്ന ഭാഗവും കണ്ടു. “ഇതിലൂടെയൊക്കെ കടക്കാതെ നീ നേരത്തെ രക്ഷപ്പെട്ടല്ലോ മറിയാമ്മേ” എന്ന ചിന്തയാണ് അദ്ദേഹത്തിന്റെ മുഖത്ത് നിന്ന് വായിക്കാൻ കഴിഞ്ഞത്. ജീവകാലത്ത് അഭിനയമറിയാതെ കഴിഞ്ഞ ഇവരെക്കൊണ്ട് എന്തിനു ഈ വക ശുംഭാഭ്ര പാളികളിൽ അഭിനയിപ്പിക്കുന്നു? മരണത്തെ വെല്ലുവിളിച്ച് നിത്യതക്കായി ഒരുങ്ങിയവരും ഈ ശരീരത്തിനു പുല്ലുവില പോലും കല്പിക്കാത്ത വരുമായ പിതാക്കന്മാരുടെ പിൻഗാമികൾ മരണത്തെ ഇത്ര ആഘോഷമാക്കുമ്പോൾ ആശയക്കുഴപ്പം വരാൻ പാടില്ലാത്തതാണ്. പക്ഷെ എന്താ ചെയ്ക? ചത്ത് കിടന്നാലും ചമഞ്ഞു കിടക്കേണ്ടേ? ഏതായാലും ലൈവ് ടെലിക്കാസ്റ്റ് ഒക്കെ തുടങ്ങിയതോടെ എല്ലാവരും തയ്യാറെടുപ്പുകളൊക്കെ എടുത്തിട്ടാണ് എത്തുന്നത്. സമുദായക്കാർ മരണ വീട്ടിൽ മരിച്ചയാളുടെ തലയ്ക്കൽ കുരിശുകൊണ്ട് വയ്ക്കുന്ന സ്ഥാനത്ത് വിശ്വാസി മരിച്ച വീട്ടിൽ കുറെ ദാസന്മാർ ആ കുറവ് നികത്താൻ വീട്ടുകാരെയും തള്ളി മാറ്റി നിരനിരയായി ഇരിക്കുന്നത് കണ്ടിട്ട് സങ്കടം തോന്നി. പരേതന്റെ പെൺമക്കൾ എല്ലാം ഒരേ നിറത്തിലും ഡിസൈനിലും ഉള്ള വസ്ത്രമണിഞ്ഞു ഒന്നിച്ചു പ്രത്യക്ഷപ്പെട്ടപ്പോൾ തൃശ്ശൂർ പൂരത്തിന്റെ ചന്തമുണ്ടായിരുന്നു എന്നത് നേര്. ശുശ്രൂഷകന്മാരും ഒട്ടും മോശമല്ല. ഉജാല വൈറ്റ് വേഷവിധാനങ്ങളുമായി അവരുമെത്തി. ലോകമെമ്പാടും കാണുമെന്ന കാരണത്താൽ തങ്ങളുടെ പ്രസംഗ പാടവം വെളിപ്പെടുത്താൻ പാട് പെടുന്നത് കണ്ടു വിഷമിച്ചുപോയി. മാത്രവുമല്ല ക്ലോസപ്പ് ടെലിക്കാസ്റ്റ് ആണെന്നറിഞ്ഞു പ്രസംഗത്തിന് അനുസരിച്ച് നവരസങ്ങൾ മുഖത്ത് വരുത്താനുള്ള ദയനീയ ശ്രമങ്ങളും കണ്ടു. ഇമ്മിണി കൂടിയ ഒരു ശുശ്രൂഷകൻ, “ഈ കിടക്കുന്ന അച്ചായനെ എനിക്ക് മുൻപരിചയമില്ല. എങ്കിലും ആത്മാവിൽ അറിയുന്നു” എന്നൊക്കെ തട്ടി വിടുമ്പോൾ ഈ വക വാമൊഴികളുടെ ആഴമേറിയ മർമ്മങ്ങൾ ഇനിയും വെളിപ്പെടാത്ത ജാതീയ അയൽക്കാർ വായും പൊളിച്ചു നോക്കി നിൽക്കുന്നത് കണ്ടില്ലെന്നു നടിക്കാം. താലി കെട്ടിയപ്പോൾ എടുത്ത ടേക്ക് ശരിയാകാഞ്ഞിട്ടു പിന്നെയും പിന്നെയും കെട്ടിച്ചു റീ-ടേക്ക് എടുത്ത കാമറാമാനെപ്പറ്റി കേട്ടിട്ടുണ്ട്. ഏതായാലും അച്ചായന്റെ മരണത്തിന്റെ ഷോട്ട് ശരിയാകാഞ്ഞിട്ട് വീണ്ടും വീണ്ടും മരിച്ചു കാണിക്കാൻ ആവശ്യപ്പെട്ടോ, ആവോ ആർക്കറിയാം? അന്ത്യ ചുംബനം കൊടുക്കാൻ വിളിച്ച കോളേജ് കുമാരിയായ കൊച്ചുമകൾ അപ്പച്ചന് അവസാന ഉമ്മ കൊടുക്കുമ്പോൾ ഒരുപാട് മൊബൈൽ ഫ്ളാഷുകൾ മിന്നിയപ്പോൾ ഇത് അച്ചായന്റെ സംസ്കാര ചടങ്ങാണോ അതോ പെങ്കൊച്ചിന്റെ അരങ്ങേറ്റമാണോ എന്ന് സംശയിച്ചുപോയി. ഇതിനൊക്കെ പുറകിൽ അലയടിക്കുന്ന പശ്ചാത്തല സംഗീതം കേട്ടാൽ ഗ്ലിസറിൻ വച്ചുണ്ടാക്കിയ കണ്ണീരുപോലും ഉണങ്ങിപ്പോകും. മരിച്ചു കിടക്കുന്ന പാപ്പിച്ചായൻ ഒഴികെ സകല മനുഷ്യരാശിയുടെ കയ്യിലും ചെവിയിലും മൊബൈൽ ഫോൺ പ്രവർത്തിച്ചു കൊണ്ടേയിരിക്കുന്നു. പൊതുസ്ഥലത്ത് ഉണ്ടാകുന്ന സഭാകമ്പം ആണ് മലയാളിയെ എപ്പോഴും ഈ വസ്തു വെറുതെ എടുത്തു ആരോടോ സംസാരിക്കുന്നു എന്ന വ്യാജേന ചെവിയിൽ പിടിക്കാൻ പ്രേരിപ്പിക്കുന്നതെന്ന ഒരു മനശാസ്ത്രജ്ഞന്റെ നിഗമനം ശരിയാണെന്ന് തോന്നി. “ഞാൻ പാതാളത്തിൽ കിടക്ക വിരിച്ചാൽ നീ അവിടെയും എന്നെ കാണും” എന്ന പ്രസംഗം കേട്ട ക്യാമറാമാൻ ഒരു നിമിഷം പടം പിടിത്തം നിറുത്തിയിട്ട് ഇതെന്നെ കുത്തിയാണോ എന്ന മട്ടിൽ ശുശ്രൂഷകനെ നോക്കുന്നു. അല്ലാത്തപ്പോൾ സൊറ പറഞ്ഞു നേരം പോക്കുന്നതും കാമറ സ്വന്തം നേരെ തിരിയുമ്പോൾ പെട്ടെന്ന് മുഖത്ത് വ്യസനം വരുത്തുന്നതുമായ മരുമക്കൾ വേറൊരു വശത്ത്. മറ്റൊരു നാട്ടിലെ വേറൊരു സിനിമയിൽ യാതൊരു സാക്ഷ്യവുമില്ലാതെ ജീവിച്ചു മരിച്ച ഒരച്ചായനെ കുറിച്ച് “നമ്മുടെ സഹോദരൻ സഭക്ക് മാത്രമല്ല നാടിനു തന്നെ ഒരനുഗ്രഹമായിരുന്നു” എന്ന് പ്രസംഗിച്ചു കാണാനിടയായി. അയൽക്കാരോടും സ്വന്ത സഭക്കാരോടും വെട്ടും കുത്തുമായി ജീവിച്ച്, വേണ്ടാത്ത പണിയ്ക്ക് പോയതിനു നാട്ടുകാർ മൈലുകളോളം ഇരുട്ടത്തോടിച്ച വ്യക്തിയുടെ സംസ്കാര വീഡിയോയുടെ ആരംഭത്തിൽ “ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു” എന്ന വചനം കലാരൂപേണ എഴുതിക്കാണിക്കുമ്പോൾ കാണാൻ പോകുന്നത് കോമഡി സിനിമയാണോ എന്ന് സംശയം തോന്നി. കലാചാതുര്യത്തോടെയുള്ള വർണ്ണശബളമായ ഈ വക പ്രസന്റേഷനൊക്കെ കണ്ടിട്ട് പെട്ടെന്ന് ചാവണമെന്നു ആർക്കെങ്കിലും ആഗ്രഹം കേറാതിരുന്നാൽ മതിയായിരുന്നു. തങ്ങളെ നന്നായി കവർ ചെയ്തില്ലെന്ന് പരാതിയുള്ള ബന്ധുക്കൾ “ഞങ്ങടെ അച്ചായനും അമ്മച്ചിക്കും വയസ്സായി, ഞങ്ങടെ വീട്ടിലുമുണ്ടാവും ഈ ലൈവ് ടെലികാസ്റ്റൊക്കെ” എന്ന് സമാധാനിച്ച് പിണങ്ങിയും പിരിയുമ്പോൾ ഏതു ഫോട്ടോ ഗ്രാഫറുടെ മനസ്സിലും ലഡ്ഡു പൊട്ടും. ആരെങ്കിലും പിന്നത്തേതിൽ ഈ വീഡിയോ അടിച്ചു മാറ്റി സ്വന്തമാക്കുമെന്ന ഭയമുണ്ടെങ്കിൽ സിനിമക്ക് ഒരു പേരൊക്കെയിട്ടു രജിസ്റ്റർ ചെയ്യാം. “തത്സമയം പാപ്പിച്ചായൻ” എന്ന പേര് നന്നായി ചേരും. ഈ പരിപാടിയിൽ സ്റ്റുഡിയോക്കാർക്ക് കളിപ്പ് പറ്റാൻ സാധ്യത കൂടുതലാണ്. കാരണം നേരത്തെയൊക്കെ വീഡിയോയോ ഫോട്ടോയോ എടുത്താൽ ആൽബം വാങ്ങാൻ വരുമ്പോൾ കാശ് വാങ്ങിയിട്ടാണ് കൊടുക്കാറ്. ഇതിപ്പോ തത്സമയ പ്രക്ഷേപണം കഴിഞ്ഞിട്ട് പിന്നെ കാശ് കൊടുത്തില്ലെങ്കിലെന്താ. കാണാനുള്ളതെല്ലാം എല്ലാരും കണ്ടു കഴിഞ്ഞില്ലേ. പെട്ടുപോയത് തന്നെ. അതുകൊണ്ട് ഈ പണിക്കു മാത്രം മുഴുവൻ അഡ്വാൻസ് വാങ്ങിയിട്ടേ തുടങ്ങാവൂ. അച്ചായന്റെ “മരിപ്പിനു” വരാൻ കഴിയാത്ത വിദേശത്തുള്ള മക്കളും ബന്ധുക്കളും സംസ്കാര ശുശ്രൂഷകയ്ക്ക് വന്നു പോകുന്നവരെ കണ്ട് അന്നാട്ടിൽ വിഡ്ഢിപ്പെട്ടിയുടെ മുമ്പിൽ ശ്രദ്ധ കൂർപ്പിച്ചിരിക്കുമ്പൊഴാ പിള്ളേര് വന്നേച്ചും “ഏതപ്പച്ചനാ മരിച്ചേ” എന്ന് ചോദിക്കുന്നെ. “ഒന്ന് മിണ്ടാതിരിയെടാ, വല്ല കാലത്തുമാ എല്ലാവരെയും ഒന്നിച്ചു കാണുന്നെ... അപ്പഴാ അവന്റെ നശിച്ച ഒരപ്പച്ചൻ ചോദ്യം” എന്നായിരിക്കും മറുപടി. പിന്നല്ലാതെ...അവിടെപ്പോയി കൂട്ടത്തിൽ അഭിനയിച്ചു ഷൈൻ ചെയ്യാൻ പറ്റാത്ത നിരാശയിലിരിക്കുംപോഴാ പിള്ളാരുടെ ഓരോ..ഞ്ഹാ...“ടിക്കറ്റിനു പൈസ കൂടുതലാ...അമ്മച്ചിയും അൽപം വീക്കാണല്ലോ....പെട്ടെന്ന് വീണ്ടു പോകേണ്ടി വന്നാലോ....അതുകൊണ്ട് അമ്മച്ചിയുടേതിനു പോകാമെന്ന” പെൺബുദ്ധി ക്ഷമിക്കണം പിൻബുദ്ധി മനസ്സില്ലാ മനസ്സോടെ സമ്മതിച്ചിരിക്കുമ്പോഴാണ് ലൈവ് ഉള്ള കാര്യം അറിഞ്ഞത്. രണ്ടെണ്ണമടിച്ച് ഫീലിങ്ങ്സ് മാറ്റാമെന്ന് കരുതിയി

04

## കല്ലുകടി

# ബിരിയാണി വേണോ; ബിരിയാണി?

ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോൻ ആദ്യകാലത്ത് ദൈവത്തിൽ ആശ്രയിച്ചിരുന്നു. പിന്നീട് ലഭിച്ച പുകഴ്ചയും ലോക ഇമ്പങ്ങളും എല്ലാം അവന്റെ വിശ്വാസത്തെ ഇല്ലാതാക്കി. മരണശേഷം ആത്മാവ് മേലേക്കു പോകുമോ താഴേക്കു പോകുമോ എന്നറിയാത്ത നിലയിലുമായി. വിവേകം നഷ്ടപ്പെട്ടാൽ ജ്ഞാനിയുടെ ജ്ഞാനം ഭോഷത്വമാകും.

ഇതാ ഒരു ആധുനിക ശലോമോൻ വലിയ കുഴപ്പക്കാരനൊന്നുമല്ലാത്ത സാധരണക്കാരൻ . സായ്പിന്റെ സഭയിലെ കുറച്ച് പണിയില്ലാത്ത പുള്ളികളുടെ കൂടെ കൂടിയപ്പോൾ മുതൽ ഉള്ള ജ്ഞാനത്തിന് എന്തോ പ്രശ്നമായി. നേതാവിനെ താങ്ങുന്നവരുടെ കുടെ കൂടി. ഗ്രൂപ്പുയോഗമായി, ആവേശകമ്മറ്റിയായി, ഇപ്പോൾ  മലമറിക്കുമെന്നായി പാവം. ഒടുവിൽ സ്വന്തവാസസ്ഥലത്ത് ഗ്രൂപ്പുമീറ്റിംഗ് വിളിച്ചു കൂട്ടി. വൻ പ്രചരണവും കൊടുത്തു. 125 ബിരിയാണിക്കും ഓർഡർ കൊടുത്തു.വന്നവരുടെ സംഖ്യ അതിന്റെ ദശാംശത്തേക്കാൾ 2 കൂടുതൽ മാത്രം. തിന്നുശേഷിപ്പിച്ചു. ബിരിയാണി തന്നെ 100ലധികം ഇതെന്തു ചെയ്യും. പാവം ശലോമോൻ അതും ചുമ്മി പത്തനാപുരത്തും വള്ളംകളിയുടെ നാട്ടിലും അനാഥശാലകൾ കയറിയിറങ്ങിയത്രെ.

ബിരിയാണി വേണോ? ബിരിയാണി

**അടിക്കുറിപ്പ്:** ചിലരെ ചുമ്മിയാൽ ചുമ്മിയവനെയും നാറും എന്ന് പാവം ശലോമോൻ അറിഞ്ഞിരുന്നെങ്കിൽ..........




# ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

34

## Lesson 34
## i mesi

| | | |
|---|---|---|
| Gennaio | - | January |
| Febraio | - | February |
| Marzo | - | March |
| Aprile | - | April |
| Maggio | - | May |
| Giugno | - | June |
| Luglio | - | July |
| Agosto | - | August |
| Settembre | - | September |
| Ottobre | - | October |
| Novembre | - | November |
| Dicembre | - | Dicember |




# യു. എ. ഇ.

ഏഴ് എമിറേറ്റ്സുകൾ ചേർന്ന ഫെഡറേഷൻ ആണ് യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്ന യു. എ. ഇ. അബുദാബി, അജ്മാൻ, ദുബായ്, ഫുജൈറ, റാസ് അൽ ഖൈമ, ഷാർജ, ഉം അൽ ഖൈൻ എന്നിവയാണ് യു. എ. ഇ.യിൽ ഉൾപ്പെട്ടിരിക്കുന്ന എമിറേറ്റ്സുകൾ. എല്ലാ എമിറേറ്റ്സുകളും സ്വതന്ത്രമായിരിക്കുമ്പോൾ തന്നെ പൊതുഭരണ വ്യവസ്ഥയിൻ കീഴിൽ ഒന്നിച്ചു നിൽക്കുന്നു എന്ന പ്രത്യേകതയാണ് യു. എ. ഇ.യ്ക്കുള്ളത്. 82,880 ച.കി.മീ. വലിപ്പമുള്ള ഈ രാജ്യത്തിന്റെ തലസ്ഥാനം അബുദാബിയാണ്. ദിർഹം ആണ് ഔദ്യോഗിക നാണയം. പെട്രോളിയവും പ്രകൃതി വാതകവുമാണ് പ്രധാന വരുമാന ശ്രോതസ്സ്. എമിറേറ്റ്സുകളിൽ അബുദാബിയാണ് സമ്പന്നതയിൽ മുമ്പിൽ നിൽക്കുന്നത്. ലോക വ്യാപാര കേന്ദ്രം എന്ന നിലയിൽ ദുബായ് ആണ് ലോകശ്രദ്ധ ആകർഷിക്കുന്നത്. 200 രാജ്യങ്ങളിൽ നിന്നുള്ളവർ ദുബായിൽ ഉണ്ട് എന്നത് ഏറ്റവും പ്രസ്താവ്യമായ വസ്തുതയാണ്. ഇത്രയധികം ലോകരാജ്യങ്ങളിൽ നിന്നുള്ളവർ ഒരു രാജ്യത്ത് വസിക്കുന്നത് കാണുവാൻ കഴിയില്ല. വിദേശികളോട് വളരെ മാന്യമായി ഇടപെടുകയും അവർക്ക് ആവശ്യമായ സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു എന്നതാണ് ഈ രാജ്യത്തിന്റെ പ്രത്യേകത. നിയമങ്ങൾ കർശനം എന്നു തോന്നിയാലും അത് ജനങ്ങളുടെ സുരക്ഷയ്ക്കും ദൈനംദിന ജീവിതത്തിനും പ്രയോജനപ്പെടുന്നു എന്നതാണ് സത്യം. നിയമങ്ങൾ പാലിക്കപ്പെടുന്നതുകൊണ്ടു തന്നെ ആർക്കും അതിൽ പ്രതിഷേധവുമില്ല. നിയമങ്ങൾ കാറ്റിൽ പറത്തുന്ന നമ്മുടെ പുള്ളികൾ ഇവിടെ കുഞ്ഞാടുകളെപ്പോലെ നിയമം അനുസരിക്കുന്നത് നമ്മെ അത്ഭുതപ്പെടുത്തും. പണി ചെയ്യാതെ മെനക്കെട്ട് നടന്നിരുന്ന മലയാളികൾ ഇവിടെ രാവേറെ വിയർപ്പൊഴുക്കുകയാണ്. അതിന്റെ ഫലം അവർ അനുഭവിക്കുകയും ചെയ്യുന്നു. ഗൾഫ് മലയാളിയുടെ ഉയർച്ചയ്ക്ക് പിന്നിൽ അധ്വാനിപ്പാനുള്ള അവന്റെ മനസ്സാണ് കാരണം.

# മോദി സ്തുതികളുമായി ദേശീയ സഭാ കൗൺസിൽ അധ്യക്ഷൻ, പിന്നാലെ തിരുത്തലും

## പ്രകാശ് പി. കോശി

ദേശിയ സഭാ കൗൺസിൽ (NCCI) അധ്യക്ഷൻ ബിഷപ്പ് താരാനാഥ് സാഗർ മോദിയുടെ വികസനപ്രവർത്തനങ്ങളെ പുകഴ്ത്തി പ്രസ്താവനയിറക്കി.

സഭാ കൗൺസിലിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് മുന്നോടിയായി ഫെബ്രുവരി രണ്ടിന് കൽക്കട്ടയിൽ നടന്ന പത്ര സമ്മേളനത്തിലാണ് ബിഷപ്പ് താരാനാഥ് മോദി ഗുജറാത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളെ സ്തുതിച്ചത്.

"മോദി ഗുജറാത്തിൽ അധികാരം ഏറ്റശേഷം വികസനത്തിന്റെ ചരിത്രം മാറ്റിയെഴുതി" ബിഷപ്പ് പറഞ്ഞു.

"മോദി അധികാരത്തിൽ വരികയാണെങ്കിൽ ഹിന്ദുത്വ അജണ്ട നടപ്പാക്കുകയില്ല എന്ന് എനിക്ക് തോന്നുന്നു".

ബിഷപ്പിന്റെ അഭിപ്രായത്തിൽ നരേന്ദ്ര മോദി മതേതരത്വത്തിന്റെ അജണ്ടയാണ് ഇപ്പോൾ പിന്തുടർന്നത്.

എന്നാൽ ബിഷപ്പിന്റെ മോദി സ്തുതികൾ വിവാദമായതിനെ തുടർന്ന് ദേശീയ സഭാ കൗൺസിൽ തിരുത്തൽ പ്രസ്താവനയിറക്കി. ദേശീയ സഭാ കൗൺസിൽ ഭാരതീയ ജനതാപാർട്ടിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി നരേന്ദ്രമോദിയെ പിന്തുണയ്ക്കുന്നു എന്ന വാർത്ത പ്രമുഖ മാധ്യമങ്ങളിൽ വന്നതോടെയാണ് സഭാ കൗൺസിൽ പ്രസ്താവനയിറക്കാൻ നിർബന്ധിതരായത്.

"ദേശീയ സഭാ കൗൺസിൽ ഇൻഡ്യൻ സഭകളുടെ എക്യുമെനിക്കൽ കൂട്ടായ്മ എന്ന നിലയിൽ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയെയോ നേതാവിനെയോ പിന്തുണയ്ക്കുന്നില്ല" പറഞ്ഞു സഭാ കൗൺസിൽ പത്രകുറിപ്പ് ഇറക്കി.

ഇന്ത്യയിലെ വിവിധ പ്രൊട്ടസ്റ്റന്റ് ഓർത്തഡോക്സ് സഭകളുടെ ദേശീയ കൂട്ടായ്മയാണ് NCCI. രാജ്യത്തിലെ 30ഓളം വരുന്ന പ്രമുഖസഭകളുടെ മുന്നണിയുടെ നേതാവിന്റെ വാക്കുകൾ വലിയ കോലാഹലം സൃഷ്ടിക്കും എന്നുള്ളതുകൊണ്ടാണ് കൗൺസിൽ തിരുത്തൽ നടത്തിയത്. അടുത്തകാലത്ത് ചില സഭാ നേതാക്കന്മാർ മോദി സ്തുതികളുമായി വാർത്തകളിൽ നിറയുന്നത് കോൺഗ്രസിലെ പല നേതാക്കന്മാരെയും അലോസരപ്പെടുത്തുന്നു. മോദി അധികാരത്തിൽ വരികയാണെങ്കിൽ ഒരു പക്ഷെ ചില പരിഗണനകൾക്കുവേണ്ടിയാകണം നേതാക്കന്മാർ ഇത്തരം പ്രസ്താവനകൾ ഇറക്കുന്നത്. കാലത്തിന് അനുസരിച്ച് മാറേണ്ടത് ആവശ്യമാണല്ലോ; പ്രത്യേകിച്ച് ഭരിക്കുന്ന പാർട്ടിയുടെ ജനപിന്തുണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കാവി പാളയത്തിലേക്ക് കണ്ണുനട്ടിരിക്കുന്നതും സ്തുതി പാടുന്നതും ചില്ലറ ഗുണങ്ങൾ ഉണ്ടാക്കും എന്നും ഇവർ കരുതുന്നു.

## നിത്യതയിൽ



**ഏലിയാമ്മ ഈപ്പൻ**

**ഡിട്രോയിറ്റ്:** പരേതനായ പാസ്റ്റർ പി. ഇ. ഈപ്പന്റെ സഹധർമ്മിണിയും പാസ്റ്റർ റ്റി. ജി. ഉമ്മന്റെ ഇളയ മകളുമായ ഏലിയാമ്മ ഈപ്പൻ നിര്യാതയായി. പാസ്റ്റർ പി. ഇ. ഈപ്പനോടുകൂടെ ഡൽഹി, എറണാകുളം, അറ്റ്ലാന്റാ, ഡിട്രോയിറ്റ് എന്നിവിടങ്ങളിൽ ഔദ്യോഗിക ജീവിതത്തിലും കൂട്ടായ്മ ബന്ധത്തിലും സഭാശുശ്രൂഷയിലും പരേത സജീവ സഹകാരിയായിരുന്നു. പാസ്റ്റർ ജോർജ്ജ് ഉമ്മൻ (പത്തനാപുരം) പി. ഒ. ചെറിയാൻ (ടൊറോന്റോ), റവ. ഏബ്രഹാം ഉമ്മൻ (ഡാളസ്) എന്നിവർ സഹോദരങ്ങളും മറിയാമ്മ കോശി (ഡൽഹി), അന്നമ്മ ജോർജ്ജ് (ഹൈദ്രബാദ്) സഹോദരിമാരാണ്. മക്കൾ: എലിസബത്ത് ഫിലിപ്പ് - ഭർത്താവ് ഫിലിപ്പ് കെ. മാത്യു (ചെന്നിത്തല), അനു മാത്യു - ഭർത്താവ് ചെറിയാൻ മാത്യു (അറ്റ്ലാന്റാ), തോമസ് ഈപ്പൻ - മരുമകൾ ഗ്രേസ് തോമസ് (ഡിട്രോയിറ്റ്).




# SEMINARY FACULTY WANTED

*Peniel Bible Seminary is in need of the following personal*
**FACULTY with M.Th. Degree in Biblical Studies, Church History and Religion with Teaching experience.**
**CHAPLAIN with B.D. or M.Div Degree who have seminary teaching or conseling experience.**

Applicants with a heart for missions and who are willing to live on compus are preferred. Husband and wife teams who have qualification and willing to involve in ministry are welcome.

Apply with detailed resume to:

**PENIEL BIBLE SEMINARY**
**Keezhillam P.O., Ernakulam - 683 541.**
**Ph: 0484 - 2653070, 2654775, 9745437224.**
**Email: pbskeezhillam@yahoo.com**

## ഡോ.കോര സംസാരിക്കുന്നു



1. ഒടുവിൽ നേതാവ് ഡാളസിൽ എത്തി സായ്പിനെ സോപ്പട്ട് കസേര ഉറപ്പിക്കാൻ നടത്തിയ ശ്രമം കോര അറിഞ്ഞോ

**– ബിനോയി ഡാളസ്**

*അധികാര കസേരയിൽ കയറിയവർക്ക് അതിൽ നിന്നിറങ്ങുന്നത് മരണ വെപ്രാളം പോലെയാണെന്ന് ബിനോയിക്കു മനസിലായില്ലേ. ഈ കസേര മാന്ത്രിക കസേരയാണ്. ഇതിൽ കയറിവർ മനസോടെ ഇറങ്ങാറില്ല.*

2. യോംഗിചോയ്ക്കും മകനും സാമ്പത്തിക തിരിമറിയുടെ പേരിൽ 3 വർഷം തടവ്

**– ഏഷ്യാനൂസ് വാർത്ത**

*സഭ വളർത്തിയിട്ടാണ് ചോ പണം തിരിമറി നടത്തിയത്. നമ്മുടെ നേതാക്കന്മാർ സഭ വളർത്താതെ തന്നെ അടിച്ചു മാറ്റാനാണ് വൈദഗ്ദ്യം നേടിയിരിക്കുന്നത്.*

3. മാടപ്പള്ളിയുടെ ലീലാവിലാസങ്ങൾക്ക് നേതൃത്വം തടയിടാത്തത് എന്താ കോരേ

**– മോൻസി, വേങ്ങൽ**

*കൂടെ നിൽക്കാൻ ആളുവേണ്ടേ. മാന്യന്മാർ ഇല്ല അതിനാൽ ഇത്തരക്കാരെ ഒഴിവാക്കാനൊക്കുമോ.*

## 01 32–ാമത് പിസിനാക്ക് ഒരുക്കങ്ങൾ...

ഷകർ കോൺഫറൻസിൽ ശുശ്രൂഷക്കായെത്തും. പ്രസംഗകൻ, എഴുത്തുകാരൻ, സൗത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റി പ്രൊഫസർ എന്നീ നിലകളിൽ പ്രസിദ്ധനായ ടോമി ബാർണറ്റ്, ലോകപ്രശസ്ത സുവിശേഷകനായ നാഥാൻ മോറീസ്, പാസ്റ്റർ റ്റി. ഡി. ബാബു, ഡോ. കെ. മുരളീധരൻ, പാസ്റ്റർ ജോ കുര്യൻ തുടങ്ങിയവരാണ് പ്രധാന വചനശുശ്രൂഷ നിർവ്വഹിക്കുന്നത്. ജീസസ് കൾചർ എന്ന സുപ്രസിദ്ധ ബാൻഡിന്റെ പ്രെയ്സ് ആന്റ് വർഷിപ്പ് വേറിട്ട അനുഭവമാകും. ആത്മനിറവിലുള്ള ആരാധന, യൂത്ത് മീറ്റിംഗ്, സഹോദരീ സമ്മേളനം, കുട്ടികൾക്കായുള്ള പ്രോഗ്രാമുകൾ, കാത്തിരിപ്പ് യോഗം, സെമിനാറുകൾ, ക്ലാസ്സുകൾ ഇവയെല്ലാം ഈ സമ്മേളനത്തിന്റെ പ്രത്യേകതകളാണ്. 'ഞങ്ങളെ നിങ്കലേക്ക് മടക്കിവരുത്തേണമേ' വിലാപങ്ങൾ 5:21 എന്നതാണ് 31–ാമത് പിസിനാക്കിന്റെ  തീം. കോൺഫറൻസിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ആത്മീകമായി അനുഗ്രഹിക്കപ്പെടുവാനും പുതിയ ദർശനത്തോടെ മടങ്ങുവാനും ഉതകുന്ന പ്രോഗ്രാമുകളാണ് സംഘാടക ക്രമീകരിച്ചിരിക്കുന്നത്.

അമേരിക്കയിലെയും കാനഡയിലെയും മലയാളികളായ ദൈവജനത്തിന്റെയും ശുശ്രൂഷകരുടെയും ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമായ നോർത്തമേരിക്കൻ പെന്തക്കോസ്തൽ കോൺഫറൻസ് മൂന്നു പതിറ്റാണ്ടുകൾക്കിപ്പുറം കൂടുതൽ ശക്തിയാർജ്ജിച്ചിരിക്കുന്നു. പിറന്ന നാടിന്റെ പൈതൃകം നിലനിർത്തുവാനും പുത്തൻ തലമുറയ്ക്ക് ഭാരതവുമായി ഉള്ള ബന്ധം കാത്തുസൂക്ഷിക്കുവാനും കഴിയുന്ന പിസിനാക്ക് ഈ കാലഘട്ടത്തിന്റെ ആവശ്യംകൂടിയാണ് എന്നതിൽ സംശയമില്ല. ദൈവമക്കളുടെയും സഭകളുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം കോൺഫറൻസിന്റെ വിജയത്തിന് അത്യന്താപേഷിതമാണ്. അതിനാൽ ഏവരുടേയും സഹകരണം സംഘാടകർ പ്രതീക്ഷിക്കുന്നു.

റവ. ഡോ. രാജൻ കെ. ജോർജ് (നാഷണൽ കൺവീനർ), ബ്രദർ ജോമോൻ ഗീവർഗീസ് (നാഷണൽ സെക്രട്ടറി), ബ്രദർ പി. ജി. വർഗീസ് (നാഷണൽ ട്രഷറർ), റവ. ജെയിം ജോൺ (നാഷണൽ യൂത്ത് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള നാഷണൽ എക്സിക്യൂട്ടീവ് കമ്മറ്റി സമ്മേളനവിജയത്തിനായി അക്ഷീണം യത്നിക്കുന്നു.

പ്രാദേശീക തലത്തിൽ സമ്മേളനവിജയത്തിനായി ലോക്കൽ കോ–ഓർഡിനേറ്റേഴ്സായ റവ. സണ്ണി ജോർജ്, ബ്ര. ജെയിംസ് ജോർജ്, ബ്ര. ബിനു മാത്യു എന്നിവരും സേവനം അനുഷ്ഠിക്കുന്നു. നാഷണൽ മീഡിയാ കോ– ഓർഡിനേറ്ററായി റവ. ബാബു തോമസും ലോക്കൽ മീഡിയ കോ– ഓർഡിനേറ്ററായി റവ. മാത്യു റ്റി. സാമും പ്രവർത്തിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**
**E-mail: pcnak2014@gmail.com, Phone No: Cell: (248) 224-8830**
**website: www.pcnak2014.com**

## 01 ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തക്കോസ്തൽ...

ഡൽഹി), റവ. എം. കെ. ജോർജ്ജ് (കേരളം) എന്നിവരെ കൂടാതെ  സ്വദേശത്തും വിദേശത്തുമുള്ള മറ്റ് അനുഗ്രഹീത കർതൃദാസന്മാരും ദൈവവചനം ശുശ്രൂഷിക്കുന്നതാണ്.

വില്ല്യം മല്ലശ്ശേരി കോൺഫറൻസിന്റെ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കുന്നു. കോൺഫറൻസിന്റെ ഈ വർഷത്തെ തീം "ഉയർപ്പിന്റെ ശക്തി" എന്നുള്ളതാണ്.

ശനിയാഴ്ച യൂത്ത്സിനും, ലേഡീസിനും, ഫാമിലിക്കും വേണ്ടി പ്രത്യേക സെഷനുകളും കൂടാതെ യൂത്ത്സിനു വേണ്ടി ടാലന്റ് പരിശോധനയും ഉണ്ടായിരിക്കും.

ഞായറാഴ്ച സഭായോഗത്തിന് കർതൃമേശ ഉണ്ടായിരിക്കും. അതിനുശേഷം പൊതുയോഗത്തോടെ ഈ വർഷത്തെ കോൺഫറൻസ് സമാപിക്കുന്നതാണ്.

എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയും സഹകരണവും ഈ വർഷവും ഉണ്ടാകണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു.

കൂടുതൽ വിവരങ്ങൾക്ക്

പാസ്റ്റർ ഏലിയാസ് ജോൺ (പബ്ലിസിറ്റി ബോർഡ് ചെയർമാൻ) +61 423804644

## പ്രകാശനം ചെയ്തു



**കുമ്പനാട്:** 2014 ജൂലൈ 24 –27വരെ ഹൂസ്റ്റണിൽ നടക്കുന്ന 12–ാമത് ഐ. പി. സി. നോർത്തമേരിക്കൻ ഫാമിലി കോൺഫറൻസിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ ഐ. പി. സി. ഫാമിലി കോൺഫറൻസ് ട്രമ്പറ്റിന്റെ പ്രകാശനം ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഐ. പി. സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോണിനു നൽകി പ്രകാശനം ചെയ്യുന്നു. കോൺഫറൻസ് ട്രഷറാർ ബ്രദർ ചാക്കോ സ്റ്റീഫൻ, ഐ. പി. സി. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ് എന്നിവർ സമീപം.

## അമേരിക്കൻ വിശേഷം



**രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

## യോംഗിചോ

യോംഗിചോയുടെയും മകന്റെയും ശിക്ഷയുടെ വാർത്ത അമേരിക്കയെ സംബന്ധിച്ച് ഞെട്ടിപ്പിക്കുന്ന ഒന്നല്ല. എന്നാൽ മലയാളികൾക്ക് വൈകാരിക അടുപ്പമുള്ള വ്യക്തിയായിരുന്നു യോംഗിചോ. വിവർത്തനം ചെയ്യപ്പെട്ട തന്റെ  പുസ്തകങ്ങളും ജീവചരിത്രവും എല്ലാം യോംഗീചോയ്ക്ക് കേരളത്തിൽ ആരാധകരെ കിട്ടി. കോട്ടയം സമ്മേളനത്തിൽ പ്രതീക്ഷയോടെ കൊണ്ടുവന്നെങ്കിലും യോഗത്തിനെത്തിയവരെ നിരാശരാക്കിയെന്നാണ് ആ കാലത്ത് കേട്ടിരുന്നത്.

സഭാ ഫണ്ട് ദുരുപയോഗം ചെയ്യുകയും വിശ്വാസത്തിൽ നിന്ന് നിപതിക്കുകയും ചെയ്തിട്ടുള്ള ധാരാളം ടെലി ഇവാഞ്ചലിസ്റ്റുകളും മെഗാ ചർച്ച് പാസ്റ്റേഴ്സും അമേരിക്കയിലുണ്ട്. നിയമക്കുരുക്കിൽ അകപ്പെട്ട ഇത്തരക്കാരുടെ വാർത്ത വളരെ പ്രാധാന്യത്തോടെ ഇവിടുത്തെ മാധ്യമങ്ങൾ പ്രസിദ്ധീകരിക്കാറുമുണ്ട്. വചന വിരുദ്ധമായി ഊതി വീർപ്പിക്കുന്നതിന്റെയെല്ലാം ഗതി ഇതുതന്നെയാകും.

മഞ്ഞുവീഴ്ചയ്ക്ക് ശമനം ഇനിയും ആയിട്ടില്ല. കാലാവസ്ഥ വ്യതിയാനം ശാസ്ത്രലോകം ഗൗരവമായി ചർച്ച ചെയ്യുന്നു വചന നിവർത്തിയായി കാണുന്ന ദൈവജനം ഇത്തരം സംഭവ വികാസങ്ങളെ വചനാടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നത് പലപ്പോഴും കേൾക്കാനിടയായി.

ഇനി കോൺഫറൻസുകളുടെ സമയം ആകുകയാണ്. ശൈത്യ കാലത്തിനുശേഷം ഒരു വസന്തം പ്രതീക്ഷിക്കുകയാണ് ദൈവമക്കൾ.

നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്തുകാരുടെ കൂട്ടായ്മയായ പി. സി. എൻ. എ. കെയുടെ രണ്ടു സമ്മേളനങ്ങളിൽ ഡാളസിലും ഫിലെദൽഫ്യയിലും യോംഗിചോ അതിഥി പ്രസംഗകനായെത്തിയിരുന്നു. അതിനാൽ തന്നെ വൈകാരികമായ അടുപ്പം ചോയോടുണ്ടായിരുന്നു. നമ്മുടെ മലയാളി സമൂഹം ഒട്ടോരു ഞെട്ടലോടെയാണ് ഈ വാർത്ത ശ്രമിച്ചതെന്നു പറയാം.

## 01 പാസ്റ്റർ വിൽസൺ ജോസഫ് അന്തരിച്ചു...

ചീഫ് പാസ്റ്ററായിരുന്ന അദ്ദേഹം നല്ലൊരു കൺവൻഷൻ പ്രഭാഷകനായിരുന്നു. സഭയുടെ കേരളത്തിലെ ആസ്ഥാന മന്ദിരമായ കൊട്ടാരക്കരയിൽ നടന്ന (കഴിഞ്ഞ ഞായർ) അന്തർദേശീയ കൺവൻഷന്റെ സമാപനദിന സംയുക്ത ആരാധനയിലാണ് അവസാനമായ് പ്രസംഗിച്ചത്. സംസ്കാരശുശ്രൂഷകൾ വെള്ളിയാഴ്ച രാവിലെ 10ന് ഇരുമ്പല്ലിയൂർ ടി. പി. എം. സഭാ നാളിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ നടത്തി. 1924–ൽ മലയാളിയായ പാസ്റ്റർ പോൾ ശ്രീലങ്കയിൽ സ്ഥാപിച്ച സഭയാണ് ഇന്ന് 50 രാജ്യങ്ങളിലായ് പ്രവർത്തിക്കുന്ന ദി പെന്തക്കോസ്ത് മിഷൻ.

**പെനിയേൽ ക്യാമ്പ് & റിട്രീറ്റ് സെന്റർ**

- 800 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം.
- പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം താമസ സൗകര്യം.
- വിശാലമായ ഡൈനിംഗ് ഹാൾ.
- വിശാലമായ കാർ പാർക്കിംഗ് സൗകര്യം.
- കുടുംബസ്ഥർക്ക് ഒരുമിച്ച് താമസിക്കാം.
- ചെറിയ ഗ്രൂപ്പുകൾക്ക്  അനുയോജ്യമായ കോൺഫ്രൻസ് ഹാളുകൾ
- പ്രകൃതി രമണീയമായ ക്യാമ്പസ്

ഫോൺ: 9745437224

## ജേണൽ ഫോക്കസ്

# ദാവീദിന്റെ നിശ്ചല കൃപകൾ: ഒരു പുനർവായന



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

വിവിധ കാരണങ്ങളാൽ യിസ്രായേലിലെ മറ്റ് ഏതു രാജാവിനേക്കാളും ചരിത്രത്തിൽ ബഹുമാനിതനും ആദരണീയനും സർവ്വസമ്മതനുമായ വ്യക്തിയായിരുന്നു ദാവീദ്. യിസ്രായേലിലെ രണ്ടാമത്തെ രാജാവായ അദ്ദേഹം, ആ രാഷ്ട്രത്തിലെ രാജാക്കന്മാരുടെ കൂട്ടത്തിൽ ശ്രേഷ്ഠസ്ഥാനം വഹിക്കുന്നു. ദാവീദ് എന്ന പേരിന്റെ അർത്ഥം പ്രിയൻ (Beloved) എന്നാണ്. ബേത്‌ലഹേമ്യനും യഹൂദാ ഗോത്രത്തിൽപെട്ടവനുമായ യിശ്ശായിയുടെ എട്ടു പുത്രന്മാരിൽ അവസാനത്തെ മകനായിരുന്നു ദാവീദ്. ആടുകളെ മേയ്ക്കുന്ന ജോലിയിൽ ആയിരുന്നപ്പോൾ തന്നെ രാജാവായി താൻ ശമുവേൽ പ്രവാചകനാൽ അഭിഷിക്തനായിതീർന്നു (1 ശമു:10:1-13) ദാവീദിനെ സംബന്ധിച്ചുള്ള വൃത്താന്തം 1 ശമു: 16:3 മുതൽ 1 രാജാ 2:11 വരെയും 1 ദിന: 11:1 മുതൽ 29,30 വരെയും ഉള്ള വേദഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്.

ദാവീദിന്റെ ചരിത്രം സംബന്ധിച്ച് ഒരു വിശദപഠനം ഇവിടെ ലക്ഷ്യമല്ല; പ്രത്യുത ഒരു വിഹഗവീക്ഷണമാണ് ഉദ്ദേശ്യം. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള പുരുഷനായിരുന്നു ദാവീദ്; എങ്കിലും കൂടാരത്തിനുപകരം സ്ഥിരമായ ഒരു ദേവാലയം ദൈവത്തിനുവേണ്ടി പണിയുവാനുള്ള തന്റെ ആഗ്രഹത്തെ ദൈവം നിരാകരിക്കുകയാണ്. അതിനുള്ള അനുവാദം ദൈവം ദാവീദിനു കൊടുക്കുന്നില്ല. എന്തുകൊണ്ട്? ഈ പ്രമേയം ആസ്പദമാക്കി ദാവീദിന്റെ കൃപകൾ രണ്ടു ലക്കത്തിലൂടെ ജേണൽ ഫോക്കസ് ചെയ്യുകയാണ്.

യബൂസ്യരുടെ കൈയ്യിൽ നിന്നും യെരുശലേം പിടിച്ചെടുത്ത് അതിനെ യിസ്രായേലിന്റെ തലസ്ഥാനമാക്കുകയും ദാവീദിന്റെ നഗരം എന്ന പേരിൽ അതിനെ താൻ ഉറപ്പിക്കുകയും ചെയ്തു. മാത്രമല്ല അതുവരെ യിസ്രായേലിന്റെ ആരാധനാകേന്ദ്രമായ പെട്ടകം ആഘോഷപൂർവ്വം താൻ യെരുശലേമിലേക്ക് കൊണ്ടുവന്നു. താൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ട് ഭരണം ഏല്ക്കുന്നതിനു മുമ്പ് യാതൊരു കാരണവും ഇല്ലാതെ അമ്മായിഅപ്പനും യിസ്രായേലിലെ പ്രഥമ രാജാവുമായ ശൗൽ അവനെ പിടിച്ചു കൊന്നുകളയുവാൻ പരിശ്രമിച്ചു. ശൗലിന്റെ ഭരണകാലം മുഴുവൻ ദാവീദിനും സംഘത്തിനും ജീവരക്ഷയ്ക്കായി പാലായനം ചെയ്യേണ്ടതായി വന്നു. ദൈവകൃപയിൽ ദാവീദ് ശൗലിന്റെ ഗൂഢാലോചനകളിൽ നിന്നും അത്ഭുതപൂർവ്വം രക്ഷപെടുകയായിരുന്നു.

ദാവീദ് യിസ്രായേലിന്റെ ഭരണം ഏറ്റു. നിർഭാഗ്യമെന്നു പറയട്ടെ തന്റെ സ്വന്തം മകനായ അബ്ശാലോം, പിതാവിനെ സ്ഥാനഭ്രഷ്ടനാക്കി സിംഹാസനം പിടിച്ചെടുക്കാൻ ഒരു കൂട്ടം അനുയായികളെ സംഘടിപ്പിച്ചു കലാപം തുടങ്ങി. അത് വർദ്ധിച്ചപ്പോൾ സിംഹാസവും രാജധാനിയും വിട്ട് ദാവീദിനു ഓടിപ്പോകേണ്ടിവന്നു. അതിക്രമങ്ങൾ പലത് ഈ കലാപ കാലഘട്ടത്തിൽ സംഭവിച്ചു; എങ്കിലും ദൈവകൃപയാൽ അവയെല്ലാം ശമിക്കുകയും അബ്ശാലോം കൊല്ലപ്പെടുകയും ചെയ്തു. ദാവീദിന്റെ ഭരണത്തിന്റെ ഏകദേശം അവസാനഘട്ടത്തിൽ അദോനിയാവ് എന്ന ഒരുവൻ കലാപം സംഘടിപ്പിച്ച് ദാവീദിനെതിരെ പോരാടി. അത് രൂക്ഷമാകുന്നതിനു മുമ്പു തന്നെ ദാവീദ് അമർച്ച ചെയ്തു. മേൽപ്പറഞ്ഞ സംഭവങ്ങളിലൂടെ ജനത്തിന്റെ ആഴമായ സഹതാപം ആർജിച്ച വ്യക്തിയായിരുന്നു ദാവീദ് രാജാവ്.

യിസ്രായേൽ രാജ്യത്തിനു ഏറ്റവും കൂടുതൽ വിസ്തീർണ്ണം ഉണ്ടായിരുന്നത് ദാവീദിന്റെ ഭരണകാലത്തായിരുന്നു രാജ്യത്തിന്റെ അതിർ വിസ്തീർണ്ണമാക്കുവാൻ താൻ അനേക യുദ്ധങ്ങൾ ചെയ്തു. അസംഖ്യം ജനങ്ങളെ കൊന്നു. ചുറ്റുമുള്ള രാജ്യങ്ങളെ കീഴടക്കി. ഫെലിസ്ത്യ, മോവാബ്യ, സോബ, ഏദോമ്യ, അമ്മോന്യ, സോർ, സിറിയ തുടങ്ങിയ രാജ്യങ്ങൾ അവയിൽപെടുന്നു. ദാവീദിന്റെ യുദ്ധവിവരങ്ങൾ 2 ശമൂവേലിലും തന്റെ സൈന്യശക്തിയെപ്പറ്റിയുള്ള വിവരങ്ങൾ 1 ദിന: 27-ാം അദ്ധ്യായത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്.

ചെറുപ്രായം മുതലേ കിന്നരം വായിക്കുന്നതിലും പാട്ടുകൾ പാടുന്നതിലും ദാവീദിനു കഴിവുണ്ടായിരുന്നു. അമ്മായിഅപ്പന്റെ മനോവിഭ്രാന്തി മാറുന്നതിനു ദാവീദിന്റെ കഴിവ് ഉപയോഗിച്ചിരുന്നതായി ശൗലിന്റെ ചരിത്രം നമ്മെ മനസ്സിലാക്കിതരുന്നു. അനേകം ഗായകർക്കും ഗാനസംഘങ്ങൾക്കും ദാവീദ് പ്രചോദനമായിരുന്നു. ഭക്തഗായകൻ എന്ന ഖ്യാതി ദാവീദിന് ഉണ്ടായിരുന്നു (2 ശമു: 1: 17 -27; 2 ശമു: 22:2-51; ആമോ: 6:5).

ദാവീദിന്റെ കുടുംബത്തിൽ രാജവാഴ്ച ശാശ്വതമായി സ്ഥിരപ്പെടുത്തി കൊടുക്കുമെന്ന് ദൈവം അരുളിചെയ്തിരുന്നു. തന്റെ പിൻതുടർച്ചയിൽ വരുന്ന ഒരു മകനിൽ രാജത്വം ഉറപ്പിക്കുമെന്നും ദാവീദിനെ ദൈവം അറിയിച്ചു. ഈ അരുളപ്പാട് ശിരസ്സാവഹിച്ചുകൊണ്ട് താൻ ദൈവത്തെ സ്തുതിക്കുന്നത് 2 ശമു: 7-ാം അദ്ധ്യായത്തിൽ കാണാം. എന്നാൽ പഴയനിയമചരിത്രം പരിശോധിച്ചാൽ ദാവീദിന്റെ രാജവംശം ഇല്ലാതാകുകയും ഒന്നിനുപിറകെ ഒന്നായി ആ രാജവംശം പണിത ദേവാലയങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഈ ചരിത്ര യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ നാഥാൻ പ്രവാചകനിലൂടെ നൽകപ്പെട്ട പ്രവചനം പുതിയനിയമ ദർശനികരെ രണ്ടു വലിയ സത്യങ്ങളിലേക്ക് നയിച്ചു എന്ന് പുതിയനിയമം വ്യക്തമാക്കുന്നു.

“നീ എന്റെ മുമ്പാകെ ഭൂമിയിൽ ബഹു രക്തം ചിന്തിയിരിക്കുന്നു” എന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. ഈ പരാമർശം ദാവീദിന്റെ ജീവിതത്തിലെ ധാരാളം കാര്യങ്ങൾ നമ്മൾ അന്വേഷണവിധേയം ആക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുന്നു. (ഈ കാര്യങ്ങൾ അടുത്ത ലക്കത്തിൽ ഫോക്കസ് ചെയ്യുന്നതാണ്. അപ്പോൾ മാത്രമേ ഇന്ന് ആലയം പണിയിൽ വ്യാപൃതരായിരിക്കുന്നവരുടെ യഥാർത്ഥമുഖവും കപടമുഖവും അനാവൃതമാവുകയുള്ളു. അത് അടുത്ത ലക്കത്തിൽ)

## ചെറുകഥ

# ‘കാക്ക ദൈവം’



ബിനു വടക്കുംചേരി

അങ്ങനെ ഈ അവധിക്കു എല്ലാവരും തറവാട്ടിൽ ഒന്നിച്ചുകൂടുവാൻ തീരുമാനിച്ചതോടെ ‘പിള്ളേര് സെറ്റുകൾ’ എക്സാം കഴിഞ്ഞതും ഓരോരുത്തരായി എത്തി. എല്ലാവരും ചേർന്നപ്പോൾ കളിയും, കുസൃതിയുമായി കുട്ടികൾ നല്ല സന്തോഷത്തിലാണ്. ഇതിനിടയിൽ വെറുതെ ഇരിക്കുന്ന അമ്മച്ചിക്ക് ചുറ്റും കുട്ടികൾ ഒന്നിച്ചു കൂടി. അവരുടെ പതിവ് ആവശ്യം ബോധിപ്പിച്ചു “ഞങ്ങൾക്ക് ഒരു കഥ പറഞ്ഞു തരാമോ അമ്മച്ചീ...?” കുട്ടികൾക്ക് എന്ത് കഥ പറഞ്ഞു കൊടുക്കണം എന്ന് ചിന്തിച്ചിരിക്കുമ്പോൾ ഒരു കാക്ക കരയുന്ന ശബ്ദം കേട്ടു. ഉടനെ ഏലീയാവിനെ പോഷിപ്പിച്ച കാക്കയെ ഓർമ്മവന്നു. എല്ലാവരോടും വട്ടത്തിൽ ഒതുങ്ങിയിരിക്കുവാൻ പറഞ്ഞു. കുട്ടികൾ അതുപോലെ ചെയ്തു.

“അമ്മച്ചീ...ഇന്നത്തെ കഥയുടെ പേര് എന്താ...?’

കൊച്ചുമോൻ ചോദിച്ചപ്പോൾ ‘കാക്കയാൽ കരുതുന്നവൻ’ എന്ന് അമ്മച്ചി ഉത്തരം പറഞ്ഞു. എല്ലാവരും നിശ്ബദരായപ്പോൾ അമ്മച്ചി കഥ പറയുവാൻ തുടങ്ങി....

യിസ്രായേലിൽ ആഹാബ് രാജാവായിരുന്ന കാലത്ത പ്രവാചകനായ ഏലീയാവിനു യഹോവയിൽ നിന്ന് അരുളപ്പാടുണ്ടാകുകയും ആഹാബ് രാജാവിനോടു നേരിട്ടു അറിയിക്കുകയും ചെയ്തു; “ഞാൻ സേവിക്കുന്ന യിസ്രയേലിന്റെ ദൈവമായ യഹോവയെന്നും ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല എന്നും പറഞ്ഞു. അതിനുശേഷം ഏലിയാവിനു വീണ്ടും യഹോവയിൽ നിന്ന് അരുളപ്പാടുണ്ടാകുകയും അതിൻപ്രകാരം യോർദ്ദാനു കിഴക്കുള്ള കെരിത്തുതോട്ടിനരികെ ഒളിച്ചിരുന്നു. ദൈവം കല്പിച്ച കാക്കയിൽ നിന്നുള്ള അപ്പവും, കെരിത്തു തോട്ടിലെ വെള്ളവുമായിരുന്നു ഏലിയാവിനെ പോഷിപ്പിച്ചത്. അങ്ങനെ ദൈവം ഏലിയാവിനെ കാക്കയാൽ കരുതി.

വർഷങ്ങൾ പിന്നിട്ടു...! ഇന്ന് കെരിത്തു തോട്ടിലെ നിവാസികൾ കാക്കയെ ‘ആഹാര ദൈവവും’, ദൈവത്തിനും മനുഷർക്കുമിടയിലുള്ള മദ്ധ്യസ്ഥനായും കാണുകയും, കാക്കയോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാക്കയെ ആഹാര ദൈവമായി കാണുന്നതിനു അവർക്കു മറ്റൊരു കാരണവും കൂടി ഉണ്ട്. അത് ഇശോമശിഹ പറഞ്ഞ വാക്കുകൾ ആണ്, “കാക്കകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെയ്ക്കുന്നുമില്ല, എങ്കിലും അവയെ ദൈവം പുലർത്തുന്നു. ഇന്ന് കെരിത്തിലെ വീഥികളിൽ എല്ലാ കാക്കയുടെ വിഗ്രഹങ്ങൾ കാണാം. ഈ വിഗ്രഹത്തെ നോക്കി പ്രാർത്ഥിച്ചാൽ ‘ആഹാരം’ കിട്ടും എന്നാണ് അവരുടെ വിശ്വാസം. മാത്രവുമല്ല ‘കാക്ക’ കാരണം അവരുടെ ദേശം ലോകമെങ്ങും അറിഞ്ഞതിനാൽ കാക്കയുടെ ഐശ്വര്യമാണ് അവരുടെ ദേശം എന്നും ചിലർ വിശ്വസിക്കുന്നു.

ഇങ്ങനെ കാക്കയെ, ദൈവമായും, മധ്യസ്ഥനായും, ഐശ്വര്യമായും ഇവിടെയുള്ള ആളുകൾ കണക്കാക്കുന്നു.

പതിവുപോലെ കഥയിൽ നിന്നും സംശയം റിജോമോനിനുണ്ടായി. അവൻ അമ്മച്ചിയോടെ ചോദിച്ചു വാസ്തവത്തിൽ ദൈവം അല്ലേ കാക്കയോടു കല്പിച്ചത്? അപ്പോ ദൈവത്തെ അല്ലേ ആരാധിക്കേണ്ടത്?

അമ്മച്ചി- “അതേ മോനെ, ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏകമധ്യസ്ഥൻ ക്രിസ്തു മാത്രമാണ്, ‘ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കിടയിൽ മധ്യസ്ഥനും ഒരുവൻ; എല്ലാവർക്കുവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ (1 തിമൊ. 2:5,6)’.

ഇതിനിടയിൽ ചിഞ്ചുമോൾക്ക് ഒരു സംശയം, “അമ്മച്ചീ.... അപ്പോ കാക്കയുടെ വിഗ്രഹത്തെ ആരാധിക്കുന്നതും മണ്ടത്തരമല്ലേ?”

അമ്മച്ചി-“മോളെ,1546 ട്രെന്റ് കൗൺസിലിന്റെ വേദ ഉപദേശപ്രകാരം പള്ളികളിൽ രൂപങ്ങൾ വെക്കുന്നതും അവയ്ക്കു ആരാധനയും പുകഴ്ചയും നല്കുന്നത് ഉചിതവും നിയമ സത്യവും ആക്കുന്നു എന്ന് പ്രസ്താവിച്ചതോടെ വിഗ്രഹങ്ങൾ സഭകളിൽ സ്ഥാനം പിടിച്ചു. വിഗ്രഹ ആരാധന ദൈവം വെറുക്കുന്ന ഒന്നാണ്.ദൈവം മോശയ്ക്ക് കൊടുത്ത ‘പത്തു കല്പനകളിൽ, അതു വ്യക്തമാക്കിയിട്ടുണ്ട്. വിഗ്രഹത്തിനു വായയുണ്ടെങ്കിലും സംസാരിക്കില്ല, കണ്ണുണ്ടെങ്കിലും കാണുകയില്ല, ചെവിയുണ്ടെങ്കിലും കേൾക്കുകയില്ല, കൈയുണ്ടെങ്കില്ലും സ്പർശിക്കില്ല എന്നാണ് വചനം പറയുന്നത്.”

കുട്ടികൾക്കെല്ലാം ‘വിഗ്രഹ ആരാധനാ’ തെറ്റാണെന്നും, ഏക മധ്യസ്ഥൻ ക്രിസ്തുവാണെന്നും അമ്മച്ചി മനസ്സിലാക്കി കൊടുത്തതോടെ, പുതിയ കഥയും പുതിയ അറിവും കിട്ടിയ സന്തോഷത്തോടെ കുട്ടിപട്ടാളങ്ങൾ കളിയ്ക്കാൻ പോയി.

# ആലപ്പുഴ ഈസ്റ്റ് സെന്റർ കൺവൻഷൻ സമാപിച്ചു




**കായംകുളം:** 42-മത് ഇന്ത്യാ പെന്തക്കോസ്ത ദൈവസഭ ആലപ്പുഴ ഈസ്റ്റ് സെന്റർ കൺവൻഷനും സംഗീത വിരുന്നും 2014 ഫെബ്രുവരി 12 മുതൽ 16 വരെ കായംകുളം ഫെയ്ത്ത് സെന്റർ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എം. വി. വർഗ്ഗീസ് ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ റ്റി.ഡി.ബാബു, വർഗ്ഗീസ് ഏബ്രഹാം, ബാബു ചെറിയാൻ , കെ.എസ്.ഏബ്രഹാം, ബി.മോനച്ചൻ, ഡോ. രാജു തോമസ് എന്നിവർ പ്രസംഗിച്ചു, ചിക്കു കുര്യാക്കോസ് അനുഭവസാക്ഷ്യം പറഞ്ഞു. ഞായറാഴ്ച നടന്ന സംയുക്ത ആരാധനയിൽ ഐ.പി.സി. ജനറൽ പ്രസിഡന്റ് ജേക്കബ് ജോൺ ശുശ്രൂഷിച്ചു. പാസ്റ്റർ എം. വി. വർഗ്ഗീസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ ബി.മോനച്ചൻ , എം. ഒ. ചെറിയാൻ, കെ.ജെ. മാത്യു, സാബു ചാക്കോ, വി.എസ്.സിബിച്ചൻ, ജി.ജോണിക്കുട്ടി, സാം ജോൺ എന്നിവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. പുത്രികാ സംഘടനകളുടെ വാർഷിക യോഗത്തിൽ ഇവാ: വിൽസൺ ശാമുവേൽ (പി.വൈ.പി.എ. സംസ്ഥാന പ്രസിഡന്റ്) സിസ്റ്റർ മോളിക്കുട്ടി നൈനാൻ (സോദരി സമാജം സംസ്ഥാന ട്രഷറർ) എന്നിവർ പ്രസംഗിച്ചു. കോട്ടയം ബേർശേബാ ഗോസ്പൽ വോയ്സ് സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. ബ്രദർ എം. വി. ഫിലിപ്പ്, പാസ്റ്റർ കെ.ജെ.മാത്യൂ എന്നിവർ പബ്ലിസിറ്റി കൺവീനർമാരായി പ്രവർത്തിച്ചു. പാസ്റ്റർമാരായ പി.വി.ഉമ്മൻ, സുരേഷ് മാത്യു, വർഗ്ഗീസ് ചെറിയാൻ നേതൃത്വം നൽകി.

# Matrimonial

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് ദൈവകൃപയിൽ നിൽക്കുന്ന സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതി (പാസ്റ്ററുടെ മകൾ)26, 5'2' ബി. എസ്.സി നേഴ്സ്. ട്യൂട്ടറായി കേരളത്തിലെ പ്രശസ്തമായ ആശുപത്രിയിൽ ഇപ്പോൾ ജോലി ചെയ്യുന്നു. വെളുത്തനിറം സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ: 9446194780, 9048753260**

Pentecostal parents in USA invites proposal for their son 26 years, 5', 9" M.Div born again baptized and committed for North India Mission currently working as a mission leader in an English church in USA. He was born and brought up in India and had theological training in USA

We are seeking proposal from qualified, born again, baptized spirit filled and dedicated girl's parents. Please contact with personal profile and recent picture.

**Email.ID: jehovahjirehvs@gmail.com**


## കൊച്ചുവർത്തമാനം





പാസ്റ്റർ ബിജു ജോയി
തുവയൂർ
ഗൾഫ് എഡിറ്റർ
ബിലീവേഴ്സ് ജേണൽ

## ബന്ധുവിന് അറകൊടുക്കേണ്ടാ...

തോമാച്ചനുപദേശി (ശരിയായ പേരല്ല സാങ്കൽപ്പികം) പെന്തക്കോസത് ഉപദേശത്തിനും,വിശുദ്ധിക്കുമൊക്കെ വേണ്ടി നിവരെ നിൽക്കുന്ന ആളാണ്-വെള്ള വസ്ത്രവും-മീശമാറ്റലും ഒക്കെ തന്റെ പ്രസംഗത്തിൽ എപ്പോഴും ഉണ്ട്.തന്റെ സഭാമാത്രമല്ല സ്വാധീനത്തിലുള്ള എല്ലായിടത്തും ശക്തിയുക്തം ഉപദേശം പറയാൻ ഒരു പ്രത്യേക ധൈര്യം തന്നെ. അങ്ങനെയിരിക്കെയാണ് അമ്മാച്ചന്റെ മകൻ ദൈവ വിളികേട്ടു "ഭൗതിക" ജോലിവിട്ട്='വേല'യ്ക്കിറങ്ങിയത്. എന്നാൽ കഷ്ടകാലത്തിന് ചെന്നുപെട്ടത് ഉപദേശ വിരുദ്ധഗ്രൂപ്പിലും-"കഴിവും പ്രാപ്തി"യുമുള്ള സ്വന്തക്കാരനെ തള്ളികളയുന്നതെങ്ങനെ-മറ്റുള്ളവർക്കുവരുന്ന കുറവാണെങ്കിൽ അതു പിന്നെ തോമാച്ചനുപദേശിക്ക് ഒരു പ്രസംഗ വിഷയമാക്കാമായിരുന്നു ഇതങ്ങനെ പറ്റുമോ. സ്വന്തക്കാരനെ സ്ഥാനത്തും അസ്ഥാനത്തും ഒക്കെ എഴുന്നെള്ളിച്ചു അവസരങ്ങളെരുക്കാൻ വളരെ കഷ്ടപ്പെട്ടു നമ്മുടെ 'കക്ഷി' -രക്ഷനൽകിയ വീണ്ടെടുപ്പുകാരനെ വരെ പലപ്പോഴും അതിനു വേണ്ടി മാറ്റി നിർത്തി. ഒടുവിൽ ഒടുവിൽ തോമാച്ചനുപദേശിയും-പറയാൻ തുടങ്ങി "പെന്തക്കോസ്തിലൊന്നും" കാര്യമില്ലന്ന് ഒരോ കാറ്റും ചില നല്ല മരങ്ങളുടെ വേരും പറിച്ചേക്കാം എന്നുള്ളത് എത്ര സത്യമെന്ന് ആരറിയുന്നു സഹജേ.... നെഹമ്യാവിന്റെ കാലത്ത് ദൈവത്തിന്റെ ആലയത്തിലെ അറകൾക്ക് മേൽ വിചാരകനായിരുന്ന എല്യാശീബ് പുരോഹിതൻ. തോബിയാബിന്റെ ബന്ധുത്വം നിമിത്തം ഒരു വലിയ അറ ഒരുക്കികൊടുത്തിരുന്നു എന്നു തിരുവെഴുത്തിൽ നാം വായിക്കുന്നു ബന്ധു, സ്വന്തങ്ങൾ നിമിത്തം യാഗവസ്തുക്കളും-ദൈവാലയ ഉപകരണങ്ങളും ഇരിക്കേണ്ട സ്ഥാനത്ത് തോബിയാവിന്റെ  വീട്ടു സമാനങ്ങൾ നിറഞ്ഞു-ദൈവീകവും, ശ്രേഷ്ഠവുമായ കാര്യങ്ങളറിഞ്ഞിരിക്കേണ്ട എത്രയോ അറകളിലാണ് ഈ കാലത്ത് അന്യ സമാനങ്ങളുടെ കടന്നു കയറ്റം ഉണ്ടായിരിക്കുന്നത്- ശുദ്ധികരിക്കുന്നതിന് ധൈര്യവും ദൈവകൃപയും ഉള്ളവർ നമ്മുടെ നടുവിൽ ഉണ്ടായാൽ നമുക്കവരെ പിന്തുണയ്ക്കാം എന്താ സമ്മതമല്ലെ. അല്ലെങ്കിൽ തോമാച്ചൻമാരെ നമുക്ക് നഷ്ടമാകും....... അരുത് അങ്ങനെ നാം ഉദാസീനരാകരുത്......... കർത്താവു നമ്മെ ആ മഹത് പ്രവർത്തിക്കായി ഒരുക്കട്ടെ.... സ്തോത്രം.

## 11-ാമത് ഗ്രാഡുവേഷൻ സർവീസ്



**കോട്ടയം:** ഐ. പി. സി. തിയോളജിക്കൽ സെമിനാരിയുടെ പതിനൊന്നാമത് ഗ്രാഡുവേഷൻ സർവ്വീസ് ഫെബ്രുവരി മാസം 15-ാം തീയതി ശനിയാഴ്ച രാവിലെ 9.30ന് സെമിനാരി ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. ഗ്രാഡുവേഷനോടനുബന്ധിച്ചുള്ള സ്തോത്രശുശ്രൂഷ 14-ാം തീയതി വൈകുന്നേരം 6 മണിക്ക് പ്രസ്തുത സ്ഥലത്ത് വച്ച് നടത്തി.

ഗ്രാഡുവേഷനും സ്തോത്രശുശ്രൂഷയിലും റവ. ഡോ. പോൾ വിൻസർ (Associate Director, Langham Preaching) മുഖ്യ സന്ദേശം നൽകി. സി. റ്റി. എച്ച്, ബി. റ്റി. എച്ച്., എം. ഡിവ്. കോഴ്സുകളിൽ പഠനം പൂർത്തീകരിച്ച 42 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ റവ. എബി പീറ്റർ സർട്ടിഫിക്കറ്റുകൾ നൽകി.

സെമിനാരിയിൽ പഠനം തുടരുന്ന വിദ്യാർത്ഥികളെ ഗ്രാഡുവേഷനുശേഷം വടക്കെ ഇന്ത്യയിലെ വിവിധ മിഷൻ സ്റ്റേഷനുകളിൽ പ്രായോഗിക പരിശീലനത്തിനായി അയയ്ക്കുന്നതാണ്.

## കൗൺസിലിംഗ് ക്യാമ്പ്

**മുളക്കുഴ:** ഇന്നത്തെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വിവാഹമോചനം, കുടുംബതകർച്ച എന്നിവയുടെ പശ്ചാത്തലത്തിൽ, ഇന്ത്യ ദൈവസഭ കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റ് ബോധവൽക്കരണ കൗൺസിലിംഗ് ക്യാമ്പ് നടത്തുന്നു. ഏപ്രിൽ 2,3 തീയതികളിൽ മുളക്കുഴ, സീയോൻകുന്നിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി. ജെ. ജെയിംസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ഡയറക്ടർ പാസ്റ്റർ എ. റ്റി. ജോസഫ് അദ്ധ്യക്ഷത വഹിക്കും. പ്രശസ്ത കൗൺസിലേഴ്സ് ഡോ. ഐസക് വി. മാത്യു, ഡോ. ജസ്സി ജയ്സൺ, റവ. കെ. എസ്. ശമുവേൽ തുടങ്ങിയവർ ക്ലാസ്സുകൾ എടുക്കും. പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്, കരിയർ ഗൈഡൻസ് എന്നീ വിഷയങ്ങളെ കുറിച്ചുള്ള കൗൺസിലിംഗും ഉണ്ടായിരിക്കും. 15നും 35നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കൾക്ക് പ്രവേശനം.

കൂടുതൽ വിവരങ്ങൾക്ക്: 9446962865

## 12 മാധ്യമവിചാരം.....

സംസ്കൃതവും ഒന്നുമറിയാത്ത സായ്പിനു നൽകി അമേരിക്കൻ പി. എച്ച്. ഡി. നേടിയ ഒരു മഹോദ്രപം സാംകുട്ടിയുണ്ട്. അജിയുടെ യുദ്ധം ആത്മാർത്ഥമെങ്കിൽ ഇവരെയൊക്കെ ഹൈക്കോടതി കയറ്റണം. അതിനുള്ള നട്ടെല്ല് അജിക്കും ക്രൈസ്തവചിന്തയ്ക്കും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു. വ്യാജ ഡോക്ടറേറ്റിനെതിരെയുള്ള പോരാട്ടം സമഗ്രമെങ്കിൽ നിഷ്പക്ഷമതികളുടെ പിന്തുണ ഉറപ്പ്.

ഐ. പി. സി.യെ ശുദ്ധീകരിക്കുന്നതിലും രക്ഷിക്കുന്നതിലും പ്രതിജ്ഞാബദ്ധമായ സ്വർഗ്ഗീയധ്വനി ഇപ്പോൾ ചർച്ച് ഓഫ് ഗോഡ് രാഷ്ട്രീയത്തിൽ ഒരു കൈ പരീക്ഷിക്കുകയാണ്. പക്ഷെ ഈ ആന വല്ലാതെ മെലിഞ്ഞിരിക്കുന്നു. കുറേനാളായി എട്ടുപേജാണ് സ്വർഗ്ഗീയധ്വനിക്കുള്ളത്. മായം ഇല്ലാത്ത സുവിശേഷം കേൾപ്പിക്കും എന്ന ഏഴംകുളം സാംകുട്ടിയുടെ കോളം വാർത്തയും സ്വർഗ്ഗീയധ്വനി പതിവായി നൽകുന്നു. പ്രജാപതി ക്രിസ്തുവാണ് എന്ന വാദം ഇപ്പോൾ ചർച്ചയ്ക്ക് എടുക്കേണ്ട. പക്ഷെ ഏഴംകുളം പ്രജാപതിയെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? വേദങ്ങളിലെ പ്രജാപതി ഏഴംകുളത്തിന്റെ ആര്? കൂടുതൽ അറിയാൻ നമുക്കു കാത്തിരിക്കാം.

ഐ. പി. സി. പ്രൈവറ്റ് ലിമിറ്റഡ് പത്രമായിരുന്ന സ്വർഗ്ഗീയധ്വനിയെ ചർച്ച് ഓഫ് ഗോഡിന്റെ തൊഴുത്തിൽ കെട്ടാൻ തുടങ്ങുന്നതിന്റെ തുടക്കമോ ഈ ഏഴംകുളം വിധേയത്വം? മായമില്ലാത്ത സുവിശേഷ പ്രസംഗിക്കുന്ന അവകാശവാദം താമസംവിന പൊളിയാൻ പോകുന്നു എന്ന സത്യം സ്വർഗ്ഗീയധ്വനി വിസ്മരിക്കേണ്ട. പണ്ട് തല്ലി ക്യാമറ തകർത്ത ഏ. ജി. യിലെ ഭിന്ദ്രൻബാലയുമായി സ്വർഗ്ഗീയധ്വനി കൈകോർത്തു തുടങ്ങിയെന്നു തോന്നുന്നു. ശത്രുത ഇല്ലാതാക്കി നല്ല മനസാക്ഷി ഉള്ളവരാകുക എന്ന ഭിന്ദ്രൻബാലയുടെ പ്രസംഗസംക്ഷേപം മുൻ പേജിൽ നൽകിക്കണ്ടതുകൊണ്ട് ചോദിച്ചു പോകുകയാണ്. ദൈവത്തിലാശ്രയം വെയ്ക്കുക എന്ന ഫിന്നി പി. മാത്യുവിന്റെ മുഖപ്രസംഗവും തങ്ങൾ മയപ്പെട്ടതിന്റെ സൂചന നൽകുന്നു.

അച്ചൻകുഞ്ഞ് ആംആദ്മി പാർട്ടിയിൽ മാവേലിക്കരയിൽ നിന്ന് മത്സരിക്കാൻ സാധ്യത കാണുന്നു. പക്ഷെ മാവേലിക്കര സംവരണമണ്ഡലമാണ്. അവിടെ ഒരു ജൂതൻ മത്സരിക്കുക എന്നു പറഞ്ഞാൽ അത് സാഹസികമാണ്. ഏതെങ്കിലും വില്ലേജ് ഓഫീസറെ കൈമണിയടിച്ച് ഒരു സർട്ടിഫിക്കറ്റ് തരപ്പെടുത്തി മത്സരിച്ചാൽ ജയസാധ്യത കൂടുതലാണ്. കാരണം ബാഹ്യ നിരീക്ഷണം കൊണ്ട് ഒറ്റനോട്ടത്തിൽ അദ്ദേഹമൊരു കരിഞ്ഞ യഹൂദനാണ്. സംവരണമണ്ഡലത്തിൽ മത്സരിക്കാൻ അതിൽപരം യോഗ്യത മറ്റെന്തുവേണം? തൽക്കാലം അംബാസഡർ പണി മാറ്റിവെച്ച് ആം ആദ്മിയുടെ വേഷം കെട്ടുക. അംബാസഡറുടെ ഓഫീസിനു തൊട്ടരികിലുള്ള ഇന്ത്യൻ കോഫി ഹൗസിൽ ചെന്നാൽ ആദ്മിക്കാരുടെ വെള്ള പാന്റും ഷർട്ടും തരപ്പെടുത്താം. അതു ധരിച്ച് തൊപ്പിയുംവെച്ച് ചൂലുമേന്തി നിൽക്കുന്ന അച്ചൻകുഞ്ഞിന്റെ ചിത്രം മാധ്യമവിചാരകന്റെ മനസ്സിൽ ആവേശം വിതറുന്നു. റവ..ഇവാ.. വെറും എന്നിങ്ങനെ ആഴ്ചതോറും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന അച്ചൻകുഞ്ഞ് അരവിന്ദ് കേജരിവാളിനെ അനുകരിച്ച് അച്ചൻകുഞ്ഞ് കേജരിവാൾ എന്ന് പേരുമാറ്റാനും സാധ്യത കാണുന്നു. (ചില നാളുകളായി അച്ചൻകുഞ്ഞിനെ മാധ്യമവിചാരകൻ പരിഗണിക്കുന്നില്ലെന്ന പരിഭവത്തിന് ഇതിനാൽ പരിഹാരക്രിയ ആരംഭിച്ചിരിക്കുന്നു).

പോൾ യോംഗിചോ പേരുമാറ്റി ഡേവിഡ് യോംഗിചോ ആയ ശേഷമാണ് ആശാന് കഷ്ടകാലം തുടങ്ങിയത്. സാക്ഷാൽ ദാവീദ് പ്രശ്നക്കാരനായത് കൊട്ടാരംപൂകിയ ശേഷമാണല്ലോ. അതിനുമുമ്പുള്ള ദാവീദിനെക്കണ്ടാൽ സാക്ഷാൽ ബേത്ശേബയും ഭയഭക്തിയോടെ ബഹുമാനിച്ചിരുന്നു. അനന്തരാനുഗാമിയായി മകനെ വാഴിക്കുന്നതിലും ദാവീദ് വലിയ പ്രതിസന്ധിനേരിട്ടിരുന്നു. യോംഗിചോയുടെ മകൻ ഇപ്പോൾ ജയിലിലാണ്. അത്ഭുതജാലവിദ്യക്കാരുടെ മക്കളും ക്രമേണ അപ്പന്റെ വഴി തിരഞ്ഞ് അപകടത്തിൽപ്പെടും എന്ന് ഇത് തെളിയിക്കുന്നു. കാലഘട്ടത്തിന്റെ പ്രവാചകൻ എന്ന ദൂഷണനാമം തലയിൽ ചാർത്തപ്പെട്ട സാമച്ചനും തന്റെ വഴിയെ മക്കളെയും തിന്മയിലേക്ക് നയിച്ചുതുടങ്ങി. ചെങ്ങന്നൂരിലെ അദ്ദേഹത്തിന്റെ കൂടിവരവ് സഹപാസ്റ്റർ പൊട്ടിച്ചെടുത്ത് പുതിയതൊന്ന് ആരംഭിച്ച മനോവേദനയിൽ സാമച്ചൻ മകനെ ബിഷപ്പാക്കി രംഗത്തിറക്കിയിരിക്കുകയാണ്. പണ്ടേ ഈ ഗതികേട് ഭവിച്ച ശാപംമുറിക്കൽ സ്പെഷ്യലിസ്റ്റ് എം. എ. വർഗീസും അങ്ങനെയേതാനും പേരും പോൾ സാമച്ചൻ എന്ന പുതിയ അവതാരവും അടൂരിൽ സംഗമിക്കുന്ന പരസ്യം ഹല്ലേല്ലുയ്യാ നൽകിയിരിക്കുന്നു. കിടപ്പാടത്തിനും ഭക്ഷണത്തിനും കൂടി ആയിരംരൂപ നൽകിയാൽ റ്റിജോ തോമസ് കൃപാവരങ്ങൾ ആഴമായി പകർന്നുതരുമെന്നും ഹല്ലേല്ലുയ്യായിൽ കാണുന്നു. മനുഷ്യനായി പിറന്ന ആർക്കും പ്രാർത്ഥിച്ച് അപ്പവീഞ്ഞുകൾ നൽകാം എന്ന കപടോപദേശത്തിന്റെ ബ്രാന്റ് അംബാസഡർമാർ നിലനിൽപ്പിന് പുതിയ പോംവഴി തേടുമ്പോൾ ആയിരം രൂപയും തൊലിക്കട്ടിയുമുള്ള ആരെങ്കിലുമുണ്ടെങ്കിൽ അവർ അടൂരിന് വണ്ടി കയറട്ടെ.

ഒരു ഇടവേളയ്ക്കുശേഷം ഹെബ്രോൻ ബംഗ്ലാവിനു നേരെ ഹല്ലേല്ലുയ്യാ പുതിയ പോർമുഖം തുറക്കുകയാണ്. റ്റി. എസ്. ഏബ്രഹാമിന്റെ മകൾ ഷെർളി ചാക്കോ സ്വർഗ്ഗീയധ്വനിയിലെഴുതിയ ലേഖനത്തെ അവലംബമാക്കി ജേക്കബ് ജോൺ പക്ഷത്തുനിന്ന് ഹല്ലേല്ലുയ്യാ രാഷ്ട്രീയം കളിക്കുവാൻ കരുക്കൾ നീക്കി തുടങ്ങി. ജേക്കബ് ജോൺ അധികാരത്തിലെത്തുന്നതോടെ ഇദ്ദേഹത്തെ പിൻസീറ്റിലിരുത്തി കെ. സി. ഗ്രൂപ്പും ഹല്ലേല്ലുയ്യായും തങ്ങളുടെ വരുതിയിലേക്ക് പ്രസ്ഥാനത്തെ ഹൈജാക്ക് ചെയ്യുമെന്നും ഈ ലേഖകൻ ഒരു വർഷം മുമ്പ് ക്രൈസ്തവചിന്തയിൽ എഴുതിയിരുന്നു. സ്വർഗ്ഗീയധ്വനി ബംഗ്ലാവ് പക്ഷത്തും ഹല്ലേല്ലുയ്യാ എതിർചേരിയിലും നിന്ന് അടിക്കുമ്പോൾ ജയം ഹല്ലേല്ലുയ്യായ്ക്ക് തന്നെ എന്നും വിലയിരുത്തട്ടെ. പ്രതിസന്ധി രൂക്ഷമാകുമ്പോഴൊക്കെ നനഞ്ഞ ഒത്തുതീർപ്പുവ്യവസ്ഥ കൊണ്ട് ഇതുപക്ഷത്തെയും തണുപ്പിച്ച് തരക്കേടില്ലാത്ത ഒരു എക്സിക്യൂട്ടീവ് ഇരിപ്പിടം തരപ്പെടുത്തുന്ന ഫിലിപ്പ് പി.യുടെ പതിവ് നയതന്ത്രജ്ഞത ഫലം കാണാൻ ഇത്തവണ സാധ്യത തീരെക്കുറവ്.

ലേഖനം

# വയലിലെ കൊലപാതകം; ഹാബേല്യ പക്ഷം ആശങ്കയിൽ



ഷൈജു ഡാനിയേൽ
അടൂർ
shyjudani@gmail.com

ആട്ടിടയനും കൃഷിക്കാരനും തമ്മിൽ ആരാധനയുടെ പേരിലുണ്ടായ അസ്വാരസ്യങ്ങൾ നിമിത്തം മനുഷ്യചരിത്രത്തിലെ ആദ്യത്തെ കൊലപാതകത്തിനു വയൽ വേദിയായി!. ഒരുവന്റെ വഴിപാടിൽ ദൈവപ്രസാദമുണ്ടായപ്പോൾ അപരനിൽ ഉളവായ അസൂയമൂലം അവനെ കൊന്നുകളയുന്ന ഹീനമാർഗ്ഗത്തിന്റെ നികൃഷ്ട കർമ്മമാണ് അവിടെ നടന്നത്. അപ്പൻ ഒന്നാണെങ്കിലും അവരിൽ അന്തർലീനമായിരുന്ന സ്വഭാവങ്ങൾ വ്യത്യാസമായിരുന്നു. സ്വസഹോദരനെ കൊന്നു എന്നതിനേക്കാൾ ആരാധനയുടെ പേരിലാണ് ഇത് നടന്നത് എന്നത് ചിന്തനീയമാണ്. വഴിപാടിൽ ദൈവം പ്രസാദിച്ചു എന്ന ഒറ്റ കാരണത്താൽ ആദ്യത്തെ ആരാധനക്കാരന് കൊടുക്കേണ്ടി വന്ന വില അവന്റെ ജീവനായിരുന്നു. യഥാർത്ഥ ആരാധനക്കാരനെ ജീവിക്കാൻ അനുവദിക്കാത്ത സാത്താന്യ പ്രവർത്തനങ്ങളുടെ തുടക്കം അവിടെ കുറിക്കപ്പെട്ടു! വയൽ ആരാധനക്കാരന്റെ കുലക്കളമാകുന്ന ഭീകര കാഴ്ച!.

കൃഷിക്കാരനും ഇടയനും ദൈവരാജ്യ വിശദീകരണത്തിലെ യേശുവിന്റെ ഉപമാനങ്ങൾ ആണെങ്കിലും ഇവർ തമ്മിലുള്ള പോരാട്ടം ഏറിവരികയാണ്. ഇരുവരും വയലിലാണെങ്കിലും ഒരുവന്റെ ആരാധനയിൽ, ശുശ്രൂഷയിൽ, പ്രവർത്തനങ്ങളിൽ ദൈവപ്രസാദമുണ്ടായി അവൻ വിധിക്കുന്നു. എന്ന് കണ്ടാൽ അപരനിൽ ഉളവാകുന്ന കടുത്ത അമർഷവും അസൂയയും അന്നത്തേക്കാളേറെ ഇന്ന് കൂടുതൽ പ്രകടമാണ്. ശുശ്രൂഷാമുഖത്ത് കൂട്ടുവേലക്കാരൻ ഉയർന്നുവന്നാൽ സഹപ്രവർത്തകരിൽ അസഹനീയമായ വിധം ഇടക്കിടക്കു ഉളവാകുന്ന അസന്തുഷ്ടി ഇന്ന് കൂടുതൽ വ്യക്തമാണ്. ദൈവം ഒരുവനെ ഉപയോഗിക്കുന്നു എന്ന് കണ്ടാൽ പിന്നെ ഏതു തന്ത്രങ്ങൾ ഉപയോഗിച്ചും മറിച്ചിടുവാൻ ഉള്ള ശ്രമങ്ങൾ ആയിരിക്കും പിന്നീടങ്ങോട്ട്!. ദൈവീകദാനമായ ശുശ്രൂഷകളിലൂടെ ഒരുവൻ ജനസമ്മതനായാൽ പിന്നെ ദുഷ്പ്രചരണങ്ങൾ പ്രചരിപ്പിച്ചും അപകീർത്തിപ്പെടുത്തിയും അവനെ കൊന്നു കളയുന്ന രീതി ഭൂഷണമല്ല. ദൈവത്താൽ ലഭ്യമായ നിയോഗത്താൽ ഒരുവനിലൂടെ ചെയ്യപ്പെടുന്ന ദൈവരാജ്യപ്രവർത്തനങ്ങളെ (ദൈവീകവും വചനാധിഷ്ഠിതവുമാണെന്നു ബോധ്യമുണ്ടെങ്കിൽ മാത്രം) നാം ഹൃദയം കൊണ്ടംഗീകരിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ദൈവസ്നേഹത്തിന്റെ സ്വഭാവം നമ്മിൽ രൂപപ്പെടേണ്ടതുണ്ട്. ശൗലിന്റെ എക്കാലത്തെയും വലിയ ശത്രുവായി ദാവീദു മാറ്റപ്പെടുവാൻ കാരണം ശൗലിനേക്കാൾ തനിക്കുണ്ടായിരുന്ന സൗന്ദര്യം, ധനം മറ്റിതര വസ്തുക്കളുടെ സമൃദ്ധി കൊണ്ടായിരുന്നില്ല മറിച്ച് ശൗലായിരത്തെ കൊന്നു ദാവീദോ പതിനായിരത്തെ കൊന്നു എന്ന യിസ്രായേൽ കന്യകമാരുടെ പാട്ടായിരുന്നു. ഇവർ ഇരുവരും യിസ്രായേലിന് അന്യരല്ല. എന്നിരുന്നാലും ശൗൽ രാജാവായി വാഴുമ്പോൾ ഇടയചെറുക്കാനായ ദാവീദിന്റെ ദൈവദത്തമായ വളർച്ച അവനെ ആശങ്കയിലാക്കി അവന്റെ മനസമാധാനം തകർത്തു. ജനമദ്ധ്യേ ദാവീദിന്റെ സ്വാധീനത സദാ ശൗലിനെ സങ്കടത്തിലാക്കുകയും തുടർന്ന് അവനെ നശിപ്പിക്കുവാൻ കയ്യിലേന്തിയ കുന്തവുമായിട്ടായി ശൗലിന്റെ നടപ്പ്. എല്ലാം എന്നിലൂടെ, എവിടെയും എന്റെ പേർ എന്ന ശൗൽ മനോഭാവം അപകടം നിറഞ്ഞതാണ്. ആണ്ടുകളായി തുടരുന്ന ശുശ്രൂഷാധിപത്യത്തിനിടയിൽ ദൈവകൃപയുള്ളവൻ കയറിവരുന്നത് നവനേതൃത്വത്തിന് സഹിക്കാവതല്ല. പണവും ആൾസ്വാധീനവും കൊണ്ട് പണിതുയർത്തിയിരിക്കുന്ന പാരമ്പര്യമേൽക്കോയ്മകളെ ചോദ്യം ചെയ്തുകൊണ്ട് കായബലവും സമ്പത്തും ഇല്ലാതെ ദൈവം കൊടുത്ത കൃപകൾ മാത്രം കൈമുതലായുള്ള ഒരുവന്റെ രംഗപ്രവേശം ശൗൽ സമാന പ്രമാണികളെ അസ്വസ്ഥരാക്കും.

വയലിൽ വെച്ചാണ് കൊലപാതകം നടന്നത് എന്നത് വിചിത്രമായിരിക്കുന്നു!!. അത് കൃഷിക്കാരനും ഇടയനും തമ്മിലാകുമ്പോൾ അതി വിചിത്രം! ക്രൈസ്തവ മതവിരോധികളുടെ എതിർപ്പുകളെക്കാൾ ശക്തമാണ് വയലിലെ സ്വന്തം സഹോദരന്മാർ നടത്തുന്ന കൊലപാതകങ്ങൾ. ക്രൈസ്തവ പീഡനങ്ങളാൽ കൊല്ലപ്പെടുന്നവരെക്കാൾ എത്രയോ മടങ്ങ് കൂടുതൽ ആണ് വയലിൽ വച്ചുള്ള ആക്രമണങ്ങൾ. വയൽ വിശാലവും കൊയ്ത്ത് നടക്കുന്നതിനാലും കൂടുതലൊന്നും പുറംലോകം അറിയുന്നില്ല എന്ന് മാത്രം. സോഷ്യൽ മീഡിയകളിലൂടെയും മറ്റിതര മാധ്യമങ്ങളിലൂടെയും സ്വന്തം സഹോദര വർഗ്ഗത്തെ (ഒരേ അപ്പന്റെ മക്കൾ എന്ന നിലയിൽ) നിരർഥക വിമർശനങ്ങളിലൂടെ അപഹാസ്യപ്പെടുത്തി നടത്തുന്ന "വിശുദ്ധ കൊലപാതകങ്ങൾ" ഏറ്റവും ഹീനവും വിലകുറഞ്ഞതുമാണ്. സാമുദായിക സഭകളിൽ പോലും ഒന്നിച്ചു നിന്ന് അവരുടെ ഉപദേശങ്ങളെ സംരക്ഷിക്കുമ്പോൾ നമുക്കിടയിലുള്ള ഭിന്നതയും തള്ളിപ്പറച്ചിലുകളും ആക്രമണങ്ങളും നിമിത്തം പുറംലോകത്തു നാം അപമാനിക്കപ്പെടുകയാണ്.

വയലിലെ കൊലപാതകങ്ങൾ മൂലം യഥാർത്ഥ ആരാധകർ ആശങ്കയിൽ ആകുകയാണ്. അതിനാൽ തന്നെ ദൈവ സഭകളിൽ ആരാധന അന്യം നിന്ന് പോകുന്നു. തൊട്ടടുത്തിരിക്കുന്ന ഒരുവൻ ഒന്നുറക്കെ വായ്തുറന്നു ദൈവത്തെ സ്തുതിച്ചാൽ ഉടനെ പാരമ്പര്യവാദികളായ കായീന്യ പക്ഷക്കാർ രംഗത്തെത്തും. പരിഹാസച്ചുവയുള്ള വർത്തമാനങ്ങളും ആക്ഷേപങ്ങളും ഒക്കെയായി ആരാധനയിൽ അവനെ ഊമനാക്കി പെന്തക്കോസ്ത് ആലയങ്ങളിൽ തളച്ചിടുന്നു ഈ കൂട്ടർ. പുതുതായി ആരെങ്കിലും ദൈവസഭകളിൽ വന്ന് ദൈവീകവിടുതലുകളിലൂടെ ലഭ്യമായ സന്തോഷാധിക്യത്താൽ അധരം തുറന്നൊന്നാരാധിച്ചാൽ അവനെ അടിച്ചമർത്തി കൊന്നുകളയുന്ന കായീന്യമുതലാളിത്വത്തിന്റെ ഭീകരതകൾ! കീഴ്വഴക്കങ്ങളുടെ നിഷ്ക്രിയതകൾ! അനാചാരങ്ങളുടെ ശീലങ്ങൾ! പാരമ്പര്യത്തിന്റെ ആക്രമണങ്ങൾ ഇവയെല്ലാം ദൈവസഭകൾക്കുള്ളിൽ നിഴൽമൂടിയിരിക്കുന്നു. ഹാബേല്യ പക്ഷത്തെ കൊലപ്പെടുത്തുന്ന കായീന്യ തീവ്രവാദം പെന്തക്കോസ്തു സമൂഹത്തിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. ഇതിന്റെ ഒക്കെ കാരണങ്ങളാൽ പൊതു സമൂഹത്തിൽ ദൈവജനത്തിന് വിലയിടിവ് സംഭവിക്കുന്നു. ഒരു മടങ്ങിവരവ് നമുക്കിന്നനിവാര്യമായിരിക്കുന്നു. നമ്മുടെ ആലയങ്ങൾ ആരാധനക്കാരനെ കൊല്ലുന്ന ഇടങ്ങൾ ആകരുത്. സുവിശേഷവയലുകളിൽ വച്ച് നമ്മുടെ സ്വന്തം സഹോദരന്മാർ കൊലചെയ്യപ്പെടുന്ന ദുരന്തങ്ങൾ ഇനിയും ആവർത്തിക്കപ്പെടരുത്. മാതൃകാപരമായ വിശ്വാസജീവിതത്തിനുടമകളായി ശരിയായ ക്രിസ്തുശിഷ്യന്മാരായി നമുക്ക് മാറാം.!! വയലിലെ കൊലപാതകങ്ങൾ വയലിൽ ഒളിപ്പിച്ച നിധി തേടി എത്തുന്നവരെ ഒരിക്കലും നിരാശരാക്കികൂടാ!!

പ്രതികരണം

# "കൃപയുടെ സുവിശേഷം"



ലിസിയാമ്മ മാത്യൂസ്,
മുളക്കുഴ

"കൃപയുടെ സുവിശേഷം അപകടം തിരിച്ചറിയുക" എന്ന തലക്കെട്ടിൽ 2013 ഡിസംബർ 10ന് പ്രസിദ്ധീകരിച്ച ബിലീവേഴ്സ് ജേണലിൽ ചീഫ് എഡിറ്റർ സാംകുട്ടി മാത്യു, റാന്നി എഴുതിയ എഡിറ്റോറിയൽ വായിച്ചു.

ചായ സൽക്കാരംപോലെ നടത്തേണ്ട ഒന്നല്ല തിരുമേശ; തിരുവചനത്തിന്റെ പ്രമാണപ്രകാരമാണ് തിരുമേശ നടത്തേണ്ടത്. ഭയത്തോടും ഭക്തിയോടും മാത്രമേ വിശ്വാസിക്ക് തിരുമേശയിലേക്ക് കരം നീട്ടുവാൻ കഴിയുകയുള്ളൂ.

കർതൃമേശയുടെ വെളിപ്പാട് മത്തായിസുവിശേഷം 26:26,27 വാക്യങ്ങളിലും 1 കൊരി 11:26ലും ആണ്. പെസഹ കഴിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ യേശു അപ്പം നുറുക്കി "ഇത് എന്റെ ശരീരം" (മത്തായി 26:26) എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി ശിഷ്യന്മാർക്കു കൊടുത്തു. ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം" 22,28 വാക്യങ്ങൾ. ഇങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു (1 കൊരി 11:26). പാപികൾക്കു നിത്യജീവൻ പ്രദാനം ചെയ്യുവാൻവേണ്ടി ക്രൂശിൽ നമ്മുടെ രക്ഷക്കായി തകർക്കപ്പെട്ട യേശുവിനെ സ്മരിക്കുവാൻ വേണ്ടിയുള്ളതാണ് തിരുമേശ. ക്രിസ്തുയേശുവിന്റെ കാൽവറി ക്രൂശിലെ ബലിമരണത്തെക്കുറിച്ചുള്ള ഓർമ്മയാണ്.

തിരുമേശ ആചരിക്കുന്നവർ പുറകോട്ടുനോക്കി മുൾക്കിരീടധാരിയായി നമുക്കുവേണ്ടി ഇറങ്ങിവന്ന ക്രിസ്തുവിനെയും മുമ്പോട്ടു നോക്കി കിരീടധാരിയായി വരുവാനിരിക്കുന്ന ക്രിസ്തുവിനെയും മനോമുകുരത്തിൽ കാണണം.

a) തിരുമേശ അനുഭവിക്കുന്നവൻ യോഗ്യനായിരിക്കണം:- രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് യേശുക്രിസ്തുവിന്റെ വരവിനായി പ്രത്യാശയോടെ കാത്തിരിക്കുക എന്നതാണ് തിരമേശയെടുക്കുവാനുള്ള അടിസ്ഥാന യോഗ്യത.

b) തന്നെത്താൻ ശോധന ചെയ്യണം:- നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നെ ശോധന ചെയ്‌വീൻ (2 കൊരി 13:5)

c) ശരീരത്തെ വിവേചിക്കണം:- നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിനു സമർപ്പിച്ചു കൊൾവിൻ (റോമർ 6:13). അയോഗ്യമായി കർതൃമേശയിൽ പങ്കുകൊണ്ടാൽ ആത്മീക മരണം, ശാരീരിക മരണം, ബലഹീനത, രോഗം (1 കൊരി. 11:30) എന്നിവയാണ് പരിണിതഫലം.

ഇത് ഒരു സാഹോദര്യ ശുശ്രൂഷയാണ്. "നാം നുറുക്കുന്ന അപ്പം"- എല്ലാവർക്കും ഒരുപോലെ പങ്ക് ഉണ്ട്. അപ്പം ഒന്നാകകൊണ്ട് പലതായ നാം ഒരു ശരീരം ആകുന്നു (1 കൊരി. 10:17). തിരുമേശ അനുഭവിക്കുന്നവർ ഒരു കുടുംബത്തിന്റെ അംഗം. ഒരേ പാത്രത്തിൽ നിന്നും തിരുമേശയെടുത്തുകൊണ്ട് അടുത്തിരിക്കുന്നവന്റെ രോഗം പകർന്നതായി തെളിവില്ല. അടുത്തിരിക്കുന്ന വ്യക്തിത്വത്തെ വിലയിരുത്തുന്നത് കാൽവറി ക്രൂശിലെ ചിന്തയിലാണ്.

പഴയനിയമത്തിലെ പെസഹയാണ് പുതിയ നിയമത്തിലെ തിരുമേശ എന്ന് ചിലർ വിശ്വസിക്കുന്നു. തിരുമേശ പെസഹയോ പെസഹയുടെ പിൻതുടർച്ചയോ അല്ല.

(1) പെസഹയുടെ പ്രതിവസ്തുതകൾ അപ്പവും മുന്തിരിച്ചാറുമാണ്.

(2)പെസഹ ആചരിക്കുന്നവർ കാലിൽ ചെരിപ്പിട്ടും അരകെട്ടിയും വടിപിടിച്ചുംകൊണ്ട് (പുറപ്പാട് 12:11) കഴിക്കണം. കർതൃമേശക്ക് ഇത് ബാധകമല്ല.

(3) പെസഹ ഒരിക്കൽ മിസ്രയീമിൽ ആചരിച്ചു; പിന്നെ പുറപ്പെട്ടു. എന്നാൽ തിരുമേശ കർത്താവു വരുവോളം ആചരിക്കണം.

(4) പെസഹ ഒരിയ്ക്കൽ ആചരിച്ചു, പിന്നെ ഓർമ്മ മാത്രം. അന്ന് ഇറങ്ങിപ്പുറപ്പെട്ടതിന്റെ ഓർമ്മക്കായി യഹൂദന്മാർ പെസഹ ആചരിച്ചു. കർത്താവു നടത്തിയ തിരുമേശയുടെ ഓർമ്മയല്ല കർതൃമേശ. കാൽവറിയിൽ യാഗമായ ക്രിസ്തുവിന്റെ ഓർമ്മയാണ്. നമ്മുടെ പെസഹകുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തുതന്നേ (1 കൊരി 5:7).

(5) പെസഹ പെരുന്നാൾ ഉത്സവമാണ്. തിരുമേശ ഉൽസവമല്ല; കാൽവറിയിൽ രക്തം ചൊരിഞ്ഞ ക്രിസ്തുവിന്റെ അനുസരണം.

(6) പെസഹ ആചരണമെങ്കിൽ തിരുമേശ അനുഷ്ഠാനമാണ്

(7) പെസഹയിൽ രക്തം കട്ടളക്കാലിലും കുറുമ്പടി പുതിയനിയമത്തിൽ വിശ്വാസത്താൽ ഹൃദയങ്ങളിൽ ചോരത്തളി ആചരിച്ചു (എബ്രായർ 10:22)

8) തിരുമേശ കുർബ്ബാനയല്ല; കൊർബ്ബാൻ എന്ന വാക്കിന്റെ അർത്ഥം വഴിപാട് (മത്തായി 15:5) പക്ഷി വായ് പൊളിക്കുംപോലെ വായ് പൊളിച്ച് കൈക്കൊള്ളുവാനുള്ളതല്ല തിരുമേശ, കർത്താവിന്റെ അത്താഴം കുർബ്ബാനയല്ലാ.

മൂന്നു വിധത്തിലുള്ള മേശകളെക്കുറിച്ച് തിരുവെഴുത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. (1) കർത്താവിന്റെ മേശ (2) ഭൂതങ്ങളുടെ മേശ (3) മനുഷ്യരുടെ മേശ അഥവാ സൽക്കാരം

നിങ്ങൾക്കു കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല, നിങ്ങൾക്കു കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികൾ ആകുവാനും പാടില്ല (1 കൊരി. 10:21). ഭൂതങ്ങൾക്ക് ബലികഴിക്കുന്നതെല്ലാം ഭൂതങ്ങളുടെ മേശയാണ്. ജാതികളിൽ നിന്നും വിശ്വാസത്തിലേക്കു വന്നവർ വിഗ്രഹാർപ്പിതം കഴിക്കുവാൻ മടങ്ങിപ്പോയി. അതാണ് ഭൂതങ്ങളുടെ മേശ. അതുപോലെ പിതൃക്കൾക്കു വിളമ്പിമാറ്റി വയ്ക്കുക, ചാവൂട്ടുക എല്ലാം ഭൂതങ്ങളുടെ മേശയാണ്.

ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഭക്ഷണം കഴിപ്പാൻ കൂടുമ്പോൾ അന്യോന്യം കാത്തിരിപ്പിൻ (1 കൊരി 11:33) സൽക്കാരത്തെക്കുറിച്ചാണ് ഇവിടെ പൗലോസ് പ്രതിപാദിച്ചിരിക്കുന്നത് അല്ലാതെ തിരുമേശയെക്കുറിച്ചല്ല.

"എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്ന് ഇനി കുടിക്കയില്ല എന്ന് ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (മത്താ.26:29) ഇനി ഒരിക്കൽ യേശുവിനോടുകൂടെ സ്വർഗ്ഗത്തിൽ നാം പാനപാത്രം കുടിക്കും.

തിരുവത്താഴം രാത്രിയിൽ മാത്രമേ നടത്താവൂ എന്ന് ശഠിക്കുന്നവർ ഉണ്ട്. അത്താഴം എന്ന പദം കൂട്ടായ്മ (Fellowship)യെ കുറിക്കുന്നു. തിരുമേശയുടെ അവസാനഭാഗം രാത്രിയില്ലാത്ത സ്വർഗ്ഗത്തിൽ ആണ്. അതുകൊണ്ട് രാത്രിയിൽ വേണമെന്ന നിർബന്ധം പാടില്ല. ഞാൻ അവന്റെ അടുക്കൽ വന്ന് അവനോടും അവൻ എന്നോടുകൂടെ അത്താഴം കഴിക്കും (വെളിപ്പാട് 3:20). കർത്താവു വരുവോളം അനുഷ്ഠിക്കേണ്ട ഒന്നാണ് കർതൃമേശ.

കർത്താവ് ഇതുവരെയും മടങ്ങിവന്നിട്ടില്ല എന്നതിനു തെളിവാണ് തിരുമേശ. നാം കർത്താവുമായി ഉഭയസമ്മതത്തിലാണെന്ന് തിരുമേശ തെളിയിക്കുന്നു. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി തനിക്കുതന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചുകൊടുത്തു (എഫെസ്യർ 5: 26,27).

കർത്താവുമായി യാതൊരു ബന്ധവുമില്ലാത്ത വ്യക്തികൾ തിരുമേശയിലേക്ക് കൈനീട്ടുവാൻ പ്രേരിപ്പിക്കുന്ന ശുശ്രൂഷകർ കർത്താവിനെ കളിയാക്കുകയല്ലേ???

## കാലികം



സജി നെടുങ്കണ്ടം

# ഞങ്ങടെ ദാസൻ

ലോകത്തെ കീഴ്മേൽ മറിക്കാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ദൈവജനം തിരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യം തിരിച്ചറിയാതെ തലകീഴായ് മറിയുകയാണോ എന്ന് സംശയം തോന്നുന്നു. യേശുവിന്റെ ഒന്നാമത്തെ ശിഷ്യനായ പത്രോസ് ഒരു കഠിനാധ്വാനി ആയിരുന്നു. അതിന് തെളിവ് തിരുവചനത്തിൽ തന്നെ ഉണ്ട്. "രാത്രിമുഴുവൻ അധ്വാനിച്ചു ഒന്നും കിട്ടിയില്ല". (ലൂക്കോ:5:5) ഇവർ മടിയൻമാരായിരുന്നെങ്കിൽ പാതിരാ ആയിട്ടും ഒന്നും കിട്ടാതെ വന്നപ്പോൾ പിരിഞ്ഞു പോയേനെ. കിട്ടുന്നിടംവരെ അധ്വാനിക്കുക എന്നതായിരുന്നു പത്രോസിന്റെ ലക്ഷ്യം. ആ അധ്വാനശീലനായ പത്രോസ് ആ ലക്ഷ്യം പിറ്റേന്നാണെങ്കിലും പ്രാപിച്ചിട്ടാണ് വീട്ടിൽ പോയത്. ഇന്നല്ലാരു ശതമാനം പേരും മടിയൻമാരും അലസൻമാരും ആയി നടന്ന കാലത്ത് ഒടുവിൽ കണ്ടെത്തിയ ഉത്തമ ജോലിയാണ് ഉപദേശിപ്പണി. കേരള പെന്തക്കോസ്തു ചരിത്രം നാം വിചിന്തനം ചെയ്താൽ , മധ്യതിരുവിതാംകൂറിൽ കത്തിപ്പടർന്ന ഉണർവ്വ് പിന്നീട് മലങ്കരയാകെ പടർന്നു. ജോലിക്കും മറ്റുമായി തെക്കൻ കേരളത്തിലും ഹൈറേഞ്ച്, മലബാർ ഭാഗത്തും എത്തിയ അഭിഷേകം പ്രാപിച്ച വിശ്വാസികൾ ആരംഭം കുറിച്ച സഭകളാണിന്ന് ഏറെയും. വളർച്ചയുടെ പടവ് കയറിയ പല കൂടിവരവുകളിലേക്കും ദർശനമുള്ള നേതൃത്വം ഉപദേശിമാരെ അയ്ക്കുകയായിരുന്നു ചെയ്തിരുന്നത്. ആ നാളുകളിൽ പ്രാഥമീക സൗകര്യം ഒന്നും തന്നെ ഇല്ലാതിരുന്നിട്ടും പരാതി കൂടാതെ നാഥന്റെ വേല പലരും ചെയ്തിരുന്നു. ഹാളുപണിക്കു സ്വന്തമായി തമിർ അടിച്ച് പാറ പൊട്ടിച്ചവരും, കല്ലുചുമന്ന് തറകെട്ടിയവരും, ചെളികുഴച്ച് ചുടുകട്ട പിടിച്ച് സഭാഹാൾ പണിതവരും....; അങ്ങനെ അറിയാതെയും ആദരിക്കപ്പെടാതെയും കഠിന പ്രയത്നം നടത്തി സഭകൾ വളർത്തിയ എത്രയോ ഭക്തൻമാർ തിരശീലയ്ക്ക് അപ്പുറത്തേക്ക് പോയിരിക്കുന്നു. ഒരു പട്ടാളക്കാരനായി മരിച്ചാൽ അടക്കുന്നനേരം ഒരു വെടിയും വീട്ടിൽ തനിച്ചായ വിധവയ്ക്കും കുഞ്ഞിനും ശമ്പളത്തിന്റെ ഒരു വീതവും മുടങ്ങാതെയും ലഭിച്ചേനെ. ഇവിടുത്തെ പ്രസ്ഥാനം ആകട്ടെ; ഉപദേശി വീണു മരിച്ചാൽ പിറ്റേന്നു തന്നെ വിധവയെയും കുട്ടികളെയും പാഴ്സനേജിൽ നിന്നും ഇറക്കിവിടും. ഭർത്താവിന്റെ കാര്യം പിന്നെ ഓർമ്മയിൽ പ്പോലും ഇല്ല. മരണത്തിന് അപ്പുറവും ഓർക്കുന്ന ഒരു കർത്താവ് നമ്മുക്കുള്ളതുകൊണ്ട് തളരരുത്...., പ്രത്യാശയിൽ നിലനിൽക്കാം.

വിശ്വാസത്താലുള്ള വേല ഇന്ന് ഓർമ്മകൾ മാത്രം. ശമ്പളം കൊടുത്താൽപ്പോലും പുതിയ വേല സ്ഥലം തിരഞ്ഞെടുക്കാൻ ഇന്ന് ആളെ കിട്ടുന്നില്ല. വിശ്വാസത്തിന്റെ വേല ചെയ്തിരുന്നകാലത്ത് ആത്മാക്കളെ നേടാൻ വില കൊടുത്തിരുന്നു. വേതനം പറഞ്ഞുള്ള വേല ആയപ്പോഴും ആത്മാക്കളെക്കുറിച്ചുള്ള വേദനയുമില്ല; സഭ സ്ഥാപിക്കാത്തതിനൊട്ട് ഭാരവും ഇല്ല. പണ്ടുകാലങ്ങളിൽ ഒരാൾ വിശ്വാസത്തിൽ വന്നാൽ തികച്ചും ഉപദേശം പഠിപ്പിച്ച് ഉറപ്പിക്കുന്നതിൽ ഉപദേശിമാർ ശ്രദ്ധിച്ചിരുന്നു. ഇന്ന് ഉപദേശിമാരുടെ മോഹന വാഗ്ദാനം കേട്ടിറങ്ങിയ വ്യക്തിയെ പിടിച്ചു നിർത്താൻ വേണ്ടി ഉഷ്ണിക്കുകയാണ് പല വിരുതന്മാരും. കടം മാറും, രോഗം മാറും, വിവാഹം നടക്കും,സ്ഥലവില്പന നടക്കും, വിദേശത്ത് ജോലികിട്ടും,ഇങ്ങനെ എത്രയെത്ര മോഹനവാഗ്ദാനം തന്നാണ് പല തിനെയും പാരമ്പര്യത്തിൽ നിന്നും പുറത്ത് കൊണ്ടുവരുന്നത്. സുവിശേഷം കേട്ട് രക്ഷിക്കപ്പെടാത്ത ഇവറ്റകൾ പലനാൾ കഴിയുമ്പോൾ തനിസ്വരൂപം പുറത്തെടുക്കും. ഇവരെ പോഷിപ്പിക്കാൻ പിന്നെ പാപം ഉപദേശി പ്രവാചകന്മാരെ ഇറക്കുന്നതിലാക്കും ശ്രദ്ധ. പണം മോഹിച്ചു നടക്കുന്ന ഇന്നെത്തെ പല പ്രവാചകന്മാരും വിശ്വാസിയുടെ തലകുലുക്കി തകർപ്പൻ ആരാധന വെളിപ്പെടുത്തിയും മൂന്നാം നാൾ കിട്ടിയ കവറുമായി മുങ്ങുന്നു. കാലങ്ങ

04

# യോംഗി ചോയുടെ മുൻഗാമികൾ















വിവാദങ്ങളും സാമ്പത്തിക തട്ടിപ്പും കടക്കെണിയും അധാർമ്മികതയും മൂലം വിമർശനങ്ങൾ ഏറ്റു വാങ്ങേണ്ടി വന്ന മെഗാ പാസ്റ്റർമാരുടെ ഏറ്റവും ഒടുവിലത്തെ കണ്ണിയാണ് ഡേവിഡ് യോംഗി ചോ. സാമ്പത്തിക വെട്ടിപ്പിന്റെയും ദൂർത്തിന്റെയും ആഡംബരത്തിന്റെയും പേരിൽ ആരോപണവിധേയരായവരിൽ ധാരാളം മലയാളി സുവിശേഷകരമുണ്ട്. എന്നാൽ നിയമത്തിന്റെ മുമ്പിൽ പലപ്പോഴും പിടിപെടാതെ വഴുതിമാറുന്നു. നമ്മുടെ നിയമവ്യവസ്ഥയിലെ പഴുതുകളും രാഷ്ട്രീയ സ്വാധീനവുമൊക്കെ ഇക്കൂട്ടർ വിദഗ്ധമായി പ്രയോജനപ്പെടുത്തുന്നു.

### കോങ് ഹീ

കഴിഞ്ഞവർഷം ഒക്ടോബർ മാസത്തിൽ സിംഗപൂരിലെ ഏറ്റവും വലിയചർച്ച് (20000 അംഗങ്ങൾ) ആയ സിറ്റി ഹാർവെസ്റ്റ് സഭയുടെ പാസ്റ്റർ കോങ് ഹീ നാല് കോടി ഡോളർ സഭാ ഫണ്ടിൽ നിന്ന് അപഹരിച്ചതിന് കോടതി കയറി. അമേരിക്കയിൽ ഒരു പോപ് ഗായികയാവണം എന്ന പാസ്റ്ററുടെ ഭാര്യയുടെ സ്വപ്ന സാക്ഷാത്കാരത്തിനു വേണ്ടിയാണ് ഇദ്ദേഹം സഭാ ഫണ്ട് തട്ടിയെടുത്തത്. സൺ ഹോ എന്ന ഈ ഗായിക അൽപവസ്ത്രയായി ആൽബങ്ങളിൽ വന്നപ്പോൾ പാസ്റ്ററുടെ ഭാര്യയ്ക്ക് ഇത് യോജിച്ചതാണോ എന്ന് ചോദിച്ചപ്പോൾ സുവിശേഷം ജാതികളിൽ എത്തിക്കാൻ ഇതൊക്കെ ആവാം എന്ന് മറുപടി വന്നു.

### പാറ്റ് റോബർട്ട്സൺ

ടെലിഇവാഞ്ചലിസ്റ്റും മാധ്യമ ചക്രവർത്തിയുമായ പാറ്റ്റോബർട്ട്സണ്ണിനെതിരെയും സാമ്പത്തിക തട്ടിപ്പ് ആരോപിക്കപ്പെട്ടിരുന്നു. കോംഗോയിലെ ആഭ്യന്തരയുദ്ധത്തിൽപ്പെട്ട് ദുരിതം അനുഭവിക്കുന്നവർക്ക് വേണ്ടി പിരിച്ചെടുത്ത കോടികണക്കിന് ഡോളർ ആളുകളെ സഹായിക്കുന്നതിനു പകരം അവിടെയുള്ള ഖനികൾ വാങ്ങി കൂട്ടാൻ ആണ് ഉപയോഗിച്ചത്.

### ജോസഫ് പ്രിൻസ്

ജോസഫ് പ്രൻസ് എന്ന റാഡിക്കൽ ഗ്രെയ്സുകാരൻ പൗലോസിന്റെ ലേഖനങ്ങൾ മാത്രമേ വായിക്കുകയും, പഠിപ്പിക്കുകയും ചെയ്യൂ. ഈ ദുരുപദേശകന്റെ ചിന്താധാര അപ്പാടെ പകർത്താൻ കേരളത്തിലും ആളുണ്ടായി.

### ബെന്നിഹിൻ

ബെന്നിഹിന്നിന്റെ റോമിലെ യാത്രയിൽ കൂടെ ഉണ്ടായിരുന്ന കാമുകിയുടെ ഫോട്ടോ ലീക്ക് ചെയ്യപ്പെട്ടത് അന്ന് വാർത്തയായിരുന്നു. ഭാര്യയുമായുള്ള വിവാഹമോചനവും പുനർവിവാഹവും ഒക്കെ പെന്തക്കോസ്തുകാർ ഞെട്ടലോടെയും ബാക്കിയുള്ളവർ പരിഹാസത്തോടെയും സ്വീകരിച്ചു.

### റോബർട്ട് ഷൂളർ

ക്രിസ്റ്റൽ കത്തീഡ്രൽ പാസ്റ്റർ റോബർട്ട് ഷൂളർ പാപ്പരാവുകയും ഗ്ലാസുകൊണ്ടാക്കിയ മെഗാചർച്ച് കത്തോലിക്കാ സഭയ്ക്ക് വില്ക്കേണ്ടി വരികയും ചെയ്തു. ഒരു കാലത്ത് പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനങ്ങളുടെ മുകുടോദാഹരണമായ ക്രിസ്റ്റൽ കത്തീഡ്രൽ ഇന്ന് ഒരു കത്തോലിക്കാ പള്ളിയാണ്. ധൂർത്തും കുടുംബവാഴ്ചയും പതനത്തിന് വഴി തെളിച്ചു.

### റ്റെഡ് ഹഗ്ഗാർഡ്

കൊളറാഡോയിലെ ന്യൂ ലൈഫ് ചർച്ചിന്റെ പാസ്റ്റർ റ്റെഡ് ഹഗ്ഗാർഡ് സ്വവർഗ്ഗപ്രേമത്തിൽ അകപ്പെട്ടതും മയക്ക് മരുന്നിന് അടിമയായതും. ഒക്കെ വലിയ വാർത്തയായിരുന്നു. ഒരു നേതാവിന്റെ വിഴ്ച 2006-ൽ ദേശിയ വാർത്തയായിമാറി.

### ജിം ബേക്കർ

അഭിവൃദ്ധി സുവിശേഷത്തിന്റെയും ടെലി ഇവാഞ്ചലിസത്തിന്റെയും അപ്പൊസ്തലനായ ജിം ബേക്കറുടെ വീഴ്ച മറക്കാറായിട്ടില്ല.

### പാസ്റ്റർ കെ. എ. പോൾ

മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങളുടെ പട്ടിണി അകറ്റാൻ പിരിച്ചെടുത്ത പണം കൊണ്ട് ബോയിംഗ് വിമാനം വാങ്ങി പറന്നു നടന്ന സുവിശേഷകൻ കെ. എ. പോൾ ഒടുവിൽ സഹോദരനെ കൊന്ന കേസിൽ അകത്തായി. ഒപ്പം മാനസിക ആശുപത്രിയിലും പ്രവേശിക്കപ്പെട്ടു.

## 01 പാസ്റ്റർ പി. ജെ .ജെയിംസിന്റെ മറുപടി...

ർശിച്ച് എഴുതിയിരുന്നു.

കുക്ക് സായ്പിന്റെ ശതാബ്ദി ആഘോഷത്തെപ്പറ്റി ചോദിച്ചപ്പോൾ ശരിയായ ഉത്തരം നൽകാതെ റ്റി. എം. വർഗീസ് സാറിന്റെ കുടുംബത്തെ അപമാനിക്കാനാണ് ശ്രമിച്ചത്, "അരിയെത്ര എന്ന് ചോദിച്ചാൽ പയറഞ്ഞാഴി എന്ന് മറുപടി". ശതാബ്ദി സമ്മേളനത്തിന് തുരങ്കം വച്ചത് ആരാണെന്ന് എല്ലാവർക്കുമറിയാം. മുഖ്യധാര സഭകളെ – ഒഴിച്ചുനിർത്തി സ്വന്തം പിടിവാശിയാൽ ആഘോഷം പരാജയപ്പെടുകയാണ് ഉണ്ടായത്. ബംഗ്ലാവിൽ വച്ച് ടി. എം. വർഗീസ് സാറും, കെ. എം. തോമസും ചേർന്ന് സായ്പിനെ മർദ്ദിച്ചു എന്നാണ് ഭംഗ്യന്തരേണ ഓവർസിയർ പറഞ്ഞത്.

കുക്ക് സായ്പ് നിലത്തു വീണതും നെറ്റിമുറിഞ്ഞ് ചോരവന്നതും ഇപ്പോൾ എല്ലാവർക്കും ബോധ്യമായി. ഒരു അഭിമുഖത്തിൽ പങ്കെടുക്കുമ്പോൾ പുലർത്തേണ്ട പക്വതയും മാന്യതയും ഇവിടെ നാം കാണുന്നില്ല. ജോർജ് കുക്കിന് തുറന്നെഴുതാൻ ഇദ്ദേഹത്തെ ചുമതലപ്പെടുത്തിയത് ഏത് കൗൺസിലാണ്? ഏത് ഓവർസിയറാണ്? 50കൾക്ക് ശേഷം കുക്കിന്റെ കുടുംബത്തെ ദശങ്ങളിൽ കൊണ്ടുവരാത്തത് എന്തുകൊണ്ട്? എന്റെ കത്തിനുശേഷമാണ് ശാപം അഴിഞ്ഞത് എന്നു പറയുന്ന വ്യക്തി രണ്ടുവർഷം അത് എന്തുകൊണ്ട് മറച്ചു. പറയൂ? മുൻ ഓവർസിയർമാരെ ആക്ഷേപിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. കുക്ക് സായ്പ് പോയതിനുശേഷം സഭ വളർന്നു. കെട്ടിടങ്ങൾ, സ്ഥലങ്ങൾ, ബൈബിൾ കോളേജുകൾ എല്ലാം ലഭിച്ചു. വില്യം പോസ്പിസിൻ, ഡോറ പി. മയേഴ്സ്, കെയ്സ്, ഫ്രഞ്ച്, പോൾകുക്ക് തുടങ്ങിയവർ ഇവിടെ ഒന്നും ചെയ്തില്ലേ മുൻ ഓവർസിയർമാർ കഴിവ് കെട്ടവരോ? സ്വയം പുഴ്ത്തുന്ന പരീശന്മാർ പോലും ലജ്ജിച്ച് തല താഴ്ത്തും.

✷ 16 മാസത്തെ പ്രവർത്തന നേട്ടമാണ് ICTS നിർത്തിയതും സോണൽ പിരിച്ചു വിട്ടതുമെല്ലാം. 25 പുതിയ സഭകൾ ഉണ്ടായെന്നാണ് വാദം. മുണ്ടുകോട്ടക്കൽ സഭ, ബത്തേരി സഭ എന്നീ സഭകൾ പിളർന്ന കഷ്ണങ്ങളും. ഹരിപ്പാട് സഭയ്ക്കെതിരെ കേസുകൊടുത്ത് പുറത്തുപോയ വ്യക്തിയുടെ സഭയും, കുറ്റൂരിന് സമീപം ന്യൂ ഇൻഡ്യക്കാർ പുറത്താക്കിയ 'തുയഥൈര' സഭയുമാണ് പുതിയസഭകൾ. കഴിഞ്ഞ സ്ഥലം മാറ്റത്തിന് പിളർന്നതാണ് പുതിയ സഭകൾ. ഈ സ്ഥലം മാറ്റം കഴിയുമ്പോൾ പുതിയ 25 സഭകൾ കൂടി ഉണ്ടാകും. തുടരും.....

## ഉപവാസ പ്രാർത്ഥന

**തിരുവനന്തപുരം:** 2014 ഏപ്രിൽ 6 ഞായർ മുതൽ 26 ശനി വരെ കാട്ടാക്കട കുടപ്പനമൂട് ഐ. പി. സി. പെനിയേൽ ചർച്ചിൽ വച്ച് 21 ദിവസത്തെ ഉപവാസ പ്രാർത്ഥനയും വിടുതൽ ശുശ്രൂഷയും നടക്കുന്നു. അനുഗ്രഹീത ദൈവദാസന്മാരായ പാ. ശാമുവേൽ (നെയ്യാറ്റിൻകര), പാ. ക്രിസ്തുദാസ് (കുടപ്പനമൂട് ), പാ. ബൈജു (കുടപ്പനക്കുന്ന്), സിസ്റ്റർ ലൈല (നെയ്യാറ്റിൻകര), പാ. ജോയി (കുടപ്പനമൂട്), പാ. ബിനിൽ (അമരവിള), പാ. സെൽവിൻ സിംഗ് (നാഗർകോവിൽ), പാ. ഐ. റ്റി. ജോൺ (വെള്ളറട), പാ. എസ്. അജികുമാർ (ബാലരാമപുരം), ബ്ര. ജയ്സൺ സോളമൻ (തിരുവനന്തപുരം), പാ. സുനിൽ (മരുതൂർ), പാ. പി. കെ. ജോസ് (തിരുവനന്തപുരം), പാ. യേശുദാസ് (കാട്ടാക്കട) പാ. രജീഷ് (മൈലക്കര), പാ. ജോബി റ്റി. അലക്സ് (കോട്ടയം), പാ. ചാൾസ് (പാറശാല), പാ. സത്യനേശൻ (വെഞ്ഞാറമൂട്), പാ. റിജു ( അന്തിയൂർക്കോണം), പാ. ബിജു തോമസ് (കൊല്ലം), പാ. സതീഷ് നെൽസൻ (കാട്ടാക്കട), പാ. എൻ. വിജയകുമാർ (കാട്ടാക്കട) എന്നിവർ ശുശ്രൂഷിക്കുകയും പാ. എൻ. വിജയകുമാർ (കാട്ടാക്കട )ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

Please Visit Us
www.beljourn.com / www.beljourn.in

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 05
RNI. NO. KERMAL/2008/26530 POSTAL REG. NO. KL/7LA/225/2012-14

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
10/03/2014

## മാധ്യമവിചാരം

# പോൾ ഡേവിഡായി, ഡേവിഡ് ജയിലിലായി



അനിൽ കൊടിത്തോട്ടം
9495733727

**ആ**ൾ ദൈവങ്ങളുടെ അരമനരഹസ്യങ്ങൾ അങ്ങാടിപ്പാട്ടാവുകയാണ്. മനംപുരുട്ടുന്ന വാർത്തകൾകൊണ്ട് അകത്തളങ്ങളിൽ നടമാടുന്ന രഹസ്യങ്ങൾ പുരമുകളിലും ഘോഷിക്കപ്പെടുന്നു. ഇതൊന്നും കണ്ടില്ലെന്ന് നടിക്കാൻ ഭരണകൂട യജമാനന്മാർക്കും പിണിയാളുകൾക്കുമേകഴിയൂ. ഇപ്പോൾ ഇതാ ഒരു അസംബ്ലീസ് ഓഫ് ഗോഡ് ആൾദൈവവും പിടിക്കപ്പെട്ടിരിക്കുന്നു. സാക്ഷാൽ യോംഗി ചോ! പത്തുലക്ഷംപേർ അംഗങ്ങളായുള്ള ലോകത്തിലെ ഏറ്റവും വലിയ പ്രാദേശിക സഭയുടെ പാസ്റ്റർ (ലോകത്തിലെങ്ങും പത്തുലക്ഷം പേർക്ക് അണിനിരത്താനാവുന്ന മൈതാനങ്ങളോ ആഡിറ്റോറിയങ്ങളോ ഇല്ലെന്ന പരമാർത്ഥമൊന്നും ആർക്കും ശ്രദ്ധിക്കേണ്ടതില്ലല്ലോ). ജനലക്ഷങ്ങളെ ആകർഷിക്കുന്ന പ്രസംഗകനായാണ് യോംഗി ചോ അവതരിപ്പിക്കപ്പെട്ടത്. ഇത്തരക്കാർക്കെല്ലാം സഹജഗുണങ്ങളായി പറയപ്പെട്ടുകേൾക്കുന്ന രോഗശാന്തിയും ഭൂതപ്രേതാദി പിശാചുക്കളുടെ ഉച്ഛാടനവുമെല്ലാം സ്വഭാവികമായി യോംഗി ചോയും പുറത്തെടുത്തിരുന്നു. പെന്തക്കോസ്ത് അഖിലലോക സമ്മേളനം എന്ന പേരിൽ കോട്ടയം നാഗമ്പടത്ത് യോംഗി ചോ വന്നത് ഓർക്കുമല്ലോ? കൊറിയൻ നൃത്തവും പാട്ടുമൊക്കെയായി ഇന്നത്തെ ന്യൂജനറേഷൻ പരിപാടികളെ അനുസ്മരിപ്പിക്കുംവിധമുള്ള ചോയുടെ ഗായകസംഘവും ഒപ്പം ഉണ്ടായിരുന്നു. സംഘാടകർ നന്നേ ഷൈൻ ചെയ്തു. അന്നാണ് അദ്ദേഹത്തിന്റെ ജീവചരിത്രം സാംകുട്ടി ചാക്കോ എഴുതി പ്രകാശനം ചെയ്യുന്നത്.

സാംകുട്ടി ഏതെങ്കിലും ഒരാളെ ഇങ്ങനെ പ്രകീർത്തിച്ചിട്ടുണ്ടെങ്കിൽ അവരെല്ലാം ക്രൈസ്തവസമൂഹത്തിന് പണികൊടുക്കുന്ന ഊടായിപ്പുകാരന്മാരാണെന്ന് പിന്നീട് തെളിഞ്ഞിട്ടുണ്ട്. മഹേഷ് ഭുപതി, ഹാൻസി ക്രോണ്യേ, റോബിൻ ഉത്തപ്പ ഇങ്ങനെ എത്ര വമ്പൻ സ്രാവുകളെ സാംകുട്ടി ചാക്കോ വിശുദ്ധന്മാരായി പ്രഖ്യാപിച്ചിട്ടുണ്ട്. അവർക്കെല്ലാം പിൽക്കാലത്ത് എന്തു ഭവിച്ചെന്ന് വായനക്കാർക്ക് അറിയാമല്ലോ. സാക്ഷാൽ തങ്കുവും വഴുവഴുപ്പിലാണ് നിൽക്കുന്നത്. ഉത്തരവാദിത്വ ബോധവും പ്രലോഭനങ്ങൾക്ക് വഴങ്ങാത്ത നിയമനിർവ്വഹണ സംവിധാനങ്ങളും ഉള്ള ഒരു നാട്ടിലായിരുന്നു തങ്കുവെങ്കിൽ അദ്ദേഹത്തിനും യോംഗിചോയുടെ അവസ്ഥ വരുമായിരുന്നു.

ക്രൈസ്തവചിന്തയാണ് ലീഡ് ന്യൂസായി ചോയുടെ സാമ്പത്തിക തട്ടിപ്പ് കൊറിയൻ കോടതി കണ്ടെത്തിയതും ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടതുമായ വസ്തുത തരക്കേടില്ലാതെ പ്രസിദ്ധീകരിച്ച ക്രൈസ്തവ പത്രം. ഒപ്പം തന്നെ ചുമ്മാ ഡോക്ടറുമാർക്കെതിരെ എന്തൊക്കെയോ ചെയ്യും എന്ന ഭീഷണിയുമായി അജി ജോർജ്ജ് വാളകം ക്രൈസ്തവചിന്തയിൽ കത്തിക്കയറുന്നു. കെ. പി. യോഹന്നാൻ മുതൽ പി. പി. ജോബുവരെയുള്ള മഹാന്മാരെല്ലാം തന്നെ ഡി.ഡി എന്ന ഹോണററി ഡോക്ട്രേറ്റ് ഉള്ളവരാണ്. പി. ജി. വർഗീസിനും ലില്ലിക്കും വടക്കേ ഇന്ത്യ വഴി കഷ്ടപ്പെട്ടുനടന്നു എന്ന കാരണം ചുമത്തി ഏതോ തട്ടുകട ബൈബിൾ കോളജ് ഡോക്ട്രേറ്റ് നൽകി. വേദികളിൽ നിൽക്കുമ്പോൾ താൻ ഡോക്ടറല്ല, തനിക്ക് അതിനുള്ള യോഗ്യതകളുമില്ല, തന്നോടുള്ള ആദരസൂചകമായി ആരോ തന്നതാണ് എന്ന് തട്ടിവിടുന്ന പി. ജി, പക്ഷെ പുസ്തകങ്ങളിലും മാസികളിലുമെല്ലാം ഡോ. എന്ന് പേരിനൊപ്പം എഴുതിവെയ്ക്കാറുണ്ട്. പണം കൊടുക്കുന്ന ആർക്കും ഡിഗ്രി നൽകുന്ന ജറുശലേം യൂണിവേഴ്സിറ്റി എന്നൊരു സ്ഥാപനത്തിന്റെ പരസ്യം ചില പ്രസിദ്ധീകരണങ്ങളിൽ കാണാറുണ്ട്. തോമസ് മാമ്മന് ഡോക്ടറേറ്റ് നൽകിയ മഹാൻ സ്വന്തം പേരിൽ നിന്നു ഇപ്പോഴത് എടുത്തുകളഞ്ഞു. പത്തൊമ്പതാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് സാഹിത്യവും ഇരുപതാം നൂറ്റാണ്ടിലെ മലയാള സാഹിത്യവും എന്ന പേരിൽ ഗവേഷണ പ്രബന്ധം എന്ന മട്ടിൽ എന്തോ എഴുതി മലയാളവും

09

### അറിയിപ്പ്

തീരെ മനോനില തകർന്നവർ, ക്ഷിപ്രകോപികൾ, നേതാക്കന്മാരുടെ വിടുപണിചെയ്യുന്നവർ, അവരുടെ ഫാൻസുകൾ ഈ കോളം വായിക്കരുത്.

ഇതിലെ ആശയങ്ങൾക്ക് പൂർണ്ണമായ ഉത്തരവാദിത്വം ലേഖകനാണ്. നിങ്ങളുടെ വിയോജിപ്പുകൾ ലേഖകനോട് നേരിട്ടറിയിക്കുക. മാന്യവും ആത്മനിയന്ത്രണവും പാലിച്ചുള്ള പ്രതികരണങ്ങളോട് തിരിച്ചും ക്രിയാത്മകമായി പ്രതികരിക്കും. പരാമർശങ്ങളിൽ ബോധപൂർവ്വമല്ലാതെ തെറ്റുകൾ ഭവിക്കാം. അതും തുറന്നുകാട്ടിയാൽ തിരുത്തുന്നതാണ്. സഭ്യമല്ലാത്ത നിലവാരത്തിൽ പ്രതികരിക്കുന്നവരുമായി ഇടപാടുകൾ ഉണ്ടാകുന്നതല്ല. പത്രാധിപരെ ഇക്കാര്യത്തിൽ വിളിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ഗുണമൊന്നുമുണ്ടാകയില്ല.

– ലേഖകൻ

34 വർഷമായി കൊയ്ത്തുകാരെ ( മത്തായി 9:37, ലൂക്കോസ് 10:2) പരിശീലിപ്പിക്കുന്ന ഒരു ഉത്തമ സ്ഥാപനം

പെനിയേൽ ബൈബിൾ സെമിനാരി
& മിഷനറി ട്രെയ്നിംഗ് സെന്റർ
കീഴില്ലം, എറണാകുളം–683 541, കേരളം

M.Div., B.Th. & Dip.Th. ARE ACCREDITED BY ASIA THEOLOGICAL ASSOCIATION (ATA)

| കോഴ്സുകൾ | വർഷം | യോഗ്യത |
|---|---|---|
| **M. Div.** (Eng.) | 2/3 | B.Th (ATA) / Equi. / B.A/B.Sc./ B.Com./Equivalent |
| **B.B.S. / M.B.S.** (Eng.) | 3/ 2 | Able to study in English / Matuare Candidate |
| **B. Th.** (Eng.) **B.A.*** | 3 | PDC/PUC/+2 Pass/Dip.Th(ATA) |
| **Dip.Th.** (Eng. / Mal.) | 2/3 | 10 Pass/ Equivalent |
| **Dip.B.S.** (Eng. / Mal.) | 3 | Special Candidates |
| **Certificate** (Eng. / Mal.) | 1 | |

* From recognized University

- വിവാഹിതർക്ക് കുടുംബമായി (കുട്ടികളുള്ളവർക്കും) ഒരുമിച്ച് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം (ഫാമിലി ക്വാർട്ടേഴ്സ്)
- അർഹതയുള്ളവർക്ക് വർക്ക് സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം.
- മികച്ച ആത്മീക അന്തരീക്ഷത്തിൽ വേദശാസ്ത്ര പഠനവും പ്രായോഗിക പരിശീലനവും.
- ആത്മീക അനുഭവ സമ്പന്നരും ബിരുദധാരികളുമായ അദ്ധ്യാപകർ.
- വിപുലമായ ലൈബ്രറി സൗകര്യം
- പൂർവ്വവിദ്യാർത്ഥികൾ, ഐ.പി.സി., എ.ജി., ചർച്ച് ഓഫ് ഗോഡ്, ശാരോൻ, ന്യൂ ഇന്ത്യ ബൈബിൾ ചർച്ച് ആദിയായ സഭാ പ്രവർത്തനങ്ങളിലും ഒ.എം., എച്ച്.എം.ഐ., ട്രൈബൽ മിഷൻ, ക്യാംമ്പസ് ക്രൂസേഡ്, എവരി ഹാം ഫോർ ക്രൈസ്റ്റ്, ഗ്ലോബൽ ഡിസൈപ്പിൾസ് തുടങ്ങിയ മിഷനറി സംഘടനകളിലും ഇന്ത്യയിലും വിദേശരാജ്യങ്ങളിലും കർതൃശുശ്രൂഷയിൽ പ്രയോജനപ്പെടുന്നു.

ഇന്റർവ്യൂവിന് ക്ഷണിക്കുന്നു.
മാർച്ച് 8, 15, 22, 29ഏപ്രിൽ : 2, 8, 22
മെയ് 13, 27 തീയതികളിൽ

• അനുഭവ സാക്ഷ്യം എഴുതിയത്. •
• സഭാശുശ്രൂഷകനിൽ നിന്നും ശുപാർശ കത്ത്. •
• പാസ്പോർട്ട് സൈസ് ഫോട്ടോ (2 കോപ്പി). •
• വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന •
• സർട്ടിഫിക്കറ്റുകളും കോപ്പികളും •
• എന്നിവ സഹിതം നേരിട്ട് ഹാജരാകുക. •

വഴി വിവരം: മൂവാറ്റുപുഴ-പെരുമ്പാവൂർ K.S.R.T.C.റൂട്ടിൽ (എം.സി.റോഡ്) കീഴില്ലം മെയിൻ കനാൽ സ്റ്റോപ്പ്

ക്ലാസ്സുകൾ മെയ് മാസം ആരംഭിക്കുന്നു

പ്രോസ്പെക്റ്റസിനും അപേക്ഷാഫോറത്തിനും 50 രൂപ മണി ഓർഡർ അയയ്ക്കുക.
പെനിയേൽ ബൈബിൾ സെമിനാരി,
കീഴില്ലം പി. ഒ., എറണാകുളം–683 541
ഫോൺ–0484- 2653070, 2654775, 9745437224
Email: pbskeezhillam@yahoo.com

മറ്റു ശുശ്രൂഷകൾ : • പെനിയേൽ അക്കാഡമി (CBSE) • പെനിയേൽ ചിൽഡ്രൽസ്ഹോം • ഗുഡ്ന്യൂസ്കൺവൻഷൻ • പെനിയേൽ വോയ്സ് • ഫിലിം മിനിസ്ട്രി

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.